1413

ബനിറേറാ

# മുസോലിനി.

---

ഡാക്ടർ ടി. ആർ. കെ. പിഷാരോടി.

A 1

ST. ALOYSIUS' E. H. SCHOOL, QUILON.
LIBRARY.
Section Malayalam Prose
No. 267

നം: 267

1413

ബനിറേറാ

# മുസോലിനി.

അഥവാ

(ഇററലിയിലെ പ്രസന്നതിലകം.)

ENGLISH HIGH SCHOOL

ഗ്രന്ഥകൎത്താ:

വിധിവിലാസം, കാക്കരെക്കസ്സ്മം, അംഗനാരഹസ്യം,
വിനായകസവക്ക്ർ മുതലായതുകളുടെ കൎത്താവായ

ഡാക്ടർ ടി. ആർ. കെ. പിഷാരോടി.

1104.

Copy-right വില പന്ത്രണ്ടണ.

ഒന്നാംപതിപ്പ് കോപ്പി 1000.
തൃശ്ശിവപേരൂർ മംഗളോദയം അച്ചുകൂടത്തിൽ
അച്ചടിച്ചത്.

"സന്ദേഹം വേണ്ടപരനുപകാര
ത്തിനാകാത്തതെങ്കിൽ
കിം ദേഹം കൊണ്ടൊരു ഫല
മിഹപ്രാണിനാം ക്ഷോണിതന്നിൽ"

---

സ്നേഹം, ദയ, ധൈ
ൎയ്യം, സൌശീല്യം, പ്രഭു
ത്വം മുതലായഗുണങ്ങൾക്കു വി
ളനിലമായ ഒരു മാന്യനും, പരിചയ
പ്പെട്ടമുതൽക്കു എനിക്കത്യന്തം വാത്സല്യജ
നകങ്ങളായ ഉപദേശങ്ങൾ തന്നുകൊണ്ടിരിക്കുന്ന
ഒരു ദേഹവും, എന്റെ പ്രിയപിതാവിന്റെ
നിൎയ്യാണശേഷം എന്റെ പിതൃഭക്തിക്കി
ടംകൊടുക്കപ്പെട്ട ഒരു ശ്രേഷ്ഠതനു
വിന്റെ ഉടമസ്ഥനുമായ
എന്റെ ശ്വശുരൻ
ശ്രീമാൻ
കണ്ണമ്പ്ര മാധവനുണ്ണി വലിയ നായര
വർകൾക്കു് ഈ ചെറുപുസ്തകത്തെ ഞാൻ
ഭക്തിബഹുമാനപുരസ്സരം സമ
ൎപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകൎത്താ: ഡാക്ടർ ടി. ആർ. കെ. പിഷാരോടി.

ENGLISH HIGH SC

# PREFACE.

The most arresting figure in international politics in the modern day is Benito Mussolini. To some adverse critics of this most interesting person, Mussolini may appear no better than a pure political adventurer just trying to raise himself at the expense of others. But even his opponents offer fitting tribute to his remarkable command over men.

Now Italy holds a prominent place amongst the great powers of Europe. A decade back, she was a back number, in European politics. The contribution of Fascisem towards the revival of the glory of the ancient Roman Empire is certainly the contribution of Mussolini. The story of his romantic life is full of lessons for young and old alike. It has its special application to modern India where only a dictator like Mussolini is needed for better conditions to prevail.

My friend Dr. T. R. K. Pisharody is specially to be congratulated in his endeavour to introduce Mussolini to the public of Kerala. He has shown in his book, intimate knowledge of every minor detail of the Dictator's life. This biography emphasizes those aspects of Mussolini's remarkable carreer which have a particular appeal to young er

minds. My friends' sketch of Mussolini's life is through out sympathatic, I am even disposed to remark that the defects of the Fascist movement have not been fully brought out. But in the general excellence of the book, such minor ommissions do not matter.

I hope the Malayalam reading public will so encourage Dr. Pisharody as to enable him to bring out such publications in the near future.

A. L. Krishnan. M. A. (Hons)
*Lecturer;*
*Sree Meenakshi College*
*Chidambaram.*

TRICHUR,
15—5—1929.

'History is the essence of innumerable biographies' says Carlyle, and a nation's history is the history of its great men. Unfortunately our country is lacking in the number of great men who will help to raise her to her ancient and pastime glory. We have to look around us, therefore, to study the lives of the heroes of other countries today to learn the virtues necessary to build up our nation. Mussolini is the greatest of the heroes of the modern day who has unified and consolidated the diversifying elements among the Italian people.

In this little brochure, my friend Dr. T. R. K. Pisharody L. C. P. S., L. M. S. (C. H. c) has sketched the life of Mussolini in a lucid maner laying emphasis on its lessons for us. They are now within easy reach of the Malayalam knowing public and it is my fervent hope that a study of this book will help to create a new Kerala and a new India altogether.

TRICHUR,
2—5—1929.

*P. Ramanathan M. A.*
*Lecturer,*
*St. Thomas College,*
*Trichur.*

# മുഖവുര

യഥാൎത്ഥസ്വരാജ്യസ്നേഹം യാതൊരു മനുഷ്യനിൽ അങ്കുരിച്ചുകാണുന്നുവോ, ആ മനുഷ്യനിൽ സ്വാൎത്ഥതല്പരതകൾ തീരെ ഇടം ഉണ്ടാകുകയില്ലെന്നു, ആൎക്കും സ്വാഭിപ്രായപ്പെടാവുന്നതാണ്. ഈ ചെറുഗ്രന്ഥത്തിലെ നായകനായ സീനിയോർ മുസോലിനി എന്ന മഹാൻ, അയാളുടെ സ്വരാജ്യമായ ഇററലിക്കുവേണ്ടി, ജീവനെ കൂടിയും തൃണവൽക്കരിച്ചു്, അനവരതം പ്രയത്നങ്ങൾ ചെയ്തതിൻെറ ഫലമായി, ഇന്നു അദ്ദേഹത്തിന്നും ഇററലിക്കും ലോകത്തിൽ ഒരു ശ്രേഷ്ഠപദവിക്കൎഹത ലഭിച്ചു. ഇന്നു ലോകത്തിൽ കണ്ടുവരാറുള്ള ചില സ്വദേശാഭിമാനികളുടെ കൂട്ടത്തിൽ നമ്മുടെ ചരിത്രനായകനെ കണക്കാക്കിയാൽ പോരെന്നാണ് ഇയ്യുള്ളവൻ അഭിപ്രായപ്പെടുന്നതു. ഒരു രാജ്യത്തിൻെറ ഉന്നതപദവിക്കോ, അല്ലാ, മററുവല്ല കാൎയ്യസാദ്ധ്യത്തിനോ, ഒരുവൻ പരിശ്രമങ്ങൾ നടത്തുന്ന അവസരത്തിൽ അടിക്കടി പരാജയങ്ങൾ വന്നുകൊണ്ടിരുന്നാൽ, മനഃശക്തിയും ധൈൎയ്യവും ധാരാളമില്ലാത്ത ഒരുവൻ, അയാളുടെ പരിശ്രമങ്ങളിൽനിന്നു പിൻവലിച്ചു കാണാറാണ് പതിവു. എന്നാൽ മുസോലിനിയുടെ സ്വരാജ്യസ്നേഹത്തിൻെറ നിഷ്കളങ്കതനിമിത്തം ഇററലിയുടെ ശ്രേയസ്സിനുവേണ്ടി അയാൾ ചെയ്തിരുന്ന പരിശ്രമങ്ങളുടെ ആദ്യകാലത്തു അടിക്കടി വന്നുചേൎന്നിരുന്ന പരാജയങ്ങളെ അയാൾ ഗണ്യമാക്കാതെ വീണ്ടും വീണ്ടും അക്ഷീണനായി പൂൎവ്വാധികം ശക്തി

യോടുകൂടെ പരിശ്രമങ്ങൾ നടത്തി വരികയാണുണ്ടായതു. ഇതിൽ നിന്നാണു മുസോലിനിയുടെ യഥാൎത്ഥമായ സ്വരാജ്യസ്നേഹം ലോകത്തിന്നറിവാൻ ഇടയായതു.

ഒരു രാജ്യത്തിൻെറ പൂൎവ്വചരിത്രം ആ രാജ്യനിവാസികൾക്കു അവശ്യം അറിഞ്ഞിരിക്കേണ്ടതാണെന്നു ബനിറ്റോ മുസോലിനി തെളിയിക്കുന്നു. ഒരു കാലത്തു ലോകമെങ്ങും പ്രസിദ്ധിസമ്പാദിച്ച റോമാക്കാരുടെ വൎഗ്ഗക്കാരായ ഇന്നത്തെ ഇററലിക്കാൎക്കു അവരുടെ പൂൎവ്വമഹിമയെ മറന്നു പോകുവാൻ ഇടയാകുകയാൽ അനുഭവിക്കേണ്ടിവന്ന കഷ്ടാവസ്ഥയെ, നമ്മുടെ ചരിത്രനായകനായ ബനിറ്റോ മുസോലിനിക്കു യഥാകാലത്തു അറിവാനിടയാകുകയും, അയാളുടെ സ്വരാജ്യനിവാസികളുടെ ഉള്ളിൽ മറന്നുപോയ പൂൎവ്വമഹിമയെ പുനരുജ്ജ്വലിപ്പിച്ചു, അവരുടെ സഹായസഹകരണങ്ങളോടുകൂടി സ്വരാജ്യമായ ഇററലിയെ പുനരുദ്ധരിപ്പിക്കുവാനും ഇടയായി. കേരളീയരായ നമ്മുടെ പൂൎവ്വികന്മാരുടെ മഹിമയെ നാമെല്ലാവരും ഒന്നുപോലെ മറന്നിരിക്കുന്ന ഇക്കാലത്തു, ഇററലിയിലെ ബനിറ്റോ മുസോലിനിയെപ്പോലെയുള്ള ഒരു മഹാൻെറ ജീവചരിത്രം വായിപ്പാനിടയാകുന്നതായാൽ, കേരളീയരായ നമുക്കു കുറച്ചെങ്കിലും ഒരു ഇളക്കം തട്ടിയെങ്കിലോ, എന്നാശിച്ചും, അതിന്നായി പ്രാൎത്ഥിച്ചുമാണു് ഞാൻ ഈ ഗ്രന്ഥത്തെ പ്രസിദ്ധപ്പെടുത്തുവാൻ തീൎച്ചപ്പെടുത്തിയതു.

ഈ ഗ്രന്ഥരചനക്കു എന്നെ കലശലായി പ്രേരിപ്പിക്കുകയും, ആ പ്രവൃത്തിയിൽ എന്നെ അത്യന്തം യഥാൎത്ഥസ്നേഹത്തോടുകൂടെ സഹായിക്കുകയും ചെയ്തശ്രീമാൻ

കിഴക്കെ പിഷാരത്തു രാമപിഷാരടി അവർകളോടു, ഈ സന്ദർഭത്തിൽ എന്റെ ഹൃദയംഗമമായ വന്ദനം ഞാൻ പറഞ്ഞു കൊള്ളട്ടേ.

ഈ പുസ്തകത്തിന്നൊരവതാരിക എഴുതിത്തന്ന എന്റെ സ്നേഹിതൻ ശ്രീമാൻ എ. എൽ. കൃഷ്ണൻ അവർകളോടും, ഈ പുസ്തകത്തെക്കുറിച്ചു ഒരു അഭിപ്രായം എഴുതിത്തന്ന ശ്രീമാൻ പി. രാമനാഥനവർകളോടും എന്റെ പ്രത്യേക വന്ദനത്തെ പറഞ്ഞുകൊള്ളുന്നു.

പ്രസ്തുതഗ്രന്ഥത്തെ അതിവേഗത്തിൽ എത്രയോ വൃത്തിയായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ ഇടയാക്കിതന്ന മംഗളോദയം അച്ചുക്കൂടഭാരവാഹികളോടും എന്റെ പ്രത്യേകവന്ദനത്തെ പറഞ്ഞുംകൊണ്ടു ഞാൻ തൽക്കാലം മുഖവുരയെ അവസാനിപ്പിക്കുന്നു.

എന്നു ഗ്രന്ഥകർത്താ,

തൃശ്ശിവപേരൂർ. 1-10-1104 } ഡാക്ടർ ടി. ആർ. കെ. പിഷാരടി.

# ശുദ്ധപത്രം.

| ഭാഗം | വരി. | അബദ്ധം | സുബദ്ധം |
|---|---|---|---|
| 4 | 117 | ഈ | ആ |
| 7 | 2 | സദാസമയങ്ങളിലും | സദാസമയവും |
| ടി. | 4 | പിരാക്രമങ്ങളെ | പരാക്രമങ്ങളെ |
| 15 | 5 | പ്രവൃത്തിയിൻനിന്നു | പ്രവൃത്തിയിൽനി |
| 17 | 4 | പറഞ്ഞുകൊണ്ടു | പറഞ്ഞു (ന്നു |
| 22 | 7 | നിഷേധിക്കുകയും | ആക്ഷേപിക്കുകയും |
| 24 | 24 | പത്രാധിപക്കുറുപ്പു | പത്രാധിപക്കുറിപ്പു |
| 25 | 14 | ഇണ്ടായി | ഇടയായി |
| ടി. | 18 | ലാവിദ്യ | കലാവിദ്യ |
| 35 | 23 | സോഷ്യാലിസ്റ്റിക്ക് | സോഷ്യാലിസ്റ്റ് |
| 39 | 13 | രണ്ടും | രണ്ടു |
| 42 | 15 | ആന്താരമായി | ആന്തരമായി |
| 51 | 13 | ഗിയോലിനി | ഗിയോലിററി |
| 52 | 2 | പാർലിയമണ്ടു | പാർലിമണ്ടു |
| 54 | 5 | പാൽക്കോ | ബനിറേറാ |
| 66 | 14 | സഹായിയോടും | സഹായിയോടു |
| 75 | 13 | വിസ്മരിച്ചുപറവാൻ | വിസ്ഥരിച്ചുപറവാ |
| ടി. | 22 | കടക്കുകയും | നടക്കുകയും (ൻ |
| 82 | 13 | ബറിറേറാ മുസോ (ക്കോനി | ബനിറേറാ മുസോ (ലിനി |

മുസോലിനി എന്ന ഉച്ചാരണം യഥാത്ഥമല്ലെന്നു ഒരു സമയം വന്നേക്കുമെങ്കിലും, മലയാളഭാഷയിൽ ആ നാമത്തിനു ഉണ്ടായിക്കണ്ട ശ്രവണസുഖത്തെമാത്രം കാത്തുകൊണ്ടാണു ആ നാമത്തെ സ്ഥിരപ്പെടുത്തിയതു.

# മുസോലിനി

## ഒന്നാം അദ്ധ്യായം.

യഥാൎത്ഥമായ സ്വരാജ്യസ്നേഹം, സ്ഥിരോത്സാഹം, ധൈൎയ്യം, പരോപകാരതല്പരത മുതലായ ഗുണങ്ങൾ അടങ്ങിയ ഒരു പുരുഷന്നു് അയാൾ ജനനത്തിൽ എത്രതന്നെ നികൃഷ്ടാവസ്ഥയിലായിരുന്നാലും, ഭാവികാലത്തു, ഉന്നതപദവിയിൽ എത്തിച്ചേരുവാൻ സാധിക്കുമെന്നു് ഈ ഗ്രന്ഥത്തിലെ നായകനായ ബനിറ്റോ മുസോലിനി എന്ന മഹാപുരുഷൻ പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. അൎജ്ജുനൻ, കൎണ്ണൻ, ഭീഷ്മർ മുതലായ പുരാണപുരുഷന്മാരുടേയും, പ്രതാപസിംഹൻ, നെപ്പോളിയൻ, വാഷിംഗ്ടൺ മുതലായ ചരിത്രനായകന്മാരുടേയും ജീവചരിത്രങ്ങളെ പാരായണം ചെയ്യുന്നതു ലോകത്തിന്നുപകാരപ്രദമായിരിക്കുമെന്നുള്ളതുപോലെ തന്നെ മുസോലിനി എന്ന മഹാന്റെ ജീവചരിത്രത്തിന്നും മാഹാത്മ്യം കല്പിക്കാവുന്നതാണു്. നമ്മുടെ കഥാനായകന്റെ ജനനസ്ഥലം ഇറ്റലിയിൽ റോമാഗ്നാ എന്ന ജില്ലയിലായിരുന്നു. ആ ജില്ലയിലെ നിവാസികൾക്കു സാധാര

ST. ALOYSIUS ENGLISH HIGH SCHOOL QUILON.

ണയായി കണ്ടുവരുന്ന അലസത മുസോലിനിയിൽ കാണുവാൻ ഇടയാകാത്തതുകൊണ്ട്, അയാളെ ചെറുപ്പകാലത്തുതന്നെ മററുള്ളവരിൽനിന്നു വ്യത്യസ്തപ്പെടുത്തി കാണിച്ചു. കുട്ടിക്കാലം മുതൽക്കതന്നെ മുസോലിനി അയാളുടെ ചങ്ങാതിമാരുടെ ഇടയിൽ, അയാളുടെ ആജ്ഞാശക്തി ഉപയോഗിച്ചുതുടങ്ങിയിരുന്നു. ബാലനായ മുസോലിനിയുടെ ചുണയുള്ള സ്വഭാവം അക്കാലത്തുതന്നെ അയാളുടെ കളികളിൽക്കൂടി കണ്ടുവന്നിരുന്നു. ദീ ശ്ലമായതും, ജീവൻ നിറഞ്ഞതുമായ അയാളുടെ കണ്ണുകളുടെ ചലനങ്ങൾക്കതന്നെ അയാളുടെ ചങ്ങാതിമാരെ കീഴടക്കുവാൻ സാധിച്ചിരുന്നു. മേലെഴുതിയ ഗുണങ്ങൾക്ക വിളനിലമായ ഒരു മഹാൻെറ ചരിത്രമാകുന്നു താഴെ എഴുതുവാൻ പോകുന്നത്.

ബനിറോ മുസോലിനി 1883 ജുലായിമാസം 29-ാംനു- റോമാഗ്നാ എന്ന ജില്ലയിൽ ഡോവിയാ എന്ന കുഗ്രാമത്തിൽ ജനിച്ചു. അയാളുടെ ജന്മനക്ഷത്രത്തെ അക്കാലത്തെ ജോത്സ്യന്മാർ വിളിച്ചുപറഞ്ഞു അയാളുടെ ഭാവികാലത്തെ ഗണിച്ചുപറയുക ഉണ്ടായിട്ടില്ല. അയാളുടെ പിതാവിൻെറ പേർ അലസാൻറോ മുസോലിനി എന്നായിരുന്നു. അലസാൻറോ എന്ന ആൾ വലിയ ധീരനും കലഹസ്വഭാവിയും ആയിരുന്നതിനാൽ, അക്കാലത്തെ രാജ്യഭരണസമ്പ്രദായത്തിൻെറ മാററത്തിനുത്സാഹിച്ചിരുന്നവരുടെ മുമ്പനായിത്തീൎന്നു. ബനിറോവിൻെറ മാതാവിൻെറ പേർ മാൽട്ടോണി=റോസാ എന്നാ

യിരുന്നു. അവൾ ഒരു എലിമെൻററിസ്കൂളിലെ അദ്ധ്യാപികയായി കാലംകഴിച്ചു പോന്നിരുന്നവളായിരുന്നു. അവൾക്കു കിട്ടിയിരുന്ന പ്രതിഫലം അവളുടെ കുഡുംബച്ചിലവുകൾക്കു മതിയായിരുന്നില്ല. അതിനാൽ അക്കാലത്തു മുസോലിനിയുടെ കുഡുംബത്തിന്ന് അതിയായ ബുദ്ധിമുട്ടുകൾക്ക് ഇടവന്നിട്ടുണ്ട്. തൻെറ മകൻെറ വിദ്യാഭ്യാസച്ചിലവിലേക്കു വേണ്ടിവരുന്ന പണത്തിന്നായി അവൾ പല പ്രാവശ്യവും ഗവൎമ്മേണ്ടിനോടാവശ്യപ്പെടുകയുണ്ടായിട്ടുണ്ട്. എന്നാൽ, ഗവൎമ്മേണ്ടിൽനിന്ന് അവളെ അക്കാൎയ്യത്തിൽ സഹായിക്കുക ഉണ്ടായിട്ടുണ്ടോ എന്നുള്ളതു സംശയസ്ഥിതിയിലാണിരിക്കുന്നതു്. ആ സ്ത്രീ അവളുടെ കുട്ടികളെ കാൎയ്യമായി പഠിപ്പിച്ചിട്ടുള്ളതു്, "ദാരിദ്ര്യമെന്നതു് ഒരു പ്രത്യേക മാതിരിയിലുള്ള പ്രഭുത്വമാണെന്നാണ്." അന്നു മുസോലിനിയുടെ മാതാവു് അയാൾക്ക് ഉരുവിട്ടു പഠിപ്പിച്ചിട്ടുള്ളതു താഴെ ചേൎക്കാം. "ലോകജീവിതത്തിന്നു പ്രത്യേകമാവശ്യമായിട്ടുള്ള യാതൊരു സാധനവും ഇല്ലാതെ ജീവിതം നയിക്കുവാൻ ഉത്സാഹിക്കുവിൻ. ജീവിതദശയിൽ സാധുക്കളായവർ നിങ്ങളോടു യാചിക്കുമ്പോൾ, യാചിക്കുന്നതിൽ തരമുണ്ടെങ്കിൽ ഇരട്ടി കൊടുപ്പാൻ ശ്രമിക്കുവിൻ." "ശ്രേഷ്ഠമായ മനശ്ശക്തിയാണു മനുഷ്യരിൽ കാണേണ്ട ശ്രേഷ്ഠത്വം. അതുകൊണ്ടാണ് ഒരു മനുഷ്യനെ ഒരു ജനസാമാന്യത്തിൽനിന്നു തിരിച്ചറിയുന്നതു്." ഇതും ആ മാതാവു് അവളുടെ കുട്ടികൾക്കു കൊടുത്ത പ്രത്യേക പാഠമായിരുന്നു.

മുസോലിനിയുടെ നാമകരണദിവസം അയാളുടെ പിതാവു് അയാളെ 'ബനിറോ' എന്നുവിളിപ്പാൻ കാരണമായതു താഴെ ചേൎക്കാം. മെക്സിക്കോവിലെ രാജ്യഭരണസമ്പ്രദായമാററത്തിന്നുത്സാഹിച്ചിരുന്നവരുടെ പ്രമാണിക്ക ബനിറോ ജ്വാറസ് എന്നായിരുന്നു പേർ. ആ രാജ്യത്തുണ്ടായ കലഹാവസാനം അയാൾ അവിടുത്തെ അദ്ധ്യക്ഷനായതീരുക ഉണ്ടായി. ബനിറോ ജ്വാറസ് എന്ന ആ മഹാന്റെ പേരിൽ മുസോലിനിയുടെ പിതാവിന്നു തോന്നിയ ബഹുമാനം ഹേതുവായി തനിക്ക ജനിച്ച പുത്രന്നു ബനിറോ എന്നു നാമകരണം ചെയ്തു.

മുസോലിനികുഡുംബത്തിന്റെ ഉത്ഭവം ഏതാണ്ടു 1430ൽ ആകുന്നു. പണ്ടേക്കപണ്ടേതന്നെ ഈ കുഡുംബക്കാർ രാജ്യഭരണവിഷയത്തിൽ പങ്കുകൊണ്ടിരുന്നവരും, ഉപദേശങ്ങൾ കൊടുത്തിരുന്നവരും ആയിരുന്നുവെന്നു കാണ്മാനുണ്ടു്. ബോളോഗ്നാ എന്ന പ്രദേശത്തായിരുന്നു ഈ കുഡുംബത്തിന്റെ ഉത്ഭവം. ഈ പ്രദേശത്തു കരുന്നൂററാണ്ടു മുമ്പുവരേയും മുസോലിനിക്കോട്ട, മുസോലിനിത്തെരുവു എന്നെല്ലാം വിളിച്ചുവന്നിരുന്ന സ്മാരകവസ്തുക്കൾ കണ്ടിരുന്നതുകൊണ്ടു, മുസോലിനി കുഡുംബക്കാർ പുരാതനകാലം മുതൽക്കേ പ്രമാണപ്പെട്ടവരായിരുന്നുവെന്നു അനുമാനിപ്പാൻ തരമുണ്ടു്.

ബനിറോ മുസോലിനിയുടെ ആറാംവയസ്സു മുതൽ ഏതാണ്ടു പത്തുവയസ്സുവരെ അയാൾ ചെറുപള്ളിക്കൂടങ്ങളിൽ വിദ്യാഭ്യാസം നടത്തിക്കൊണ്ടിരുന്നു. അക്കാല

ത്തുതന്നെ ബനിറോ അയാളുടെ പിതാവിൻെറ സ്വഭാവമായ കലഹപ്രകൃതിയെ നല്ലവണ്ണം അനുഗമിച്ചുതുടങ്ങി. അതിനാൽ പള്ളിക്കൂടത്തിൽനിന്നു മടങ്ങിവരുമ്പോൾ എന്തെങ്കിലും വഴക്കോക്കാത്ത ഒരു ദിവസമെങ്കിലും അക്കാലത്തു് ആ ബാലനുണ്ടായിരുന്നില്ല. അങ്ങിനെയെല്ലാമായിരുന്നാലും മററു കുട്ടികളോടുമല്ലിട്ടു തൻെറ അഭിമാനത്തേയും ഉദ്ദേശത്തേയും സഫലീകരിപ്പാൻ ആ ബാലന്നു് അന്നും ഒട്ടുമുക്കാലും സാധിച്ചിരുന്നു. സമപ്രായക്കാരുടെ ഇടയിൽ അയാൾ ഒരു മേധാവിയും, അയാളുടെ ആജ്ഞക്കു വലിയ ശക്തിയും ആയിരുന്നു. സാധാരണ വികൃതികുട്ടികളുടെ സ്വഭാവം നമ്മുടെ ബനിറോവിൽ ധാരാളമുണ്ടായിരുന്നു. അയാളുടെ ദൃഷ്ടിയിൽ കാണുന്ന വസ്തുക്കളിൽ ഏതെങ്കിലും ഒന്നിനെ അയാൾക്കു വേണമെന്നു തോന്നുന്നപക്ഷം, അതിനെ ഉപേക്ഷിക്കാറ് പതിവില്ലാ. ഏതുവിധമെങ്കിലും ആ ബാലൻ അതിനെ കൈവശപ്പെടുത്തിക്കൊണ്ടു പോകുക പതിവാണ്. ആ പ്രവൃത്തിയിൽ ആ സാധനത്തിൻെറ ഉടമസ്ഥൻ ബാലനെ പിൻതുടരുന്നതായാൽ അസാമാന്യബുദ്ധിമുട്ടുകളും അനുഭവിച്ചു കരസ്ഥമാക്കിയ സാധനത്തെ വിട്ടുകൊടുക്കാതെ തന്നെ കഴിച്ചുകൂട്ടും. നമ്മുടെ ബാലൻ അയാളുടെ പ്രായത്തിന്നനുസരിച്ചു വലിയ തീററക്കൊതിയനായിരുന്നു. അന്യരുടെ തോട്ടങ്ങളിൽ പ്രവേശിച്ചു, ഫലമൂലാദികളെ കവന്നു ഭക്ഷിക്കുന്നതിന്നു ബനിറോ അത്യന്തം സാമർത്ഥ്യം കാണിച്ചിരുന്നു, സമപ്രായക്കാരായ ബാലന്മാരുടെ നായകസ്ഥാനം വ

ഹിച്ച്, അവരോടുംകൂടി മേലെഴുതിയ ആവശ്യത്തിലേക്കു തോട്ടങ്ങളെ കൊള്ളചെയ്യുന്നതു, അക്കാലത്തു ബാലനായ ബനിറേറാവിൻെറ ഒരു പ്രത്യേക വിളയാട്ടമായിരുന്നു. ഒരിക്കൽ ഒരു തോട്ടത്തെ കൊള്ളചെയ്യുന്ന അവസരത്തിൽ, ആ തോട്ടത്തിൻെറ ഉടമസ്ഥനായ കൃഷിക്കാരൻ കണ്ടുവരികകയും, കുട്ടികൾ കൂട്ടമായി രക്ഷപ്പെട്ട് ഓടുവാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ കൂട്ടത്തിലുണ്ടായിരുന്ന ഒരു ബാലനു അയാളുടെ കാൽ ഉളുക്കുകയാൽ ഓടുവാൻ നിവൃത്തിയില്ലാതെ അവിടെ നിൽക്കേണ്ടിവന്നു. ആ ബാലൻെറ അസാദ്ധ്യസ്ഥിതിയെ ഓടിപ്പോകുന്നതിന്നിടക്കു ബനിറേറാ കാണുകയും, അയാളെ രക്ഷപ്പെടുത്തുവാൻവേണ്ടി, തോട്ടക്കാരൻെറ വരവിനെ ഭയപ്പെടാതെ, തൻെറ ചങ്ങാതിയുടെ അടുക്കൽചെന്നു, അയാളെ സഹായിച്ചു രക്ഷപ്പെടുകയും ചെയ്യുക ഉണ്ടായി. ഈ സംഭവത്തിൽനിന്നു ബനിറേറാവിൻെറ ചങ്ങാതിസ്നേഹവും, ധൈര്യവും, കുസലില്ലായ്മയും തെളിയുന്നുണ്ടല്ലോ.

ബനിറേറാവുൻെറ മാതാവു് അയാളുടെ മകനു് ഈശ്വരവിശ്വാസമുണ്ടാക്കിത്തീർപ്പാൻ, ആ ബാലനെ പതിവായും പള്ളിയിലേക്കു കൊണ്ടുപോയിരുന്നു. എന്നാൽ ബാലൻ പള്ളിയിൽ പ്രവേശിച്ച് അധികം താമസിയാതെതന്നെ മാതാവിൻെറ കണ്ണു തെററിച്ചു പുറത്തു ചാടുകയാണു പതിവ്. പള്ളിയുടെ അകത്തു പ്രാർത്ഥനാസമയത്തുണ്ടാകാറുള്ള മൌനവും, മങ്ങിക്കത്തുന്ന മെഴുകുതിരികളുടെ കാഴ്ചയും നമ്മുടെ ബനിറേറാവിനു തീരെ പിടിച്ചിരുന്നില്ല. ഒരു സമയവും അടങ്ങി ഒതു

ങ്ങി ഇരിക്കുന്നതിന്നു നമ്മുടെ ബാലന്നു തീരെ സാധിച്ചി രുന്നില്ല. സദാസമ ങ്ങളിലും വയല്പുകളിലും, രാജവീ ഥികളിലും, തോട്ടങ്ങ ലും, കുററിക്കാടുകളിലും അല ഞ്ഞുസഞ്ചരിച്ച്, അ ളുടെ പ്രായത്തിന്നനുസരിച്ച വീ രാക്രമങ്ങളായ പ്രവൃ ികളെ നടത്തുവാനാണു ബനി റോറാ ഇഷ്ടപ്പെട്ടിരുന്നതു.

തന്റെ മകനിൽ കണ്ട മതസംബന്ധമായ പഠി പ്പിന്റെ കുറവുനിമിത്തം ബനിറോറാവിന്റെ അമ്മ അ യാളെ ഈശ്വരവിചാരമുണ്ടാക്കിത്തീക്കുവാൻവേണ്ടി പ ള്ളിസംബന്ധമായ ഒരു പള്ളിക്കൂടത്തിലേക്കയക്കുവാൻ തീച്ചപ്പെടുത്തി. ബനിറോറാവിന്റെ പിതാവിന്നു ആ സംഗതിയിൽ വലിയ വിശ്വാസമില്ലാഞ്ഞതിനാൽ, ആ ദ്യത്തിങ്കൽ അതിന്നു മുടക്കം പറയുക ഉണ്ടായി. അവ സാനം മാതാപിതാക്കന്മാർ യോജിച്ചുതന്നെ ബനിറോറാ വിനെ പള്ളിവക പാഠശാലയിലേക്കയച്ചു. പോകുന്ന തിന്നുമുമ്പു ബാലനായ ബനിറോറാ, അയാളത്യന്തം ലാ ളിച്ചു വളത്തിയിരുന്ന പക്ഷിമൃഗാദിസ്നേഹിതന്മാരെ വിട്ടു പോകുന്നതിൽ അത്യന്തം വൈമനസ്യം കാണിക്കുക യും, അവസാനം, ആവക ജന്തുക്കളെ പ്രത്യേകം നോ ക്കുന്നതിലേക്ക് അയാളുടെ അമ്മയെ ഭാരമേല്പിച്ചശേ ഷം, ബാഷ്പധാരയോടുകൂടിയ കണ്ണുകളോടുകൂടി പുറപ്പെ ട്ടു പോകുകയും ചെയ്തു. പുറപ്പെട്ടദിവസം സന്ധ്യയോടു കൂടി ബനിറോറാ അയാളുടെ പിതാവൊന്നിച്ചു പള്ളിക്കൂ ടത്തിൽ എത്തിച്ചേന്നു. അവിടെ ഉണ്ടായിരുന്ന ഒരു വയസ്സനായ പുരോഹിത അദ്ധ്യാപകൻ നമ്മുടെ ബാല

നെ മന്ദഹാസത്തോടുകൂടെ എതിരേററു. ആ അദ്ധ്യാപകനു പ്രഥമദൃഷ്ടിയിൽ ബനിറേറാ അതി സമത്ഥനും ധൈൎയ്യശാലിയും ആയ ഒരു കുട്ടിയാണെന്നു മനസ്സിലാക്കുവാൻ സാധിച്ചു. ബനിറേറാവിൻെറ പിതാവു തൻെറ മകനെ ആ അദ്ധ്യാപകൻവശം ഏല്പിക്കുകയും, അപ്പോൾതന്നെ അയാളുടെ സ്വദേശത്തേക്കു മടങ്ങിപ്പോകുകയും ചെയ്തു.

ആ പള്ളിക്കൂടത്തിലുണ്ടായ ബനിറേറാവിൻെറ ജീവിതം കുറച്ചുദിവസത്തേക്കു മാത്രമായിരുന്നു. ബനിറേറാ അയാളുടെ സഹപാഠികളുടെ ഇടയിൽ ഒരു മേധാവിയായിത്തീൎന്നതിന്നുപുറമെ, അവരുടെ ഇടയിൽ ഭയത്തെ ജനിപ്പിക്കുകയും ചെയ്തിരുന്നു. തന്നിൽ അടങ്ങാത്ത സഹപാഠികളോടു ബനിറേറാ മല്ലിടുകയും, അവരുടെ ശരീരത്തിൽ അതിയായ പരുക്കുകളേല്പിക്കുകയും ചെയ്തുവരിക പതിവായിരുന്നു. അപ്രകാരമുള്ള പ്രവൃത്തികളിൽനിന്നു അദ്ധ്യാപകന്മാർ ബനിറേറാവിനെ പിൻവലിപ്പിപ്പാൻ പലേ വഴികളും നോക്കുക ഉണ്ടായി. ചില സമയത്തു ബനിറേറാവിന്നു വലിയ ശിക്ഷകളും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. അതുകളിൽനിന്നു നമ്മുടെ ബാലൻെറ തള്ളിച്ചക്കോ, വികൃതികൾക്കോ ഭേദം കിട്ടിയില്ലെന്നുതന്നെയല്ലാ, അതുകൾക്കു ശക്തികൂടിവരികയാണുണ്ടായതു്. അദ്ധ്യാപകന്മാർ കഴിയുന്നത്ര ശ്രമങ്ങൾ ചെയ്തിട്ടും ഫലം കാണാഞ്ഞതിനാൽ, ബനിറേറാവിനെ പള്ളിക്കൂടത്തിൽനിന്നു ബഹിഷ്കരിക്കുകയാണു പിന്നീടുണ്ടായതു. വിവരം മാതാപിതാക്കന്മാർ കേട്ടപ്പോൾ

ENGLISH HIGH SCHOOL ... ILON.

അത്യന്തം നിരാശപ്പെട്ടുവെങ്കിലും പിന്നിട്ടും അവർബനിറോവിനെ മറെറാരു പള്ളിക്കൂടത്തിലേക്കയച്ചു. ആ പള്ളിക്കൂടത്തിൽ ബനിറോവൊ അയാളുത്യന്തം ഇഷ്ടപ്പെട്ടിരുന്നകലഹസ്വഭാവത്തേയും, മൽപിടുത്തത്തേയും അടക്കിവെക്കുക ഉണ്ടായിട്ടില്ലാ. എന്നാൽ ആ പള്ളിക്കൂടത്തിലെ പരിശോധകനായ അദ്ധ്യാപകൻ ബനിറോവിനെ പ്രത്യേകം മനസ്സുവെച്ചു നോക്കാറുണ്ടായിരുന്നു. അദ്ദേഹം ബനിറോവിൻെറ ബുദ്ധികൂൎമ്മതയെ കണ്ടിട്ടാണു അയാളുടെ വികൃതിസ്വഭാവത്തെ വിലവെക്കാഞ്ഞതു. ആ പരിശോധകൻ തന്നെ ഒരു സന്ദൎഭത്തിൽ ബാലനായ ബനിറോവോടു തുറന്നു പറഞ്ഞ ഒരഭിപ്രായം താഴെ ചേൎക്കാം. "നീ നിൻെറ ബുദ്ധിശക്തിയേയും സാമത്ഥ്യത്തേയും മനഃശക്തിയേയും നിലനിൎത്തിപ്പോരുന്നതായാൽ ഒരുകാലത്തു നിനക്കു രാജ്യഭരണകാൎയ്യത്തിൽ ഉന്നതപദവി തീൎച്ചയായും ലഭിക്കും."

ആ പള്ളിക്കൂടത്തിൽ വിദ്യാൎത്ഥിയായി താമസിച്ചിരുന്ന കാലത്തു പള്ളിക്കൂടനിബന്ധനകളെ ബനിറോവൊ തീരെ വകവെച്ചിരുന്നില്ല. അയാൾ എന്തെങ്കിലും ഒരു കാൎയ്യത്തിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നതായാൽ അതിൽനിന്നു പിൻമാറുന്നതിലേക്കുള്ള നിബന്ധനകളെ വകവെക്കാതെ അയാൾ കാൎയ്യത്തെ നടത്തിപ്പോന്നിരുന്നു. അദ്ധ്യാപകന്മാർ അയാൾ കാണിച്ചിരുന്ന പഠിപ്പിലുള്ള സാമൎത്ഥ്യത്തെ ഓൎത്തു പെട്ടെന്നു അയാളെ പുറത്താക്കിയിരുന്നില്ല. പഠിപ്പുസമയത്തു അയാൾ അത്യന്തം അതിലേക്കുതന്നെ ശ്രദ്ധവെച്ചിരുന്നുവെങ്കിലും, പള്ളിക്കൂട

ത്തിലെ കാൎയ്യപരിപാടികളേയും സമയത്തേയും അയാൾ കൂട്ടാക്കിയിരുന്നില്ല. സഹപാഠികളായ വിദ്യാൎത്ഥികളെ വിളിച്ചുകൂട്ടി, ഒരു സഭ രൂപീകരിച്ചു, പ്രസംഗങ്ങൾ നടത്തുകയായിരുന്നു ബനിറേറാ ഒഴിവുസമയങ്ങളിൽ ചെയ്തിരുന്നതു്.

കാലക്രമംകൊണ്ടു അയാൾ ഒരു മുതിൎന്ന കുട്ടിയായിത്തീൎന്നപ്പോൾ അയാളിൽ കണ്ടിരുന്ന ഗുണദോഷങ്ങളും മുതിൎന്നുതന്നെ വന്നുകണ്ടു. അതോടുകൂടിത്തന്നെ അയാളിൽ സ്വരാജ്യസ്നേഹം ഉജ്ജ്വലിച്ചു പുറപ്പെട്ടുതുടങ്ങി. റോം എന്ന പേരിനെ അയാൾ എപ്പോഴും ഉച്ചരിച്ചുകൊണ്ടിരുന്നു. റോമിൽ പണ്ടുകാലത്തുണ്ടായിരുന്ന മഹാന്മാരെപററി അയാളത്യന്തം ബഹുമാനത്തോടുകൂടി പ്രസംഗങ്ങൾ നടത്തി. ബനിറേറാവിന്റെ പതിനഞ്ചാം വയസ്സിൽ അയാൾക്ക് ഒരു പ്രത്യേകപതനമായ പരീക്ഷയിൽ വിജയിയായി എന്നുള്ള സൎട്ടിഫിക്കററു ലഭിച്ചു. അതിന്നു ശേഷം ബനിറേറാവിന്നു ലോകരംഗത്തിൽ പ്രവേശിപ്പാൻ കാലമായെന്നു തോന്നുകയാൽ, പഠിപ്പു നിൎത്തുകയും അതിലേക്കു വേണ്ടുന്ന ശ്രമങ്ങൾ നടത്തിത്തുടങ്ങുകയും ചെയ്തു. ആദ്യമായി നഗരവിചാരണസഭയിലെ സിക്രട്ടറിസ്ഥാനത്തേക്കാണ് അയാൾ ഉദ്യമിച്ചതു്. എന്നാൽ അയാളുടെ സ്വാതന്ത്ര്യവും കീഴടക്കമില്ലായ്മയും കാരണമായി ആ ജോലി അയാൾക്കു ലഭിച്ചില്ല. അവസാനം ഒരു എലിമെൻററി സ്കൂളിലെ അദ്ധ്യാപകനായിട്ടാണ് നമ്മുടെ ചെറുപ്പക്കാരനായ ബനിറേറാ മുസോലിനി ലോകരംഗത്തിൽ പ്രവേശിച്ചതു്.

# രണ്ടാമദ്ധ്യായം.

ബനിറേറാ മുസോലിനി അഹങ്കാരത്തോടുകൂടിയ വിദ്യാൎത്ഥിപതനത്തിൽനിന്നു, അദ്ധ്യാപക പതനത്തിലേക്കു പ്രവേശിച്ച് അധികകാലം കഴിയുന്നതിനു മുമ്പു, തനിക്ക് ലോകം എന്ന കളരിയിൽ കയ്യിളക്കിപ്പുറപ്പെടുവാൻ സ്വാതന്ത്ര്യമില്ലെന്നു തൽക്കാലം അയാളെടുത്തുവന്നിരുന്ന അദ്ധ്യാപകജോലിയിൽനിന്നു മനസ്സിലായി. അതിനാൽ 1902-ൽ ബനിറേറാ അയാളുടെ അന്നത്തെ ജോലിയെ നിരസിച്ചു, ലോകത്തെപ്പററിയുള്ള അറിവിന്നായും, അതിനെ കീഴ്മേൽമറിച്ച് ഒരു പ്രത്യേക രീതിയിൽ കൊണ്ടുവരുവാനുള്ള നിവൃത്തിക്കായും, വേണ്ടുന്ന അറിവുകൾക്കായി ഉത്സാഹങ്ങൾ തുടങ്ങുവാൻ തീൎച്ചപ്പെടുത്തി. അയാൾ ലോകത്തിൽ കഴിയുന്ന സംഭവങ്ങളെ ശ്രദ്ധിച്ചുനോക്കുവാനും, വേണ്ടുന്ന പഠിപ്പുകളെ നേടുവാനും, യഥാൎത്ഥമായ സംഗതികളെ നടപ്പിൽ കൊണ്ടുവരുവാനും അത്യധികമായി ആശിച്ചു. ഈ സന്ദൎഭത്തിൽ അയാളുടെ ആശയെ പൂൎണ്ണഫലത്തിൽ കൊണ്ടുവരേണ്ടതിലേക്ക് എന്തു ചെയ്യേണമെന്നറിയാതെ കുഴങ്ങി. അക്കാലത്തും അയാളുടെ ഉള്ളിൽ ആന്തരമായ ആഗ്രഹം സ്വാതന്ത്ര്യസിദ്ധി എന്നതിന്നായിരുന്നു. സ്വാതന്ത്ര്യം എന്നതിന്നു ലോകവാസികൾക്ക് ദരിദ്രനും സമ്പന്നനും വ്യത്യാസം കൂടാതെ അൎഹതയുണ്ടെന്നാണ ബനിറേറാവിന്റെ വിശ്വാസവും തീൎച്ചയും. ഭാവിയിൽ വി

ശ്രവിശ്രുതനായിത്തീൎന്ന നമ്മുടെ ബനിറ്റോമുസോലിനിയുടെ അന്നത്തെ ആ വിചാരം അയാൾക്കു സഫലീകരിക്കുവാൻ ഇടയാകാതിരുന്നില്ല.

പൊതുജനോപകാരത്തിന്നായി, ബനിറ്റോ ലോകരംഗത്തിൽ പ്രവേശിച്ചതു കാലാനുസരണത്തിൽ ഫലവത്തായി കാണാഞ്ഞതിനാൽ അയാളത്യന്തം നിരാശപ്പെട്ടു. ആദ്യമായിത്തന്നെ അയാൾ ഉദ്ദേശിച്ച ഉദ്യോഗത്തിൽ അയാൾക്കു പ്രവേശിക്കുവാൻ തരം കിട്ടിയിരുന്നുവെങ്കിൽ നിരാശക്ക് ഇടവരില്ലായിരുന്നു. നഗരവിചാരണസഭയിലെ സിക്രട്ടറിസ്ഥാനത്തിന്നായിരുന്നു നമ്മുടെ ബനിറ്റോ ആദ്യം ഉത്സാഹിച്ചിരുന്നതു. അക്കാലത്തു നഗരവിചാരണസഭയിലെ അംഗങ്ങളായ കുലീനന്മാർ വളരെ കാലങ്ങൾക്കു മുമ്പുതന്നെ പഴയ മാമൂലനുസരിച്ച് സഭയെ ഭരിച്ചുപോന്നിരുന്നതുകൊണ്ടു, നവീനഭരണരീതിയെ അതിയായി ഇഷ്ടിച്ചുകൊണ്ടിരുന്ന ഒരുവന്നു സഭയിലെ സിക്രട്ടറിസ്ഥാനം കൊടുക്കുന്നതായാൽ തങ്ങൾക്കു ബുദ്ധിമുട്ടുകൾക്കിടയാകുമെന്നു വിചാരിക്കയാലാണു ബനിറ്റോവിന്ന് ആ സ്ഥാനം അന്നു കല്പിച്ചുകൊടുക്കാതിരുന്നതെന്ന് ഊഹിക്കാം.

ബനിറ്റോവിന്നു താൻ ആദ്യമായി ഇഷ്ടിച്ച ജോലിയെ ലഭിക്കാഞ്ഞപ്പോൾതന്നെ മനസ്സിന്നു അസ്വാസ്ഥ്യം ജനിക്കുക ഉണ്ടായി. അതിന്നു ശേഷം ലോകത്തിൽവെച്ച്. ഏററവും ശ്രേഷ്ഠമാണെന്നു കരുതിവരുന്ന അദ്ധ്യാപകജോലി ലഭിച്ചുവെങ്കിലും, അയാളുടെ മനോവികാരത്തിന്നും സ്വാതന്ത്ര്യേച്ഛക്കും ആ ജോലി അനു

കൂലിക്കാതെയാണു വന്നുകൂടിയതു്. എല്ലാം സംഗതികളേയും നിരൂപണം ചെയ്തശേഷം ബനിറോറാ 1902-ൽ തന്നെ ഒരു ദിവസം പെട്ടെന്നു, ആരോടും പറയാതെതന്നെ, തൻെറ കുറച്ചുമാത്രം ഉണ്ടായിരുന്ന സാമാനങ്ങളെ എടുത്തു, രാജ്യം വിട്ടു. പുറപ്പെട്ട സമയം അയാളുടെ സ്നേഹിതന്മാരോടുപോലും യാത്ര പറവാൻ തുനിഞ്ഞില്ല തീവണ്ടിവഴിയായി അയാൾ ചെയ്ത യാത്ര ആദ്യമായി ചിയാസോ എന്ന രാജ്യത്തിൽ എത്തിയപ്പോൾ അയാൾക്കു് അവിടെ അല്പം താമസിക്കേണ്ടതായി വരികയും, അതു ഹേതുവാൽതന്നെ 'മിലാൻ' എന്ന രാജ്യത്തിൽനിന്നു പുറപ്പെടുന്ന ഒരുപ്രത്യേക പത്രത്തെ വാങ്ങി വായിക്കുവാൻ ഇടയാകുകയും ചെയ്തു. മേൽപറഞ്ഞ പത്രത്തിൽ ഉണ്ടായിരുന്ന കമ്പിവാൎത്തകളുടെ ഇടയിൽ തൻെറ അഛനെ രാജദ്രോഹകുററത്തിന്നായി തടവിൽ പിടിച്ചിരിക്കുന്നുവെന്നറിവാനിടയായി. വിവരം അറിഞ്ഞപ്പോൾ ബനിറോറാവിന്നു അത്യന്തം നിരാശയും വ്യസനവും ഉണ്ടായെങ്കിലും അയാളുടെ മനഃശക്തിയുടെ ആധിക്യം മൂലം അയാൾ സ്വരാജ്യത്തേക്കു മടങ്ങുവാൻ ഉദ്യമിച്ചില്ല. സ്വന്തം പിതാവിന്നുപററിയ കഷ്ടസ്ഥിതിയെ കൂട്ടാക്കാതെ അയാൾ ഉദ്യമിച്ചയാത്രയെ തുടൎന്നുപോകുവാൻ തീൎച്ചപ്പെടുത്തിയ ശേഷം ബിനിറോറാ അയാളുടെ പണസഞ്ചി പരിശോധിച്ചു നോക്കി. അതിൽ കണ്ടിച്ചു ഒരു ദിവസത്തെ നിത്യച്ചിലവിന്നുകൂടി പണമില്ലാതെ കണ്ടിട്ടും, ബനിറോറാ ഉത്സാഹത്തോടുകൂടി യാത്ര പുറപ്പെട്ടു. അന്നു രാത്രി തീവണ്ടിമുറിയുടെ അകത്തു ബാക്കി എല്ലാ

വരും ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ, ബനിറോ തനിയേ ഓരോരോ കാൎയ്യത്തെ പററി ആലോചിച്ചുകൊണ്ടിരുന്നു. പിറേറന്നു രാവിലെ അയാൾ സ്വിററ്സർലാണ്ടിൽ എത്തി വണ്ടി ഇറങ്ങി. ആ സമയത്തു് ആ നാട്ടിൽ ഉണ്ടായിരുന്ന മഴയും തണുപ്പും മാത്രമാണു അയാളെ അവിടെ എതിരേററതു്. 'ലൂസർണി' എന്ന പട്ടണത്തിൽ എത്തിയ ശേഷം അയാൾ വീണ്ടും പീവർഡഡൺ എന്ന പട്ടണത്തിലേക്കു വണ്ടി കയറുകയാണു ചെയ്തതു്. അക്കാലത്തേക്കു ബനിറോവിന്റെ ഉള്ളിൽ സ്വരാജ്യത്തെപ്പററിയുള്ള ഓൎമ്മ ഉണ്ടായിത്തീരുകയും, അങ്ങോട്ടുതന്നെ തിരിച്ചുപോകുവാൻ അയാളുടെ മനസ്സിൽ മോഹം ജനിക്കുകയും ചെയ്തു. എങ്കിലും എടുത്തകാൽ പിൻവലിക്കില്ലെന്നുള്ള ശാഠ്യം ഹേതുവായി അയാൾ മടങ്ങുവാൻ ഉദ്യമിച്ചില്ല. ഉടനെ അടുത്തുണ്ടായിരുന്ന ഒരു ഹോട്ടലിൽ കയറി അവിടെ താമസം തുടങ്ങി.

"അന്യഥാ ചിന്തിതം കാൎയ്യം—ദൈവമന്യത്ര ചിന്തയേൽ" എന്ന യഥാൎത്ഥമൊഴിയനുസരിച്ചു ബനിറോവിനും അന്നു അവിടെ അനുഭവങ്ങൾ ഉണ്ടായി. ലോകോപകാരത്തിന്നായി ഏതെങ്കിലും ജോലിയിൽ പ്രവേശിക്കേണ്ടതിലേക്കു് അയാളുടെ അദ്ധ്യാപകപ്രവൃത്തി കളഞ്ഞു, രാജ്യംവിട്ടു അന്യരാജ്യത്തിലെ നഗരമായ 'എവർഡഡൺ' എന്ന നഗരത്തിൽ എത്തിച്ചേൎന്നപ്പോൾ നിത്യക്കഴിച്ചിലിന്നുകൂടി ബുദ്ധിമുട്ടായിത്തീരുകയും, അതിനാൽതന്നെ ഒരു കൽപ്പണിക്കാരന്റെ സഹായി എന്ന നിലയിൽ പ്രവൃത്തി തുടങ്ങേണ്ടി വരികയും ചെയ്കയാണു

ണ്ടായത്. സാധാരണ കൂലിപ്രവൃത്തിചെയ്തു ശീലമില്ലാത്ത ബനിറേറാവിന്നു ദിവസേന പതിനൊന്നു മണിക്കൂറിലധികം ചെയ്യേണ്ടിവന്ന വേലകൊണ്ടു, അയാളുടെ മനസ്സിന്നും ദേഹത്തിന്നും ഒന്നുപോലെ വേദന തട്ടി. രണ്ടുമൂന്നു ദിവസത്തെ കൂലിപ്രവൃത്തിയിൽനിന്നു അയാൾക്കു ലഭിച്ച അനുഭവങ്ങൾ പലതരത്തിലായിരുന്നു. പ്രവൃത്തി എടുപ്പിക്കുന്ന യജമാനന്റെ അലസതയോടു കൂടിയ കല്പനകൾ കേട്ടു, ബനിറേറാവിന്നു അതിയായ കോപം ജനിക്കാറുണ്ടായിരുന്നെങ്കിലും, അതിനെ സ്വന്തം ഇഷ്ടമില്ലാതെതന്നെ ഒതുക്കുകയാണുണ്ടായത്. ഒരാഴ്ചയോളം പ്രവൃത്തി എടുത്ത ശേഷം അതിൽനിന്നു പിൻമാറുവാൻ അയാൾ ഉറക്കുകയും, തന്റെ അന്നുവരെയുള്ള കണക്കു തീർത്തയപ്പാൻ ഉടമസ്ഥനോടാവശ്യപ്പെടുകയും ചെയ്തു. അതുപ്രകാരം ബനിറേറാവിന്നു പണികൊടുത്തിരുന്ന ആൾ നിശ്ചയപ്രകാരം ഉള്ള കൂലിയെ എടുത്തു പുറത്തുനിന്നിരുന്ന കൂലിക്കാരനായ ബനിറേറാവിന്റെ മുമ്പിലേക്കു പുഛഭാവത്തോടുകൂടെ വലിച്ചെറിഞ്ഞു. അയാളുടെ ആ പ്രവൃത്തികൊണ്ടു ബനിറേറാവിന്നു അതികലശലായ കോപം ഉണ്ടാകുകയും അതിനെ ക്ഷമയോടുകൂടെ അടക്കി പണത്തെ എടുത്തു മടങ്ങിപ്പോയതേയുള്ളു. കിട്ടിയ പണംകൊണ്ടു തൽക്കാലവിശപ്പിനേയും മാററി ബാക്കി ഉള്ളതുകൊണ്ടു പുതിയ ഉടുപ്പുകളേയും വാങ്ങി, പിറേറന്നുതന്നെ അയാൾ അവിടം വിട്ടു ലാസാനി എന്ന സ്ഥലത്തേക്കു തിരിച്ചു. ആ നഗരത്തിലെത്തിയപ്പോഴേക്കും ബനിറേറാവിന്റെ കയ്യിൽ ഒരു കാശുപോലും ഇല്ലാ

തെയായി. പകൽ മുഴുവൻ വല്ല ജോലികിട്ടുവാൻ ഉത്സാഹിച്ചുകൊണ്ടു അങ്ങുമിങ്ങും അലഞ്ഞു നടന്നു. ദോരം രാത്രി ആകുന്നവരെ അയാൾ ജോലി ഒന്നും കിട്ടാതേയും, ഭക്ഷണം കഴിക്കാതേയും അലയേണ്ടിവന്നു. അന്നേരത്തേക്കു വിശപ്പുകൊണ്ടും ക്ഷീണംകൊണ്ടും മുസോലിനി അത്യന്തം കഷ്ടപ്പെട്ടു. വീണ്ടും ആളുകളെ കൂട്ടാക്കാതെ ആൾസഞ്ചാരമില്ലാത്ത ഒരു റോഡിൽകൂടി മനോരാജ്യമായി നടന്നുകൊണ്ടിരുന്നപ്പോൾ ദൂരത്തായി ഒരു വിളക്കു കാണുകയാൽ അയാൾ ഭക്ഷണാത്ഥമായി അവിടേക്കു തിരിച്ചു. വീട്ടിന്നു മുന്നെത്തിയപ്പോൾ ആയതു സാധുക്കളായ കൃഷിക്കാരുടെ ഒരു കളമാണെന്നു കാണുകയും, അവിടേക്കു പ്രവേശിപ്പാൻ തീച്ചപ്പെടുത്തുകയും ചെയ്തു. ആ കളത്തിൻെറ പുറത്തുനിന്നുതന്നെ അകത്തുണ്ടായിരുന്നവർ ഭക്ഷണം കഴിക്കുന്നതിനെ കാണുവാൻ ബനിറേറാവിന്നു ഇടയായി. അയാളിൽ ഉള്ള അഭിമാനം ഹേതുവായി അയാൾ ആദ്യമായി യാചിക്കുന്നതിന്നു മടിച്ചുനിന്നു വീണ്ടും ക്ഷുത്തിൻെറ ആധിക്യം നിമിത്തം അയാൾ കൂസൽകൂടാതെ അകത്തു പ്രവേശിച്ചു ഗൌരവസ്വരത്തിൽതന്നെ അയാൾക്കൊരു അപ്പം കൊടുക്കുവാൻ അവക്കു മനസ്സുണ്ടോ എന്നു ചോദിച്ചു.ബനിറേറാവിൻെറ ആ ചോദ്യത്തിൽനിന്നു അയാൾ യാചന സമയത്തുകൂടി ഗൌരവം കുറച്ചിരുന്നില്ലെന്നു മനസ്സിലാക്കാം.ഭക്ഷണം കഴിച്ചുകൊണ്ടിരുന്നതിൽ ഒരാൾ ആഗതനായ ബനിറേറാവിൻെറ വാക്കുകളാൽ ആകഷിക്കപ്പെട്ടുവനായി വേഗത്തിൽ എഴുനീററു ഒന്നും സംസാരിക്കാ

തെതന്നെ, മേശമേൽ ഉണ്ടായിരുന്ന ഒരു അപ്പത്തെ എടുത്തു ബനിറോവിന്നു കൊടുത്തു. ബനിറോ ഒരു നിമിഷമെങ്കിലും അവിടെ നില്ക്കാതെ ഏറ്റവും ചുരുങ്ങിയ വന്ദനത്തെ പറഞ്ഞുകൊണ്ട് അപ്പവുംകൊണ്ടു പുറത്തുകടന്ന് ഇരുട്ടിൽ മറഞ്ഞു. വീണ്ടും അയാൾ വേഗത്തിൽ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ അപ്പത്തെ തിന്നുതുടങ്ങി. എങ്കിലും താൻ ചെയ്ത പ്രവൃത്തി ഒരു പുരുഷന്നു പാടില്ലാത്തതായിരുന്നുവെന്നു അയാൾക്കു തോന്നുകയും, അയാൾ അയാളെതന്നെ കഠിനമായി ശാസിക്കുകയും ചെയ്യുക ഉണ്ടായി.

മേൽപ്പറഞ്ഞ സംഭവം കഴിഞ്ഞശേഷം ബനിറോ മുസോലിനി അയാളുടെ സ്വാഭരാഭരണശാഠ്യത്താൽ അന്യാധീനത്തിൽ പെടാതെ കാലം കഴിച്ചപ്പോരേണ്ടതിലേക്കു ലോകരംഗത്തിൽ അനേക വേഷങ്ങളും കെട്ടുക ഉണ്ടായി. അവയിൽ പ്രധാനമായവ തീവണ്ടിപ്പോർട്ടർ, നെയ്ത്തുകാരൻ, കശാപ്പുകാരൻെറ സഹായി എന്നിവകളായിരുന്നു. എന്നാൽ ഒരു സ്ഥലത്തും അയാൾ അധികകാലം താമസിച്ചിരുന്നില്ല. എന്തെന്നാൽ താമസം തുടങ്ങിയ മുതൽക്കുതന്നെ അയാളെ പണിയിൽ പ്രവേശിപ്പിച്ച മനുഷ്യനിൽ, ബനിറോവിൻെറ സ്വാതന്ത്ര്യസ്വഭാവത്താൽ, അയാൾ വെറുപ്പു ജനിപ്പിക്കുക പതിവാണ്. അവസാനം പ്രവൃത്തിയൊന്നുമില്ലാതെ അയാൾ ഫ്രാൻസ്, ജർമ്മിനി, ആസ്ട്രിയാ മുതലായ രാജ്യങ്ങളിൽ ചുററിനടക്കുക ഉണ്ടായി. അക്കാലത്തു ആ രാജ്യങ്ങളിലെ ഭാഷകളും സമ്പ്രദായങ്ങളും ബനിറോ

വിന്നു മനസ്സിലാക്കുവാൻ ഇടയായി. അങ്ങിനേയും കുറച്ചുകാലം കഴിച്ചശേഷം, അയാൾക്കു സ്വരാജ്യത്തേക്കു മടങ്ങി പട്ടാളത്തിൽ ചേരുവാൻ ഇടയായി. ഇററലിയിലെ പട്ടാളത്തിൽ ഒരു സാധാരണഭടൻെറ നിലയിൽ ജീവിതം കഴിച്ചിരുന്ന കാലത്തു്, അയാളുടെ ജീവിതദശയിൽ ഏററവും സന്താപകരമായ ഒരു സംഭവംനടന്നതു് അയാളുടെ അമ്മയുടെ മരണമായിരുന്നു. ആ സമയത്തും ബനിറേറാ അതിയായ വിചാരങ്ങൾക്കിടകൊടുക്കാതെ ധൈര്യത്തെ ദീക്ഷിക്കുകയാണുണ്ടായതു്. കണ്ണീരും, രോദനവും പുരുഷന്മാൎക്കു വെച്ചിട്ടുള്ളതല്ലെന്നും, അതുകളുടെ അവകാശി സ്ത്രീകളാണെന്നും ബനിറേറാ സാധാരണ പറയാറുണ്ടു്. പൊതുജനോപകാരത്തിന്നായി ഒരു പുരുഷൻ ലോകരംഗത്തിൽ ഇറങ്ങിപ്പുറപ്പെടുന്നതായാൽ, അയാൾക്കനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകളെ കൂസൽക്കൂടാതെ ക്ഷമയോടുകൂടി സഹിക്കേണ്ടതാണെന്നു മുസോലിനി ലോകത്തെ മനസ്സിലാക്കുന്നുണ്ടു്.

ബനിറേറാ മുസോലിനി കുറച്ചുകാലം പട്ടാളത്തിൽ പണി എടുത്തശേഷം അയാൾ അതിൽനിന്നും പിരിഞ്ഞു വീണ്ടും ദേശാടനത്തിന്നായി പുറപ്പെട്ടു. ആദ്യമായി സ്വിററസർലാണ്ടിലേക്കാണു ചെന്നതു്. അവിടെ വെച്ചു അയാൾ പണ്ടത്തെപ്പോലെതന്നെ കയ്യിൽ പണമില്ലാതെ വിശപ്പുകൊണ്ടും, ക്ഷീണംകൊണ്ടും, ബുദ്ധിമുട്ടേണ്ടിവന്നു. ചിലദിവസം ഭക്ഷണമില്ലാതെ വല്ല പാലത്തിൻെറ ചുവട്ടിലൊ, വയലുകളുടെ നടുവിലൊ, കൊതുകടിയും എറുമ്പുകടിയും സഹിച്ചു രാത്രിമുഴുവൻ കഴിക്കേണ്ടി വന്നിട്ടുണ്ടു്.

ബനിറോവിൻെറ അലഞ്ഞു നടത്തയിൽ ഒരു ദിവസം രാത്രി കിടപ്പാൻ സ്ഥലം കിട്ടാതെ തിരഞ്ഞു നടന്നുകൊണ്ടിരിക്കുമ്പോൾ, ഒരു അച്ചുകൂടത്തിൽ ജനൽമാർഗ്ഗമായി പ്രവേശിപ്പാൻ ഇടയാകുകയും അവിടെ രാത്രി മുഴുവൻ നിദ്ര ചെയ്യുവാനും സംഗതിയായി. പിറെറന്നു രാവിലെ ഒരു പൊല്ലീസുദ്യോഗസ്ഥൻ ബനിറോവിനെ ഒരു കുററക്കാരൻെറ നിലയിൽ പിടിച്ചു തടവിൽ പാർപ്പിക്കുകയുണ്ടായി. നിരപരാധിയായ തന്നെ ഒരു പൊല്ലീസുകാരൻ പിടിച്ച സമയത്തും, തടവിൽ കിടക്കുന്ന സമയത്തും ബനിറോവിൻെറ ധൈൎയ്യവും ചാതുൎയ്യമായ വാക്കുകളും അയാളെ കൈവെടിയുകയുണ്ടായിട്ടില്ല.

ബനിറോ മുസോലിനി തടവിൽനിന്നു വിമോചനനായശേഷം കുറച്ചുകാലവുംകൂടി അങ്ങുമിങ്ങും അലഞ്ഞുനടന്നു. ഒടുവിൽ ജനീവാനഗരത്തിൽ എത്തിച്ചേൎന്നു. അവിടെവെച്ചു് അയാളുടെ അലഞ്ഞുതിരിച്ചൽ വേണ്ടെന്നു തീൎമാനിക്കുകയും, കാൎയ്യമായ ചില പ്രവൃത്തികളിൽ പ്രവേശിക്കണമെന്നുറച്ചു്, ഉന്നതപദവിയിലിരിക്കുന്ന പല മഹാന്മാരുമായി പരിചയപ്പെടുകയും ചെയ്തു. അതിന്നുശേഷമാണു ബനിറോ പത്രങ്ങളിലേക്കു വിവിധങ്ങളായ ലേഖനങ്ങളെ എഴുതി അയപ്പാൻ തുടങ്ങിയതു്. തരമുള്ള സന്ദൎഭങ്ങളിലെല്ലാം ബനിറോ തൻെറ അഭിപ്രായങ്ങളെ പ്രസംഗരൂപേണ ജനങ്ങളെ മനസ്സിലാക്കുവാനും ഉത്സാഹിച്ചു. മേലെഴുതിയ പ്രവൃത്തികളിൽപ്രവേശിച്ചു്, അധികം താമസിയാതെതന്നെ ബനിറോ അയാളുടെ പ്രസംഗസാമൎത്ഥ്യംകൊണ്ടും, യ

ഥാത്ഥസംഗതികളെ ലേഖനങ്ങളിൽ തുറന്നുപറവാൻ കാ
ണിച്ചിരുന്ന പാടവംകൊണ്ടും പലമഹാന്മാരുടേയുംദൃഷ്ടി
കളെ അയാളിൽ പതിപ്പിച്ചു. അതിന്നുംപുറമെ സ്വി
റ്റ്സർലാണ്ടിലെ ഭരണാധികാരികളുടെ സൂക്ഷ്മദൃഷ്ടി
കൾക്കും അയാൾ പാത്രീഭവിച്ചവനായിത്തീൎന്നു. അയാ
ളുടെ പ്രസംഗങ്ങളുടേയും ലേഖനങ്ങളുടെയും പ്രഥമോ
ദ്ദേശമായിരുന്നതു പ്രജാഭരണതന്ത്രമാഹാത്മ്യമായിരുന്നു.
ലോകത്തിൽ ഒട്ടാകെ എല്ലാ രാജ്യങ്ങളിലും പ്രജാഭരണം
ഉണ്ടായിത്തീരുന്നതിൽനിന്നാണു, ലോകത്തിൽ ക്ഷേമ
ത്തിന്നു കാരണമായിത്തീരുന്നതെന്നായിരുന്നു അയാളു
ടെ മതം. അക്കാലത്തുതന്നെ ബനിറോവിന്നു മഹാ
ന്മാരായ ആത്മതത്വജ്ഞാനികളോടു ഇടപഴകുവാൻ തര
മുണ്ടായി. പരോപകാരതല്പരനായും, അന്യാധീനത്തിൽ
ഇരുപ്പാൻ തീരെ ഇഷ്ടമില്ലാത്തവനായും, ലോകരംഗ
ത്തിൽ ലോകോപകാരത്തിന്നായി പ്രവേശിച്ച നമ്മുടെ
ബനിറോവാ മുസോലിനി, നിൎഭയമായി തന്റെ ഉദ്ദേശങ്ങ
ളെ, പ്രസംഗസമയത്തു വെളിവായി തുറന്നുപറയുന്ന
തിൽ യാതൊരുത്തരേയും വകവെച്ചിരുന്നില്ല. സ്വി
റ്റ്സർലാണ്ടിൽ താമസിച്ചിരുന്ന കാലത്തു് ഒരു മഹാ
നായ ക്രിസ്തുമതസിദ്ധാന്തി അയാളുടെ സിദ്ധാന്തമനുസ
രിച്ചു് ഒരു പ്രസംഗം നടത്തിക്കൊണ്ടിരിക്കുമ്പോൾ സ
ഭാജനങ്ങളുടെ കൂട്ടത്തിൽ തിക്കിത്തിരക്കി നിന്നിരുന്ന മു
സോലിനിക്കു്, അന്നത്തെ പ്രാസംഗികന്റെ പ്രസംഗ
വിഷയത്തിൽ വിപരീതാഭിപ്രായം ജനിക്കുകയും, അതി
നെ തുറന്നുപറവാൻ സമ്മതം കിട്ടേണ്ടതിലേക്കു, പ്രസം

ഗമദ്ധ്യേതന്നെ വിളിച്ചുപറയുകയും ചെയ്തു. പെട്ടെന്നു ണ്ടായ ആ കടന്ന പ്രവൃത്തികൊണ്ടു് അവിടെ കൂടിയിരുന്ന ജനങ്ങൾക്കു് അതിയായ കോപം ജനിക്കുകയും, ബനിറോവിനെ പിടിച്ചു വെളിയിൽ തള്ളുവാൻ ഉത്സാഹങ്ങൾ തുടങ്ങുകയും ചെയ്തു. ആ സമയത്തു ശ്രേഷ്ഠനായ അന്നത്തെ പ്രാസംഗികൻ സന്ധ്യസംസാരിച്ചു, ജനങ്ങളുടെ കോപത്തെ ശമിപ്പിച്ചതിന്നുപുറമെ ബനിറോവിന്നു് ആ സഭയിൽ പ്രസംഗം ചെയ്യുവാൻ അനുവാദം നൽകുകയും ചെയ്തു. ബനിറോവാ അലക്ഷ്യമായി അന്നവിടെ നടത്തിയ പ്രസംഗം, പ്രാസംഗികനെ എന്നു തന്നെയല്ലാ, അവിടെ കൂടിയിരുന്ന എല്ലാവരേയും ഒന്നുപോലെ ആകഷിച്ചു. ആ സംഭവം കഴിഞ്ഞതിൽപിന്നെ ബനിറോവാ കേവലം നിരക്ഷരകുക്ഷിയായ ഒരു കൂലിക്കാരനല്ലെന്നും, എല്ലാ വിഷയങ്ങളിലും അറിവു സമ്പാദിച്ച ഒരസാമാന്യപുരുഷനാണെന്നും അന്നാട്ടുകാക്ക് വിചാരിപ്പാൻ ഇടയായി.

അപ്രകാരം ചെറുപ്പക്കാരനായ ബനിറോവാ മുസോലിനി സ്വിററ്സർലണ്ടിൽ കാലംകഴിച്ചുപോരുന്നതിന്നിടക്കു ഗവമ്മേണ്ടിന്നു് അയാളുടെ പേരിൽ അതൃപ്തി തോന്നുവാൻ ഇടയായി. ബനിറോവിൻെറ ഗംഭീരങ്ങളായ പ്രസംഗങ്ങളിൽ ഉണ്ടായിക്കാണാറുള്ള കഠിനപ്രയോഗങ്ങൾ നാട്ടുകാരെ ഇളക്കിത്തീക്കുമെന്നുള്ള ഭയമായിരുന്നു ഗവമ്മേണ്ടിന്നു് അന്നു തോന്നിയതു്. അതിനാൽ മുസോലിനിയെ അറസ്റ്റ് ചെയ്തു നാടുകടത്തുവാനുള്ള കല്പന ഗവമ്മേണ്ടിൽനിന്നും ഉണ്ടാക്കി. വത്തമാ

നം അറിഞ്ഞു, ബഹിരോം 'ലാസാനി' എന്ന സ്ഥലത്തേക്കു പുറപ്പെട്ടു, സ്വാഭിപ്രായത്തോടേ കടന്നുപോകുകയും ചെയ്തു. മുസോലിനിയുടെ പെട്ടന്നുണ്ടായ ആ പോക്കുനിമിത്തം ജിനീവക്കാൎക്കു വളരെപേൎക്കും വ്യസനത്തെ ഉണ്ടാക്കിത്തീൎത്തു. അക്കൂട്ടർ ജിനീവാ പൊല്ലീസ്സു കമ്മീഷണരുടെ, മുസോലിനിയുടെ നേരെ ഉണ്ടായ കല്പനയെ നിഷേധിക്കുകയും, അതിന്നെതിരായി ഗവൎമ്മേണ്ടിലേക്കു ഹരജികൾ കൊടുക്കുകയും ചെയ്തു. ജിനീവാഗവൎമ്മേണ്ടിന്റെ ആ പ്രത്യേകകല്പനയെ പററി മുസോലിനിതന്നെ പറഞ്ഞ അഭിപ്രായം താഴെ ചേൎക്കാം. "ഒരു രാജ്യത്തു പ്രജാഭരണം മൎയ്യാദക്കു നടത്തിവരുന്നതായാൽ, ക്ഷേമത്തിന്നതുതന്നെ ആയിരിക്കും ഏററവും നന്നായിരിക്കുകയെന്നു, നാട്ടുകാരോടു തുറന്നുപറയുവാൻ വേണ്ടി ഞാൻ ചെയ്ത പ്രസംഗങ്ങൾ പ്രജാഭരണത്തോടുകൂടിയ സ്വിററ്സർലാണ്ടിലെ ഭരണാധികാരികൾക്ക് ഇഷ്ടമാകാതെ എന്നെ നാടുകടത്തുവാൻ ഉണ്ടാക്കിയ കല്പനയെപ്പററി ഞാനത്യന്തം ആശ്ചൎയ്യപ്പെടുന്നു. എന്റെ നേരെ അയച്ച കല്പനയെപ്പററി ജനിവാ പൊല്ലീസുകമ്മീഷണർ കുറച്ചുനേരം ആലോചിക്കുന്നതായാൽ, ആ ചെയ്ത പ്രവൃത്തി, തെററാണെന്ന് അയാൾ ഉൾബോധമുള്ളവനായിരുന്നാൽ അയാൾക്കുതന്നെ അറിയാവുന്നതാണ്."

# മൂന്നാം അദ്ധ്യായം.

1908-ൽ ആണ ബനിറേറാ മുസോലിനി ആസ്ത്രിയയിൽ വെച്ച് ആദ്യമായി ഒരു പത്രത്തിൻെറ പത്രാധിപനായിത്തീൎന്നത്. അക്കാലത്തുതന്നെ ഒരു പത്രപ്രവൎത്തകനും പേരുകേട്ടവനുമായ സിസാറി ബാററിസ്ടി എന്നാളുമായി പരിചയപ്പെടുവാൻ ഇടയായി. ക്രമത്തിൽ ബനിറേറാ അയാാം നടത്തിയിരുന്ന പത്രത്തിൽനിന്നു വേർതിരിഞ്ഞു, ബാററിസ്ടീയുടെ പത്രത്തിൽ ചേൎന്നു. ഇൽപോപ്പോലൊ, എന്നായിരുന്നു ആ പുതിയ പത്രത്തിൻെറ നാമധേയം. അതിൻെറ പ്രഥമോദ്ദേശം സാമുദായികപരിഷ്കരണമായിരുന്നു. സിസാറിയുടെ നാമധേയം ഒരു കാലത്തും ഇററലിയിൽ മറക്കാത്തവിധം അയാാം ഇററലിയുടെ സ്വാതന്ത്ര്യത്തിന്നും ഐകമത്യത്തിന്നുംവേണ്ടി, നടത്തിവന്ന ഉത്സാഹത്തിൽ അയാളുടെ ജീവനേയുംകൂടി ബലികഴിപ്പാൻ ഇടയാക്കി. യഥാൎത്ഥത്തിൽ ബാററിസ്ടീ ഒരു ആസ്ത്രിയൻകാരനായിരുന്നിട്ടും ഇററലിസൈന്യത്തിൽ ചേൎന്ന് ആസ്ത്രിയാരാജ്യത്തോടു യുദ്ധംചെയ്യുകയാണുണ്ടായത്. ഇററലി ആസ്ത്രിയയോടു വിരോധിയായിനിന്നു യുദ്ധം ചെയ്ത കൂട്ടത്തിൽ നമ്മുടെ ബാററിസ്ടീ ഒരു ഇററാലിയനെപ്പോലെ ഇററലിസൈന്യത്തിൽ ചേൎന്നു ആസ്ത്രിയാസൈന്യത്തോടു യുദ്ധം ചെയ്യുകയാണുണ്ടായത്. അനേകകാലമായി ഇററലിയുടെ ശ്രേയസ്സിന്നായി ബുദ്ധിമുട്ടിക്കൊണ്ടിരുന്ന ബാററിസ്ടീക്ക് ഇററലിയെ വിട്ടുപിരിഞ്ഞു

ആസ്ട്രിയയിലേക്കു മടങ്ങിപ്പോകുവാൻ ഇഷ്ടമുണ്ടാകാഞ്ഞതിനാലാണ് അയാൾ സ്വരാജ്യത്തെപ്പോലെ വിചാരിച്ചിരുന്ന ഇററലിസൈന്യത്തോടു ചേൎന്നതു്. യുദ്ധത്തിന്നിടയിൽ ആസ്ട്രിയാസൈന്യം ഒരു സന്ദൎഭത്തിൽ ഇററലിസൈന്യത്തെ പരാജിതരാക്കുക ഹേതുവാൽ ബാററിസ്ടിയെ തടവുകാരനാക്കിപ്പിടിക്കുകയും അയാളെ ആസ്ട്രിയയിൽ കൊണ്ടുചെന്നശേഷം രാജ്യദ്രോഹത്തിന്നു തൂക്കിക്കൊല്ലുവാൻ ഇടയാകുകയും ചെയ്തു.

ബനിറോ മുസോലിനി അയാളുടെ മനസ്സിന്നിണങ്ങിയ ഒരു സ്നേഹിതനെ കാണാഞ്ഞു തപിച്ചുംകൊണ്ടിരിക്കുന്ന സമയത്താണു സിസാറി ബാററിസ്ടീയെ അയാൾക്കു പരിചയമാകുവാൻ ഇടയായിത്തീൎന്നതു്. ആ പരിചയത്തിന്നുശേഷം മുസോലിനി ബാററിസ്ടീയുടെ നേരെ അതിയായ ബഹുമാനം കാണിക്കുകയും, തന്റെ അഭിപ്രായത്തോടു് ഏററവും യോജിച്ച അഭിപ്രായത്തെ കൈക്കൊണ്ടിരുന്ന ആ മഹാനെ ഉററ ബന്ധുവിന്റെ നിലയിൽ കരുതിപ്പോരികയും ചെയ്കയാണുണ്ടായതു്. ബാററിസ്ടീക്കും മുസോലിനിക്കും അഭിപ്രായവ്യത്യാസമില്ലാതെ ഒന്നുപോലെ ഇററലിയുടെ ശ്രേയസ്സിന്നായി പണി എടുക്കുവാൻ കുറച്ചു കാലത്തിന്നു തരമായി—ഇരുകൂട്ടക്കും തമ്മിൽ തമ്മിൽ ബഹുമാനത്തിന്നു് ഇടയായതുകൊണ്ടു് അവർ അന്യോന്യം പ്രതിഫലേച്ഛയെ കൂടാതെ പരസ്പരം സഹായിച്ചുപോന്നു. ബാററിസ്ടീയുടെ പത്രത്തിലേക്കു പത്രാധിപക്കുറിപ്പുകളെ എഴുതിക്കൊടുക്കുന്നതിന്നു മുസോലിനി യാതൊരു പ്രതിഫലവും വാങ്ങി

ച്ചിരുന്നില്ല. അതിന്നു കാരണം അക്കാലത്തു് അയാ ൾ ഒരു തൊഴിലാളിസംഘത്തിലെ സെക്രട്ടറിസ്ഥാനം വഹി ക്കുന്ന വകക്കു കിട്ടിയിരുന്ന പത്തു പവൻകൊണ്ടു അയാ ളുടെ ഉപജീവനത്തിന്നു ധാരാളമായെന്നു തോന്നുകയാ ലാണു്. മേൽപ്പറഞ്ഞ ശമ്പളത്തിൽനിന്നു് അയാളുടെ സ്വന്തം ചിലവുകൾക്കു ചിലവാക്കിയതിന്നുശേഷം ബാ ക്കി ഉണ്ടായിരുന്ന സംഖ്യ പരോപകാരത്തിന്നായി അ യാൾ ചിലവു ചെയ്യുകകൂടി പതിവായിരുന്നു. മുസോലി നിയുടെ ഉററ സ്നേഹിതനായി ഇററലിക്കു വേണ്ടി പണി എടുത്തിരുന്ന ബാററിസ്ടീയുടെ മരണശേഷം മുസോലി നിക്കു വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുവാൻ ഇടയാ യി. അയാളുടെ പേരിൽ പലവിധമായ അകാരണകു ററങ്ങൾ ചുമത്തി ഗവൎമ്മേണ്ടിൽനിന്നും അയാളെ പിടി ച്ചു തടവിൽ പാൎപ്പിക്കുവാൻ ഇണ്ടായി—എങ്കിലും ആ സ്ത്രിയാരാജ്യത്തെ വിട്ടുപോകാമെന്നുള്ള വാഗ്ദത്ത ത്തെ വാങ്ങിയശേഷം ബനിറേറാവിനെ ആസ്ത്രിയാഗ വൎമ്മേണ്ടു സ്വതന്ത്രനാക്കി വിടുകയാണു ചെയ്തതു്.

ബനിറേറാമുസോലിനി ലാവിദ്യകളിൽ പ്രത്യേകം മനസ്സിരുത്തിയിരുന്നതുകൊണ്ടു് അയാൾക്കുണ്ടാകാറുള്ള വ്യസനഘട്ടങ്ങളിൽ അയാളെ സംഗീതമാണു ശാന്തപ്പെ ടുത്തിയിരുന്നതു്. മുസോലിനി സമ്പന്നന്മാരായ സ്നേ ഹിതന്മാരെക്കാൾ സാധുക്കളും അദ്ധ്വാനശീലന്മാരും ആ യ സ്നേഹിതന്മാരെയാണു് ഇഷ്ടപ്പെട്ടിരുന്നതു്. അന്നു കാലത്തു് അയാളുടെ സാധുസംരക്ഷണത്തിന്നുള്ള ആ ൎത്തിയെ ആരുംതന്നെ വിലവെക്കാതിരുന്നതുകൊണ്ടു്,

അക്കാലത്ത് അയാളുടെ ഭാവിശ്രേയസ്സിനെ ആരും ഗണിച്ചിരുന്നില്ല. കാഴ്ചയിൽ ബനിറേറാമുസോലിനി ലോകത്തെ മുഴുവൻ ആകർഷിപ്പാൻ ശക്തിയുള്ള രൂപത്തിന്റെ ഉടമസ്ഥനായിരുന്നു. ജീവനുള്ള അയാളുടെ കണ്ണുകൾകൊണ്ടു മാത്രം അയാൾക്കു വളരെ ആളുകളെ അടിമപ്പെടുത്തുവാൻ സാധിച്ചിരുന്നു. മുട്ടവായ ചട്ടത്തൊപ്പിയെ ധരിച്ചിരുന്ന അയാളുടെ ശിരസ്സിൽ അടങ്ങിയിരുന്ന സാധനം മുഴുവൻ വളൎന്ന തലച്ചോറുതന്നെ ആയിരുന്നുവെന്നു വിചാരിപ്പാൻ തരമുണ്ടായിരുന്നു. മുഷിഞ്ഞതും പരിഷ്കാരമില്ലാത്തതും ആയ അയാളുടെ കുപ്പായത്തിന്നടിയിൽ സദാപി അടിച്ചുകൊണ്ടിരുന്ന ഹൃദയം ഭാവികാലത്തിൽ ഇററലിരാജ്യക്കാരുടെ ഹൃദയങ്ങളെ ഒട്ടാകെ കീഴടക്കുവാൻ ശക്തിയുള്ളതായിരുന്നുവെന്ന് അക്കാലത്ത് ആരുംതന്നെ ഊഹിപ്പാൻ ഇടയായിരുന്നില്ല. എങ്കിലും ശക്തിയേറിയതും അതിയായ ആകർഷണശക്തിയെ ജനിപ്പിച്ചിരുന്നതും ആയ അയാളുടെ വാക്കുകളിൽനിന്നു അയാളെ ഒരസാദ്ധ്യപുരുഷനാണെന്ന് ഊഹിപ്പാൻ ഇടയായി. ഇനിയും അയാളുടെ സ്വഭാവത്തെപ്പററിപ്പറയുന്നതായാൽ മററു മനുഷ്യൎക്ക് അസാദ്ധ്യങ്ങളായ പലേ ഗുണങ്ങളേയും അക്കാലത്തുതന്നെ അയാൾക്കുണ്ടായിരുന്നുവെന്നു പറയേണ്ടിവരുന്നുണ്ട്. വിനോദങ്ങളായ ഏതൊരു സംഗതിയിലും ബനിറേറാ കാൎയ്യമായി പങ്കുകൊണ്ടിരുന്നില്ല. രാജ്യകാൎയ്യസംബന്ധമായ ആൾക്കൂട്ടത്തിലല്ലാതെ മററു യാതൊരു ജനസമൂഹത്തിലും ബനിറേറാ ഹാജരായിരുന്നില്ല.

രാജ്യഭരണതന്ത്രപരിഷ്കാരങ്ങളെ വരുത്തേണ്ടുന്നതിലേക്ക് അയാൾ എടുത്തിരുന്ന ബുദ്ധിമുട്ടുകൾക്ക കണക്കം കയ്യും ഉണ്ടായിരുന്നില്ല. അക്കാൎയ്യത്തിൽ അയാൾ വിശേഷദിവസങ്ങളെ വിലവെക്കാതെ സദാസമയത്തും കാൎയ്യമായ ജോലിയിൽ പ്രവേശിച്ചിരുന്നു. ഈശ്വരവിഷയത്തിന്നും പൂൎണ്ണമായ ആശ്വാസത്തിന്നും നിയമിച്ചിട്ടുള്ള ഞായറാഴ്ചദിവസവുംകൂടി അയാൾ മററു ദിവസങ്ങളിൽനിന്നു വ്യത്യസ്തപ്പെടുത്തിയിരുന്നില്ല. ഇത്രയെല്ലാമായാലും അയാൾ നാടകാഭിനയങ്ങളിൽ അഭിരുചി ഉള്ളവനായിരുന്നുവെന്ന് അയാളുടെ പ്രവൃത്തിയിൽനിന്നും അറിയാററായിട്ടുണ്ട്. അക്കാലത്ത് അയാൾ നാടകങ്ങളെ സന്ദൎശിക്കുന്ന അവസരങ്ങളിൽ പൊതുജനങ്ങൾ ഒന്നിച്ചുകൂടുന്ന താഴ്ന്നതരം ഇരിപ്പിടങ്ങളിൽ ഇരുപ്പാനായിരുന്നു പ്രത്യേകം ഇച്ഛിച്ചിരുന്നത്. ഈ സന്ദൎഭത്തിൽ ബനിറേറാ താണതരങ്ങളിൽ സാധുക്കളൊന്നിച്ച് ഇരുന്നുംകൊണ്ടു ഒരു നാടകത്തെ കണ്ടുകൊണ്ടിരിക്കുമ്പോൾ അയാളിൽനിന്ന്, ഉച്ചത്തിൽ പുറപ്പെട്ടതായ ചിരികൊണ്ടു, അവിടെ നടന്നതായ സംഭവം ഇവിടെ പറയേണ്ടിയിരിക്കുന്നു. തിരക്കിൽനിന്നു സംഗതിവശാൽ ബനിറേറാവിന്റെ ചിരികേട്ട് ഒരു പൊല്ലീസ്സുകാരൻ അയാളെ താക്കീതു ചെയ്യുവാൻ ഇടയായി. അതിന്നുത്തരമായി ബനിറേറാ പറഞ്ഞതായ വാക്കുകളെ താഴെ ചേൎക്കാം. "ഞാൻ നാടകം കാണുവാൻ വന്നതു ചിരിക്കേണ്ടതിലേക്കാണ്. കാൎയ്യമായ വിഷയങ്ങളിൽ സദായപ്പോഴും മനസ്സിരുത്തിക്കൊണ്ടിരിക്കുന്ന എനിക്ക ചിരി

പ്പാൻ അധികം സമയം കിട്ടാറില്ല. ഈവക സന്ദർഭങ്ങളിൽ മാത്രമേ എനിക്കു ചിരിപ്പാൻ അവസരമുള്ളു. അതിനാൽ നിങ്ങളുടെ ഈ കല്പനയെ ഞാൻ നിരസിച്ചുകൊണ്ടു എനിക്കാവശ്യമായ സമയങ്ങളിൽ ധാരാളമായി ചിരിക്കുന്നതാണ്'' ബനിറ്റോ സംഗീതത്തിലും വലിയ വാസനയുള്ളവനായിരുന്നു ഫിഡിൽവായന അയാൾക്കു ധാരാളമായി അറിയാമായിരുന്നതുകൊണ്ട് ഇടയുള്ള സമയങ്ങളിൽ അയാൾ ഫിഡിൽ വായിക്കാതിരിക്കുക പതിവില്ല.

ബനിറ്റോ മുസോലിനി ഏതുകാര്യത്തിലും അഭിപ്രായം പറയുന്നതിൽ ഉള്ളിൽവെച്ചു കെട്ടില്ലാഞ്ഞ തുറന്നു പറയുകയാണു പതിവ്. തനിക്കു അതിയായ ദോഷങ്ങൾ വന്നുചേരുവാൻ ഇട ഉണ്ടായിരുന്നാലും, യഥാർത്ഥസംഗതിയെ ഒളിച്ചുവെച്ചു സംസാരിപ്പാൻ അയാൾ തുനിഞ്ഞിരുന്നില്ല. അതിനെപ്പററി അയാളോടു പല തവണയും അയാളുടെ പിതാവു വാത്സല്യത്തോടുകൂടി ഉപദേശിക്കുക ഉണ്ടായിട്ടുണ്ട്. എന്നാൽ ആ ഉപദേശങ്ങളെ അയാൾ പിതാവിന്നു മുഷിച്ചൽ വരാത്ത വിധത്തിൽ നിരസിച്ചുംകൊണ്ടുപോന്നു. അക്കാലങ്ങളിലെല്ലാം ബനിറ്റോ മുസോലിനിയുടെ കൈവശത്തിൽ ഒരു സമയത്തും പണം ഉണ്ടായിരിക്കുക പതിവില്ല. ഒരിക്കൽ ബനിറ്റോവിൻെറ ഒരു സ്നേഹിതൻ കയ്യിൽ നിത്യച്ചിലവിന്നുകൂടി പണമില്ലാതെ ബനിറ്റോവിൻെറ സമീപത്തെത്തി കുറച്ചു പണം വേണമെന്നാവശ്യപ്പെട്ടു. ആ സമയത്തു ബനിറ്റോ മുസോലിനി അയാൾക്കു വേണ്ടുന്ന

ചിലവുകൾക്കു പണമില്ലാതെ ബുദ്ധിമുട്ടുന്ന സമയമായിരുന്നു. തൻെറ സ്നേഹിതൻ ആ സമയത്തുതന്നെ തന്നോടു പണം വേണമെന്നപേക്ഷിച്ചപ്പോൾ ബനിറോ വ്യസനിച്ച വ്യസനത്തിന്നു കണക്കില്ലായിരുന്നു. തൻെറ കയ്യിൽ പണമില്ലെന്നു പറവാൻ ബനിറോവിന്നു മനസ്സുവരാതെ, സ്നേഹിതനെ ഒരു ഭാഗത്തിരുത്തി, വെളിയിൽ ഇറങ്ങി, ഒരു മണിക്കൂറിന്നകത്തു പണം സമ്പാദിച്ചു മടങ്ങിവന്നു, അയാളുടെ സ്നേഹിതനെ തൃപ്തിപ്പെടുത്തി. ബനിറോ സ്വന്തം ആവശ്യത്തിലേക്കു യാചിപ്പാൻ മടിച്ചിരുന്നുവെങ്കിലും, അന്യന്മാരുടെ ബുദ്ധിമുട്ടുകളെ ശമിപ്പിപ്പാൻവേണ്ടി കൈകൾ നീട്ടി യാചിപ്പാൻ തീരെ മടിച്ചിരുന്നില്ല.

ബനിറോ മുസോലിനി ഒരു കാൎയ്യത്തിലും മുമ്പുള്ള മഹാന്മാർ പ്രവൃത്തിച്ചുവെന്നു വിചാരിച്ച് അതിനെ അനുഗമിക്കാറുപതിവില്ല. അയാളുടെ മനസ്സാക്ഷിയിൽ ശരിയെന്നു തോന്നുന്ന ഏതുകാൎയ്യത്തേയും അയാൾ പ്രവൃത്തിപ്പാൻ മടിച്ചിരുന്നില്ല. മുസോലിനി സ്ഥിരസമത്വവാദമനുസരിച്ചു അരാജരാജ്യഭരണതത്വത്തെ ശക്തിയായി പ്രസംഗിച്ചിരുന്നുവെങ്കിലും, അയാൾ പ്രജാക്ഷേമത്തിന്നുവേണ്ടി അക്കാലത്തു സ്വരാജ്യമായ ഇററലിയിലെ രാജാവിനെ ധാരാളമായി ബഹുമാനിച്ചിരുന്നു. തൻെറ ജന്മഭൂമിയായ ഇററലിയെ അയാൾ കണക്കിലധികം സ്നേഹിച്ചിരുന്നതുകൊണ്ടു അതിൻെറ ശ്രേയസ്സിന്നായി അയാൾ അനേകം ബുദ്ധിമുട്ടുകൾ അനുഭവിച്ചു. ഫ്രീഡാപ്പിയ എന്നദിക്കിലെ കൃഷിക്കാരുടെ ലഹള അവസാനിച്ച ഉട

ന ഗവമ്മേണ്ടിൽനിന്നു ബനിറേറാമുസോലിനിയെ പിടിച്ചു തടവിൽ പാപ്പിച്ചു. ആ ജെയിൽവാസം അയാൾ സന്തോഷത്തോടുകൂടെ കഴിച്ചു പുറത്തുപോന്നതിൽ പിന്നെ ഫർലി എന്ന പട്ടണത്തിൽ അയാളുടെ പിതാവൊന്നിച്ചു താമസമാക്കി. അവിടെ സദാസമയത്തും അയാൾ പുസ്തകവായനയും മനോരാജ്യവും ആയി കാലം കഴിച്ചുപോന്നു. ഫർലിയിൽ ബനിറേറാവിൻെറ പിതാവിൻെറ താവരണയിൽ അയാൾ താമസിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ പിന്നീടു കല്യാണംകഴിച്ച സ്ത്രീയേ ആദ്യംകണ്ടുമുട്ടുവൻ ഇടയായി. പരിചയപ്പെട്ടു കാലതാമസം കൂടാതെ അവർ രണ്ടു പേരുമായി കല്യാണംനടത്തി. കല്യാണശേഷം അയാൾ പിതാവിൻെറ സ്ഥലത്തുനിന്നു താമസംമാററി സ്വതന്ത്രമായി താമസംതുടങ്ങി. വലിയസമ്പാദ്യമില്ലാത്ത അക്കാലത്തു മുസോലിനിക്കു അയാളുടെ ഭാൎയ്യയേയുംകൂടി പുലത്തേണ്ടിവന്നപ്പോൾ വലിയ ബുദ്ധിമുട്ടുകൾക്ക് ഇടയായെങ്കിലും അയാൾ അതുകളെല്ലാം ക്ഷമയോടുകൂടെ പൊറുത്തുവരികയാണുണ്ടായതു്. കല്യാണം കഴിഞ്ഞു ഒരു കൊല്ലത്തിന്നകത്തു അയാൾക്കു ഒരു പുത്രി ജനിക്കുകയും, അതിനാൽതന്നെ ബുദ്ധിമുട്ടുകൾ അധികരിക്കുകയും ചെയ്തു. പണമില്ലാത്ത ബുദ്ധിമുട്ടു അയാളെ അത്യന്തം പീഡിപ്പിക്കുന്ന സമയത്തു അയാൾ അയാളുടെ ഫിഡിലുമായി ആരുമില്ലാത്ത സ്ഥലത്തുചെന്നു വായന തുടങ്ങുകയാണു പതിവു്. ഫർലിയിൽ താമസംതുടങ്ങി അധികകാലത്തിന്നകത്തു പ്രജാഭരണമതത്തിൽ അയാൾക്കു ധാരാളം പിൻഗാമികളുണ്ടായി. അ

കാലത്തുതന്നെ അയാൾ 'ലോട്ടോഡീല്ലാസീ'എന്ന വ ത്തമാനപത്രത്തെ തുടങ്ങി. ആ പത്രംമൂഖേന അയാളു ടെ മതത്തെ വലിയ ശക്തിയോടുകൂടി വിളിച്ചുപറയുക യും, മററുള്ള ഭരണരീതികളിൽ കണ്ടിരുന്ന അഴക്കായ സംഗതികളെ അതികഠിനമായി ആക്ഷേപിക്കുകയും ചെ യ്തുതുടങ്ങി. ആക്ഷേപകരങ്ങളായ ആ ലേഖനങ്ങൾ കൊണ്ടു ഗവമ്മേണ്ടിൻെറ കണ്ണിൽ ബനിറേറാ മുസോ ലിനി ഒരു രാജദ്രോഹിയായി ഭവിച്ചു. അക്കാലത്തുത ന്നെ അയാൾ റോമാഗ്നയിൽകൂടി തൻെറ വിശ്വാസ ത്തിൽ അനേകം ആളുകളെ ചേത്തു. അയാളുടെ പ ത്രംമൂഖേന പരസ്യപ്പെടുത്തിയ ഒരു ലേഖനത്തിൻെറ ചുരുക്കം താഴെ ചേക്കാം. "ഇന്നത്തെ രാജ്യഭരണതന്ത്ര ത്തേയും മിതവ്യയപരിശീലനസഭകളേയും നടത്തിപ്പോരു ന്ന പ്രമാണികൾ, പണത്തിന്നുവേണ്ടി, രാജ്യഭരണത്തി ന്നായി, രാജനീതിശാസ്ത്രസ്ഥാനം വഹിച്ചുകൊണ്ടിരിക്കു ന്നവക്കു അടിമപ്പെടാത്തവർ ആരുംതന്നെ ഉണ്ടാകു വാൻ തരമില്ല. പുറമെ പൊതുജനനേതാവെന്നു നടിച്ചു ഗൌരവമായ പ്രസംഗങ്ങൾ നടത്തുന്ന ആ കൂട്ടക്കു ഗവ മ്മേണ്ടു വലിയ ശമ്പളം കല്പിച്ചുകൊടുക്കുന്നതായാൽ അ വർ ഇരുകൈകളേയും നീട്ടി അതിനെ സ്വീകരിക്കുവാൻ മടിക്കുന്നില്ല. ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പു വരേയും പൊതുജനങ്ങൾക്കുവേണ്ടി കാട്ടികൂട്ടിയിരുന്ന ആ കോലാഹലങ്ങൾ കേവലം പൊള്ളമാത്രമായിരുന്നു വെന്നു പ്രത്യേകാവസരങ്ങളിൽ വെളിവായിക്കാണാറു ണ്ടു. യഥാത്ഥമായി ജന്മഭൂമിയേയും അതിലെ നിവാ

സികളേയും സ്നേഹിച്ചുകൊണ്ടു ഒരുവൻ പുറപ്പെടുന്നതായാൽ മേലെഴുതിയ രാജനീതിശാസ്ത്രജ്ഞന്മാർ അവനെ അപഹസിക്കുകയും, ഭ്രാന്തനെന്നു വിളിച്ചുപറയുകയും ചെയ്യുന്നു. ആ ഭ്രാന്തന്മാരുടെ കൂട്ടത്തിൽ ഒരുവനായിട്ടാണു എന്നെ ആ മഹാന്മാർ ഗണിച്ചുവരുന്നതെന്നു എനിക്കു ധാരാളം അറിയാം. ഞാൻ പണത്തിന്നുവേണ്ടി പിൻമാറുന്നവനല്ലെന്നു ഒരിക്കൽകൂടെ തീർച്ചയായും പറയുന്നു. യഥാർത്ഥമല്ലാത്ത മഹാന്മാരുടെ മാഹാത്മ്യത്തെ ഞാൻ ഒരു തൃണത്തോളം വിലവെക്കുന്നില്ല. അല്പമായി എനിക്കു കിട്ടിക്കൊണ്ടിരിക്കുന്ന സമ്പാദ്യം എൻെറ ചിലവിലേക്കു മതിയാകുന്നുണ്ടെന്നു ഞാൻ തീർച്ചയായും പറഞ്ഞുകൊള്ളട്ടേ. സാധുക്കളായ കൃഷിക്കാരുടേയും കച്ചവടക്കാരുടേയും കൈത്തൊഴിലാളികളുടേയും പക്കൽനിന്നു അന്യായമായി ആർജ്ജിക്കുന്ന പണത്തെ കെട്ടിവെപ്പാൻ ഞാൻ ആശിക്കുന്നില്ല.

ബനിറേറാമുസോലിനി അയാ൦ നടത്തിയിരുന്ന പത്രത്തിലെ പത്രാധിപസ്ഥാനത്തേക്കു വെച്ചിരുന്ന ശമ്പളത്തെ വാങ്ങിച്ചിരുന്നില്ല. തൻെറ പത്രം തൻെറ ഭാഗക്കാരുടെ അടയാളക്കൊടിയായിരുന്നുവെന്നും, അതിനെ വിതരണം ചെയ്യുന്നതു അയാളുടെ ഭാഗത്തിൻെറ സ്ഥിരാവകാശത്തിന്നായിക്കൊണ്ടാണെന്നും അയാ൦ സദാപി പറഞ്ഞുകൊണ്ടിരുന്നു. അന്നു നടന്നിരുന്ന പ്രജാഭരണസമ്പ്രദായം ഏററവും ലജ്ജാവഹമായ സ്ഥിതിയിലായിരുന്നുവെന്നാണു ബനിറേറാവിൻെറ അഭിപ്രായം. ബനിറേറാവിൻെറ അഭിപ്രായത്തിലുള്ള യഥാർത്ഥപ്രജാ

ഭരണം എളുപ്പത്തിൽ സാധിക്കാവുന്ന ഒന്നല്ലായിരുന്നു. അതിന്റെ പൂർണ്ണസാദ്ധ്യത്തിലേക്കുള്ള വഴിയിൽ അനേകതരത്തിലും ഉണ്ടായേക്കാവുന്ന തടസ്ഥങ്ങളെ നീക്കം ചെയ്യേണ്ടതിലേക്ക യുദ്ധവും, രക്തപ്രവാഹവും ധാരാളം ഉണ്ടായേക്കാമെന്നാണ ബനിറോവിന്റെ വിശ്വാസം. ഒരു രാജ്യത്തു പ്രജാഭരണം യഥാൎത്ഥമായി ഉണ്ടാകേണമെങ്കിൽ പദവിവ്യത്യാസംകൂടാതെ പ്രജകളിൽ ഓരോരുത്തനും അവരവരുടെ അവകാശത്തേയും അഭിപ്രായത്തേയും ഭരണാധികാരികളോട വിളിച്ചു പറവാൻ അനുവാദം ഉണ്ടായിരിക്കേണമെന്നാണ ബനിറോവിന്റെ വിചാരം. ഒരുകക്ഷിയുടെ ബലംകൊണ്ടുമാത്രം ഭരണംനടത്തിവരുന്ന ഒരു രാജ്യത്തു പ്രജാഭരണം ഉണ്ടാകുവാൻ തരമില്ലെന്നാണ് അയാൾ തീൎച്ചയായും പറയുന്നതു. ഒരു രാജ്യത്തിന്റെ ക്ഷേമത്തിന്നായി ആദ്യമായി വേണ്ടതു പ്രജകൾക്കൊക്കെ ഭക്ഷണസമൃദ്ധി ഉണ്ടായിരിക്കേണ്ടതിലേക്കുള്ള പ്രവൃത്തികളാണെന്നും അതിന്റെ സാദ്ധ്യങ്ങൾക്കായി കാൎയ്യമായി വേണ്ടുന്ന ഒന്നു സമ്പന്നന്മാരും സാധുക്കളും തമ്മിലുള്ള അന്യോന്യഐകമത്യമാണെന്നും ബനിറോ പരസ്യമായി വിളിച്ചുപറയാറുണ്ട്.

ബനിറോവിന്റെ പത്രത്തിൽ അയാൾ പരസ്യപ്പെടുത്തിയിരുന്ന ലേഖനങ്ങളുടെ സാരാംശങ്ങൾക്ക് എതിരായി പലേ പത്രങ്ങളിലും എഴുതിക്കാണാറുള്ളതിനെ അയാൾ കഴിയുന്നതും വിലവെച്ചിരുന്നില്ല. അതികഠിനമായി ആക്ഷേപം ഉണ്ടാകുന്ന സന്ദൎഭങ്ങളിൽ മുസോ

ലിനി വളരെ സൌമ്യമായും, സാമൎത്ഥ്യത്തോടുകൂടിയും രസാവഹങ്ങളായ മറുപടികൾ എഴുതാറുണ്ടായിരുന്നു. അക്കാലത്തു ബനിറേറാ തന്നെ മരണപ്പെടുത്തുവാൻ തുനിഞ്ഞിരുന്ന ചില ദുഷ്ടന്മാരെ വകവെക്കാതെ പരസ്യമായി സമയവ്യത്യാസമില്ലാതെ എല്ലാം സ്ഥലങ്ങളിലും പോയിക്കൊണ്ടിരുന്നു. അയാൾ പ്രാജാധിപത്യഭരണരീതിയെ ഒരുമാതിരി അനുമോദിച്ചിരുന്നു. എന്നാൽ ആ രീതിയെക്കുടി ചിലപ്പോൾ പുഛിക്കാറുള്ളതുകൊണ്ടു് ആ സംഘക്കാൎക്കു മുസോലിനിയുടെ പേരിൽ തൃപ്തി ഉണ്ടായിരുന്നില്ല. 1910-ൽ ഒരു ദിവസം മുസോലിനി ഒരു പ്രസംഗം കഴിഞ്ഞു മടങ്ങിവരുമ്പോൾ വഴിയിൽവെച്ചു മേപ്പിടി സംഘക്കാർ പിടിപ്പാനായി ഒളിഞ്ഞിരുന്നുവെങ്കിലും അവരുടെ ഉദ്ദേശം സഫലീകരിക്കുക ഉണ്ടായതില്ല. മേൽപ്പറഞ്ഞ റിപ്പബ്ളിക്കൻ സംഘക്കാരും മുസോലിനിയുടെ സോഷ്യാലിസ്ററ് സംഘക്കാരുംതമ്മിൽ യോജിക്കുവാൻ അക്കാലത്തൊരു കാരണമുണ്ടായതു ടക്കോ ഇററാലിയൻ യുദ്ധമായിരുന്നു. അക്കാലത്തു് അവരുടെ പൊതുശത്രുവായിരുന്ന തുൎക്കിക്കാരോടു യുദ്ധം ചെയ്യേണ്ടതിലേക്കു് ഇരുസംഘക്കാരുടേയും അഭിപ്രായവ്യത്യാസങ്ങളെ തൽക്കാലത്തേക്കു മാററിക്കളയുകയുണ്ടായി. അതിന്നുശേഷം രാജ്യദ്രോഹകുററത്തിന്നു മുസോലിനിയെ രണ്ടു റിപ്പബ്ളിക്കൻ തലവന്മാരൊന്നിച്ചു തടചിൽ പാൎപ്പിക്കുക ഉണ്ടായി. തടവിൽവെച്ചു അവർ തമ്മിൽ അത്യന്തസ്നേഹത്തിന്നു ഇടയായിത്തീൎന്നു. ആ കെയിസ്സു് സംബന്ധിച്ചു മുസോലിനിയെ അയാൾ ക

ററക്കാരനല്ലെന്നു തെളിയിപ്പാൻകോടതിയിൽവെച്ച അയാൾതന്നെ ചെയ്ത പ്രസംഗം അയാൾക്ക വലിയ പേരിനെ ഉണ്ടാക്കിത്തീത്തു. അന്നു ചെയ്ത പ്രസംഗത്തിൻെറ അവസാനഭാഗത്തെ കുറച്ചൊന്നിവിടെ ചേക്കാം. കോടതിയിൽവെച്ച ജഡ്ജിമാരോടായിക്കൊണ്ടു "ഞാൻ നിങ്ങളുടെ സ്ഥാനത്തായിരുന്നുവെങ്കിൽ, ഞാൻ, എന്നെ തീച്ചയായും കുററപ്പെടുത്തും.എൻെറ കലഹസ്വഭാവമാണ് എൻെറ ആദ്യമായ തെററ്. എന്നെ തൽക്കാലം നിങ്ങൾ വിടുന്നതായാൽ എനിക്കുപകാരമായിത്തീരുമെങ്കിലും എന്നെ കുററപ്പെടുത്തുന്നതായാൽ ആയതു എനിക്ക് ഒരു വലിയ ബഹുമാനവും ആയിത്തീരുന്നുണ്ട്. ആ കെയിസ്സിൻെറ അവസാനത്തിൽ കോടതിയിൽനിന്നും ന്യായാന്യായവിചാരണകൾ കഴിച്ച മുസോലിനിയെ കുററക്കാരനല്ലാത്ത നിലയിൽ വിട്ടയക്കുകയാണുണ്ടായതു്. ആ കെയിസ്സിനുശേഷം മുസോലിനിക്ക പൊതുജനങ്ങളുടെ ഇടയിൽ ഏററവും ഒരു വലിയ സ്ഥാനം ലഭിപ്പാൻ ഉടയായി. 1912ൽ നടന്ന സോഷ്യാലിസ്ററ് മഹാസഭയിൽ ബനിറേറാ മുസോലിനി രാജ്യസ്നേഹികളുടെ മുമ്പനാണെന്നുള്ള പേർ സ്ഥിരമായി സമ്പാദിച്ചു. അയാളുടെ രാജ്യഭരണമതത്തിൻെറ വിരോധികളായി പുറപ്പെട്ടവരുടെ ശക്തിയെ അമത്തുന്നതിന്നു അയാൾക്കു സാദ്ധ്യമായി. ഇററലിയിൽ സോഷ്യാലിസ്ററിക്ക് പത്രങ്ങളിൽ ഏററവും പ്രധാനമായ 'അവന്തി' എന്ന വത്തമാനപത്രത്തിൻെറ പ്രധാന പത്രാധിപസ്ഥാനം മുസോലിനിക്ക് അക്കാലത്തു ലഭിപ്പാൻ

ഇടയായി. ആ പത്രത്തിന്റെ വീഴ്ച അടുത്തിരുന്ന കാലത്തായിരുന്നു ബനിറ്റോ അതിൽ ചേൎന്നതെങ്കിലും, യാതൊരു പ്രയാസവുംകൂടാതെ അതിന്റെ പുനരുദ്ധാരണത്തെ സാധിപ്പിച്ചു മുമ്പത്തേതിലും ശക്തിയോടുകൂടെ അതിനെ പ്രചരിപ്പിച്ചു. അക്കാലങ്ങളിലായിരുന്നു ബനിറ്റോ മുസോലിനിക്ക് അപാരമായ ആൾ സ്വാധീനത്തിന്നിട കിട്ടിയതു്.

ബനിറ്റോ മുസോലിനിയുടെ ചില നാട്ടുകാൎക്ക് അറിവാനിടയായി തുടങ്ങിയതു് ഏതാണ്ടു 1912 മുതൽക്കാണ്. സ്വരാജ്യം വിട്ടു് അന്യരാജ്യങ്ങളിൽ കുടിയേറിപ്പാൎത്തുവന്നിരുന്ന ഇററാലിയൻകാർ അക്കാലത്തു മുസോലിനിയെ പ്രസംഗങ്ങൾക്കായി ഫ്രാൻസിലേക്കും സ്വിററ്സർലാണ്ടിലേക്കും ക്ഷണിച്ചുകൊണ്ടു പോകുക പതിവായിരുന്നു. തന്റെ നാട്ടുകാരായ അക്കൂട്ടരുടെ വിദേശവാസം മുസോലിനിക്ക് ഇഷ്ടമായിരുന്നില്ല. അതിനാൽ അവരുടെ മനസ്സിളക്കി അക്കൂട്ടരെ സ്വദേശത്തേക്കുതന്നെ തിരിച്ചുവരുത്തുവാൻവേണ്ടുന്ന പ്രയത്നങ്ങൾ മുസോലിനി ചെയ്തുതുടങ്ങി. അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന പ്രസംഗങ്ങളിൽ മുസോലിനി സ്വരാജ്യസ്നേഹത്തെപ്പററി കാൎയ്യമായി പറഞ്ഞുതുടങ്ങി. അധികകാലതാമസംകൂടാതെ വിദേശങ്ങളിൽ സ്ഥിരതാമസം ചെയ്തിരുന്ന ഇററാലിയൻകാർ സ്വരാജ്യത്തേക്കുതന്നെ മടങ്ങിവരുവാൻ ഇടയാകുകയും ചെയ്തു. ആ കാലങ്ങളിൽ പൊതുജനസഭകളിൽ ബനിറ്റോ ചെയ്തിരുന്ന പ്രസംഗങ്ങൾ ജനങ്ങളെ അത്യധികം ആഹ്ലാദിപ്പി

ENGLISH HIGH SCHOOL QUILON.

ത്തന്മാരാക്കിതീൎത്തു. സ്വരാജ്യസ്നേഹത്തെ ജനങ്ങളിൽ ഉണ്ടാക്കിത്തീൎക്കേണ്ടതിലേക്കു മുസോലിനിയുടെ പ്രസംഗങ്ങൾ വളരെ സഹായിച്ചിരുന്നു. ബെനിറോ മുസോലിനിയുടെ അപാരമായ മനഃശക്തി ഏതു പ്രകാരത്തിലായിരുന്നുവോ, അതേപ്രകാരത്തിൽതന്നെ അയാൾക്കു ദേഹശക്തിയും ഉണ്ടായിരുന്നു. തന്റെ ശത്രുക്കളോടു വേണ്ടുന്ന ദിക്കിൽ നാവുകൊണ്ടും മററവസരങ്ങളിൽ മുഷ്ടികൊണ്ടും അയാൾ യുദ്ധം നടത്തിപ്പോന്നിരുന്നു.

## നാലാം അദ്ധ്യായം.

1914ൽ ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ ഇററലി ഇരുകക്ഷിയിലും ചേരാതിരിപ്പാൻവേണ്ടി ഉത്സാഹിച്ചിരുന്നവരുടെ മുമ്പനായി നമ്മുടെ മുസോലിനി നിന്നിരുന്നു. എന്നാൽ ജൎമ്മൻകാരുടെ ബൽജിയത്തിലേയും ഫ്രാൻസിലേയും അക്രമപ്രവൃത്തികളെ കേൾക്കയാൽ ബെനിറോവിന്നു സഹനശക്തി തീരെ ഇല്ലാതാകുകയും അയാൾതന്നെ ഇററലിഐക്യസൈന്യത്തോടു ചേരേണമെന്നു ശഠിക്കുകയും ചെയ്തു. എന്നാൽ സോഷ്യാലിസ്റ്റ് സംഘക്കാൎക്ക് ഇററലി അനാവശ്യമായി യുദ്ധത്തിൽ ചേരുന്നതു ഇഷ്ടമില്ലാതിരുന്നതിനാൽ അക്കൂട്ടർ മുസോലിനിയുടെ വിരോധികളായിത്തീൎന്നു. ബെനിറോ മുസോലിനി അതുകൊണ്ടൊന്നും ഒതുങ്ങി ഇരിക്കാതെ സോഷ്യാലിസ്ററ് സംഘക്കാരുടെ പൊതുയോഗത്തിൽ വെച്ച് അവൎക്കു വിരോധമായി പ്രസംഗങ്ങൾ നടത്തി.

തന്റെ കക്ഷിയിൽ ചേരുവാൻ ആരുംതന്നെ അനുണ്ടാ യിരുന്നില്ലെങ്കിലും കൂസൽകൂടാതെ അവക്കെതിരായി പ്രസംഗിച്ചു. പ്രസംഗമദ്ധ്യേ ജനങ്ങൾക്കു മുസോലിനി യുടെ നേരെ കോപം ജനിക്കുകയും അവർ ഒന്നിച്ചുകൂടി കലശൽ കൂട്ടുകയും ഉണ്ടായി. ആ സമയത്തു മുസോ ലിനിപറഞ്ഞ വാക്കുകൾ താഴെ എഴുതാം. "നിങ്ങൾഎ ത്രതന്നെ കലശൽകൂട്ടിയാലും എനിക്കു നിങ്ങളുടെ നേ രെ വെറുപ്പു തോന്നുന്നില്ല. എങ്കിലും ബൽജിയത്തിലും ഫ്രാൻസിലും ജമ്മൻകാരുടെ അക്രമങ്ങളെ ദിനംപ്രതി അനുഭവിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സ്വമജീവികളെ സഹായിപ്പാൻ നമ്മുടെ സ്വരാജ്യം പോകരുതെന്നു പറ യുന്ന നിങ്ങളുടെ പേരിൽ എനിക്ക് ഒരിക്കലും ദയവു ണ്ടാകുകയില്ല. ചതിയന്മാരുടേയും ഭീരുക്കളുടേയും പ്ര വൃത്തികൾക്കു തക്കതായ ശിക്ഷ ഞാനൊരു കാലത്തു അവക്കുകൊടുക്കും. നിങ്ങളുടെ എന്റെ നേരെഉള്ളഇപ്പോ ളത്തെ വെറുപ്പുകൊണ്ടു നിങ്ങൾക്കുതന്നെ എന്നെ സ്നേ ഹവും ബഹുമാനവും ഉണ്ടെന്നു മനസ്സിലാക്കുന്നു." ഇ പ്രകാരമുള്ള പ്രസംഗങ്ങൾകൊണ്ടു തൽക്കാലം സോ ഷ്യാലിസ്ററ് സംഘക്കാരെ സ്വാധീനപ്പെടുത്തുവാൻ സാധിക്കാത്തതുകൊണ്ട്, അവസാനം ബോളോഗ്നാ വിൽവെച്ചു മുസോലിനിയെ സഭയിൽനിന്നു പുറത്താക്കു കയും, പിന്നീടു പത്രാധിപസ്ഥാനത്തുനിന്നു ഒഴിപ്പിക്കു കയും ചെയ്തു.

ബനിറോ മുസോലിനിയെ സോഷ്യാലിസ്ററ് സം ഘക്കാർ പുറത്താക്കിയതിന്നുശേഷം അയാൾ നവംബർ

മാസത്തിൽ വളരെ കുറച്ചുമാത്രംപണത്തോടുകൂടി "ഇൽ പോപ്പോലോ. ഡീ. ഇററാലിയാ" എന്ന വത്തമാനപത്രത്തെ ആരംഭിച്ചു. മുസോലിനി ആ പത്രത്തെ തുടങ്ങിയതു ഫ്രഞ്ചുകാരുടെ സഹായത്താലാണെന്നു നാട്ടുകാർ ആക്ഷേപിക്കുവാൻ തുടങ്ങി. എന്നാൽ ആ കുററാരോപണം എത്രത്തോളം ഉണ്ടെന്നറിവാൻവേണ്ടി സോഷ്യാലിസ്ററ് സംഘത്തിൽനിന്നു മൂന്നു പേരടങ്ങിയ ഒരു കമ്മററി മുസോലിനിയുടെപത്രപ്രവത്തനാപ്പീസിനെ,പരിശോധിച്ചതിൽ, മുസോലിനി മുമ്പു പറഞ്ഞ കുററത്തിന്നു അഹനല്ലെന്നു കാണുകയാണുണ്ടായതു്. നവീനമായി ബെനിറേറാ തുടങ്ങിയ പത്രത്തിൻെറ സഹായത്തോടുകൂടി അയാൾ രണ്ടു ഉദ്ദേശങ്ങളെയാണു നിറവേററുവാൻ ഉദ്യമിച്ചതു്. ആ രണ്ടും ഉദ്ദേശങ്ങളുടെയും സാരാംശം താഴെ ചേക്കാം. "ഏതൊരുവൻ സുഖമായി ഭക്ഷണത്തിന്നാശിക്കുന്നുവോ അവനും, ഏതൊരുവൻ അവൻെറ രാജ്യത്തിൽ പുതിയ മാതിരി രാജ്യഭരണത്തെ ആശിക്കുന്നുവോ അവനും ഒന്നുപോലെ യുദ്ധത്തിന്നാശിക്കുന്നു." മേലെഴുതിയ അഭിപ്രായത്തെ ബെനിറേറാ ലോകരംഗത്തിൽ പ്രസിദ്ധനടന്മാരായിരുന്ന നെപ്പോളിയൻ മുതലായവരുടെ ആശയങ്ങളിൽനിന്നു മനസ്സിലാക്കീട്ടുള്ളതായിരുന്നു. സാധുവാക്യങ്ങൾകൊണ്ടും, മയ്യാദയായ ഔചിത്യങ്ങൾകൊണ്ടും ഇക്കാലത്തു രാജ്യഭരണത്തിന്നു സാധിക്കയില്ലെന്നാണു മുസോലിനിയുടെ അഭിപ്രായം. 'ഇൽപോപ്പോലോ ഡി. ഇററാലിയാ' എന്ന പത്രം തുടങ്ങിയതിന്നു ശേഷം ആദ്യമായി ബെനിറേറാ എഴുതിയ പ

ത്രാധിപക്കുറിപ്പ് ഇവിടെ ചേൎക്കുന്നതു സന്ദൎഭോചിതമായിരിക്കും. ആ പത്രത്തിലെ ആദ്യത്തെ പത്രാധിപക്കുറിപ്പിൻെറ തലവാചകം "ധൈൎയ്യം" എന്നായിരുന്നു. ഒരു രാജ്യത്തിൻെറ മുൻഗതിക്കുള്ള പ്രയാണത്തിൽ ആ രാജ്യത്തിലെ ചെറുപ്പക്കാരാണു് അധികം പണി എടുക്കുന്നതു്. അവരിലുംവെച്ചു കമ്പനിവേലക്കാരും കൃഷിവേലക്കാരും ആയ ചെറുപ്പക്കാരാണു് അധികം ഉത്സാഹം കാണിക്കുന്നതു്. അതിനാൽ മുൻപറഞ്ഞ കൂട്ടരോടും ചെറുപ്പക്കാരായ വിദ്യാൎത്ഥികളോടും ഞാൻ കൊടുക്കുന്ന ഉപദേശം അവർ സന്തോഷത്തോടെ കൈക്കൊള്ളുന്നതായാൽ നമ്മുടെ ഇററലിക്കു മോക്ഷമായി ഭവിക്കുന്നതാണു്. ഞാൻ അക്കൂട്ടൎക്കായിട്ടാണു് ഇന്നത്തെ പോൎവിളി പരസ്യപ്പെടുത്തുന്നതു്. സാധാരണ സമയങ്ങളിൽ ഞാൻ തീൎച്ചയായും ഇക്കാൎയ്യത്തിനുദ്യമിക്കില്ലായിരുന്നു. ഇന്നു യുദ്ധം എന്ന വാക്കിനെ ഞാൻ ഇററലിയിലെ ചെറുപ്പക്കാരോടു് ഉച്ചത്തിലും, ധൈൎയ്യത്തിലും, തീൎച്ചയോടുംകൂടി വിളിച്ചുപറയുന്നു.

മുസോലിനി യഥാൎത്ഥമായി യുദ്ധത്തെ ആഗ്രഹിച്ചിരുന്നില്ല. അയാൾ തൻെറ രാജ്യനിവാസികളുടെ രക്തത്തെ ചിലവഴിക്കാതെ ഇററലിയുടെ ശ്രേയസ്സിനെ ഇഛിച്ചിരുന്നുവെങ്കിലും, കാലവ്യത്യാസത്താൽ സ്വരാജ്യത്തിൻെറ രക്ഷക്കായി യുദ്ധംകൂടാതെ കഴികയില്ലെന്നു തീൎച്ചപ്പെടുത്തി. അതിനുപുറമെ സ്വരാജ്യക്കാരായ ഇററലിയൻകാൎക്കു ഉണൎച്ച നേടേണമെങ്കിൽ യുദ്ധമല്ലാതെ മറെറാരു ഔഷധവുമില്ലെന്നുകൂടിയും അയാൾ വിശ്വ

സിച്ചു. അന്നത്തെ ഇററാലിയൻകാർക്ക സ്ഥിതികൊണ്ടു ലോകരംഗത്തിൽ ഒരു ഉന്നതപദവിക്കവകാശമില്ലെന്നായിരുന്നു മുസോലിനിയുടെ അഭിപ്രായം. ഇററലിയൻകാർക്ക അന്നുണ്ടായിരുന്ന അലസതയെ മാററി അവർക്ക വേണ്ടുന്നതായ ഉണർച്ച അവരിൽ ജനിപ്പിക്കുവാനായിരുന്നു ബനിറേറാ മുസോലിനി പ്രധാനമായി ഉത്സാഹിച്ചിരുന്നതു്. അതിന്നായിക്കൊണ്ടുള്ള അയാളുടെ പരിശ്രമങ്ങളിൽ അയാൾക്ക ജയം സിദ്ധിക്കാതിരിക്കയില്ലെന്നു പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു. സോഷ്യാലിസ്ററ്സംഘക്കാരുടെ ഇടയിൽനിന്നും ബനിറേറാവിന്നു പിരിയേണ്ടിവന്നപ്പോൾ തൽക്കാലം ചില നിരാശകൾക്കിടയായെങ്കിലും അധികം താമസിക്കാതെ 1915 മേമാസത്തിൽ അയാൾക്കു് ഇററലിയിൽ രാജ്യഭരണവിഷയങ്ങളിൽ മുന്നിട്ടുനിന്നു പ്രയത്നിപ്പാനും ഇടയാകുക ഉണ്ടായി. ലോകമഹായുദ്ധത്തിൽ പങ്കുകൊണ്ടു ബുദ്ധിമുട്ടിക്കൊണ്ടിരുന്ന യൂറോപ്പിലെ മററു രാജ്യക്കാർ അവരുടെ ദൃഷ്ടികളെ അക്കാലത്തു ബനിറേറാ മുസോലിനിയിൽ പതിപ്പിപ്പാൻ ഇടയായി. ഇററലിയിൽ അന്നുണ്ടായിരുന്ന രാജ്യഭരണരീതികളിൽ കണ്ടുവന്നിരുന്ന പോരായ്മകളെ ഇല്ലായ്മ ചെയ്തു് ആ രാജ്യത്തിൻെറ പുനരുദ്ധാരണത്തിന്നു വേണ്ടുന്നതു പ്രവർത്തിപ്പാൻ ബനിറേറാ മുസോലിനിക്കല്ലാതെ മററാർക്കും അന്നു സാധിക്കില്ലെന്നു യൂറോപ്പിലെ പല മഹാന്മാരും പറഞ്ഞുതുടങ്ങി. മഹായുദ്ധത്തിൽ ചേരേണമെന്നും, ചേരേണ്ടെന്നും, ആയ ഇററലിയിൽ നടന്ന വാദപ്രതിവാദംമൂർദ്ധീകരിച്ച സമയത്തു ബനിറേറാ

മുസോലിനിയുടെ ശക്തിയും വദ്ധിച്ചുകൊണ്ടിരുന്നു. അ യാഠം അന്നു അയാളുടെ ഉദ്ദേശത്തെ കൂസൽകൂടാതെ പൊതുജനമദ്ധ്യേ വെച്ചു തെളിവുകഠംസഹിതം പ്രസം ഗിച്ചിരുന്നു.

ഇൽപോപ്പോലോ ഡി. ഇററാലിയാ എന്ന മുസോ ലിനിയുടെ പത്രത്തെ നടത്തിയിരുന്നതു 'മിലാനിൽ' ക്യാനോമ്പിയാതെരുവിൽ ഒരു പഴയ വീട്ടിൽ വെച്ചാ യിരുന്നു. അയാളുടെ ആപ്പീസ്സുമുറിക്കകത്തുണ്ടായിരുന്ന മേശകസാലകളുടെ പഴക്കം ഹേതുവായി അതുകളെ വേ ണ്ടുന്നവിധത്തിൽ ഉപയോഗിക്കുവാൻകൂടി സാധിച്ചിരു ന്നില്ല. ബനിറേറാ മുസോലിനിയെ അയാളുടെ പത്ര പ്രവൃത്തനത്തിൽ സഹായിച്ചിരുന്ന ആളുകഠം ഉത്സാഹ ശീലന്മാരും പരോപകാരതല്പരന്മാരുമായിരുന്നതിന്നുംപുറ മെ അവർ വിശ്വസിച്ചുപോന്നിരുന്ന അഭിപ്രായങ്ങളെ ആന്താരമായി വിലവെച്ചുപോരികയും ചെയ്തിരുന്നു. ചെ റുപ്പക്കാരായ മുസോലിനിയുടെ ആ സഹായികഠം, ഏതു തരത്തിൽ അയാളെ പരിചയപ്പെട്ടുവെന്നോ, അ വർ ഏതു പ്രകാരത്തിൽ ഉപജീവനം കഴിച്ചുപോന്നിരു ന്നുവെന്നോ ആക്കും തന്നെ അറിവാൻ തരമായിരുന്നില്ല. മുസോലിനി തൻെറ കീഴിൽ പണി എടുക്കുവാൻ നിയ മിച്ചിരുന്ന ആളുകളെ ഒരു പ്രത്യേകതരത്തിലായിരുന്നു തിരഞ്ഞെടുത്തിരുന്നതു. ഉയന്നതരം പരീക്ഷാവിജയിക ളാണെന്നുവെച്ചു, ആയാഠം ആരേയും നിയമിച്ചു പോ ന്നിരുന്നില്ല. മററുള്ളവരുടേയും ശുപാശികഠംകൊണ്ടു അ യാഠം ആരേയും തൻെറ ആപ്പീസിൽ നിയമിച്ചിരുന്നി

ല്ല. കാൎയ്യമായി എന്തെങ്കിലും പ്രവൎത്തിക്കുവാനോ എഴുതുവാനോ ശേഷിയുള്ള ആരേയും അയാൾ ഉത്സാഹിപ്പിച്ചുപോരിക പതിവായിരുന്നു. മററു പത്രക്കാർ കൊടുത്തിരുന്ന പ്രതിഫലം മുസോലിനി അയാളുടെ സഹായികൾക്കു കൊടുത്തിരുന്നില്ലെങ്കിലും, മുസോലിനിക്ക് അനേകം ചെറുപ്പക്കാരെ വ്യസനത്തോടുകൂടി മടക്കി അയക്കേണ്ടി വന്നിട്ടുണ്ടു.

മുസോലിനിയുടെ പത്രപ്രവൎത്തനാപ്പീസ്സിൻെറ ചുരുക്കമായ ഒരു വിവരണം താഴെ ചേൎക്കാം. മേപ്പിടി ആപ്പീസ് മിലാനിൽ ക്യാനോബിഃയാ തെരുവിൽ ആയിരുന്നുവെന്നും മററും മുമ്പൊരിടത്തു പറഞ്ഞിട്ടുണ്ടല്ലോ. പത്രപ്രവൎത്തനത്തിന്നു അയാളെ സഹായിച്ചിരുന്ന സഹായികൾ ഇററലിയിൽ ഓരോ ഭാഗത്തുനിന്നും വന്നിരുന്ന ചെറുപ്പക്കാരായിരുന്നു. അയാളുടെ മനസ്സിന്നിണങ്ങിയ ആളുകളെ മാത്രമേ അയാൾ അയാളുടെ ആപ്പീസിൽ ചേൎത്തിരുന്നുള്ളു. സ്വരാജ്യസ്നേഹം ധാരാളം ഉണ്ടായിരുന്ന ചെറുപ്പക്കാരായ ആ സഹായികളുടെ അന്തൎഭൂതമായിരുന്ന സ്വതന്ത്രബുദ്ധി മുസോലിനിയുമായുള്ള സംസൎഗ്ഗം ഹേതുവായി വികസിച്ചുപോന്നിരുന്നു. തൻെറ കീഴിൽ പണി എടുത്തിരുന്ന ആ ഉദ്യോഗസ്ഥന്മാൎക്കു ബനിറോ ധാരാളമായ സ്വാതന്ത്ര്യം കൊടുത്തിരുന്നു. ആപ്പീസ് ജോലികളെ സാധാരണയായി നടത്തിയിരുന്നതിന്നുപുറമെ, ആപ്പീസ് നിബന്ധനകൾ അവൎക്കു സാധാരണ ഉണ്ടായിരുന്നില്ല. പത്രത്തിലേക്കു വേണ്ടുന്ന ലേഖനങ്ങൾ എഴുതുന്ന സമയത്തു മുസോലിനിയുടെ സഹായി

കൾ തമ്മിൽ തമ്മിൽ ഉച്ചത്തിൽ സംസാരിക്കുകയും, സ്നേഹവഴിയായി കലശൽ കൂട്ടുകയും ചെയ്തിരുന്നതിനെ മുസോലിനി വിരോധിച്ചിരുന്നില്ല. ഈ സന്ദർഭത്തിൽ മുസോലിനിയുടെ ആപ്പീസു ചുമരുകളിൽ എഴുതിപ്പതിച്ചിരുന്ന ചില വിനോദങ്ങളായ ചട്ടങ്ങളെ ഇവിടെ ചേൎക്കുന്നതു അനുചിതമായിരിപ്പാൻ തരമില്ല. "നാലു് വാക്കുകൾകൊണ്ടു കാൎയ്യം അവസാനിപ്പിക്കുവാൻ തരമുള്ള ദിക്കിൽ അഞ്ചും ആറും വാക്കുകൾ ഉപയോഗിക്കുന്നതു കഠിനമായ ഒരു കുററമാകുന്നു." ഇതായിരുന്നു ഒരു മുറിയുടെ പുറം ചുമരിന്മേൽ എഴുതിപ്പതിച്ചിരുന്നതു. ആപ്പീസിന്റെ പ്രവേശനമാൎഗ്ഗത്തിൽ ആൎക്കും തന്നെ കാണത്തക്ക വിധത്തിൽ "ഈ ആപ്പീസിലെ ഉദ്യോഗസ്ഥന്മാർ ആപ്പീസിൽ വന്നശേഷമല്ലാതെ ആപ്പീസിൽനിന്നു പോകുവാൻ പാടില്ലാത്തതാകുന്നു" എന്നെഴുതിയിരുന്നു. "ഈ മുറിയിൽ ആർ പ്രവേശിക്കുന്നുവോ അവർ എന്നെ ബഹുമാനിക്കുകയും, ആർ പ്രവേശിക്കാതിരിക്കുന്നുവോ അവർ എന്റെ സന്തോഷത്തിന്നു പാത്രവാനായി തീരുകയും ചെയ്യുന്നതാണു." മേലെഴുതിയതായിരുന്നു മുസോലിനിയുടെ സ്വകാൎയ്യമുറിയുടെ മുൻഭാഗത്തു എഴുതിപ്പതിച്ചിരുന്നതു. പഴക്കംകൊണ്ടു വാതിലുകൾ പോയിരുന്ന ഒരു കട്ടിളയുടെ മുകൾഭാഗത്തു "അകത്തു കടന്നശേഷം ദയവുചെയ്തു വാതിലടക്കുക" എന്നെഴുതിയിരുന്നു. ഈ പ്രകാരത്തിൽ ആയിരുന്നു ഇററലിയിലെ ഏററവും അധികം പ്രചാരമുണ്ടായിരുന്ന മുസോലിനിയുടെ പത്രത്തിന്റെ ഉല്പത്തിസ്ഥാനം.

ബെനിറേറാ മുസോലിനി മുൻ ആലോചനകൂടാതെ യാതൊന്നും പ്രവൎത്തിച്ചിരുന്നില്ലെന്നു അയാളുടെ പ്രവൃത്തികളിൽ നിന്നറിയാറാകുന്നുണ്ടെങ്കിലും, മുൻ ആലോചന ചെയ്യുന്നതു ഏതു സമയത്താണെന്നും മററും അയാളുടെ ഉററ സ്നേഹിതന്മാൎക്കുകൂടി മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. പത്രത്തിലേക്കു ലേഖനങ്ങൾ എഴുതുന്ന സമയത്തു അയാൾ മററുള്ളവരെ കാണുവാൻ തീരെ അനുവദിച്ചിരുന്നില്ല. അയാളുടെ ആപ്പീസിൽ അയാളുടെ കീഴിൽ പണി എടുത്തു വന്നിരുന്ന ഭൃത്യൻമുതൽ സഹപത്രാധിപർവരെ ഉള്ള ആളുകൾ എല്ലാവരും ഒന്നുപോലെ ധീരന്മാരും മനസ്സുറപ്പുള്ളവരും ആയിരുന്നുവെന്നുള്ളതിനു ഒരു ചെറിയ ഉദാഹരണം പറയാം. ഒരിക്കൽ പ്രധാനപ്പെട്ട ഒരു വിഷയത്തെ ആലോചിച്ചെഴുതിക്കൊണ്ടിരിക്കുന്നതിന്നിടയിൽ അയാൾ അയാളുടെ കുശിനിക്കാരനെ വിളിച്ചു "എനിക്കു കുറച്ചു നല്ല കാപ്പി കൊണ്ടുവാ. എന്റെ മുറിക്കകത്തു ആരേയും കടക്കുവാൻ അനുവദിക്കരുതു. കടക്കുന്ന ആളുടെ തലയെ ഞാൻ തോക്കുകൊണ്ടു വെടിവെക്കുന്നതാണ്" എന്നാജ്ഞാപിച്ചു. കുശിനിക്കാരൻ ഉടനെ "യജമാനനേ, ഞാൻ എങ്ങിനെയാകുന്നു കാപ്പി കൊണ്ടുവരേണ്ടതു. ഞാൻ മുറിക്കകത്തു പ്രവേശിക്കുന്നതായാൽ എന്നേയും വെടി വെക്കുകയില്ലേ" എന്നു മറുപടി പറഞ്ഞു. ആ മറുപടി കേട്ടു മുസോലിനിക്കു കോപത്തിനുപകരം സന്തോഷമാണുണ്ടായതു.

മുസോലിനിയുടെ പ്രത്യേക മുറിക്കകത്തു അയാളിരിക്കുന്നതിന്റെ പിൻഭാഗത്തു ചുമരിന്മേൽ വലുതായ ഒ

ള കറുത്ത കൊടി തൂക്കിട്ടുണ്ടായിരുന്നു. മുസോലിനിയുടെ മേശപ്പുറത്തു അനേകം പുസ്തകങ്ങൾക്കിടയിൽ ഇരുപത്തു പൊട്ടുന്ന ഒരു കൈത്തോക്കും അതിമൂർച്ചയുള്ള ഒരു നായാട്ടുകത്തിയും എല്ലാ സമയത്തും ഉണ്ടായിരിക്കുന്നതാണ്. ആ മുറിക്കകത്തു ഇരുന്നുകൊണ്ടു മുസോലിനി അക്ഷീണമായി പണി എടുക്കുന്നതുകണ്ടാൽ, കാണുന്നവർക്ക് അതിശയത്തെ ജനിപ്പിക്കാതിരിക്കയില്ല. കാര്യമായ വിഷയങ്ങളെ എഴുതുന്ന സമയത്തു അയാൾ ഇരിക്കുന്ന മുറിയുടെ വാതിലുകൾ നല്ലവണ്ണം അടച്ചിട്ടുണ്ടായിരിക്കും. പുറത്തു പണി ചെയ്തുകൊണ്ടിരിക്കുന്ന അയാളുടെ സഹായികൾക്കു ആ സമയത്തു അകത്തുനിന്നു എഴുതിക്കൊണ്ടിരിക്കുന്ന ശബ്ദവും ഇടക്കിടെ അയാളുടെ ഉള്ളിൽനിന്നും പുറപ്പെടുന്ന ഹുങ്കാരശബ്ദങ്ങളും ധാരാളമായി കേൾക്കാമായിരുന്നു. തന്റെ അഭിപ്രായങ്ങളെ ഏതു പ്രകാരത്തിൽ വായനക്കാരെ മനസ്സിലാക്കേണമെന്നുള്ള അറിവിലേക്കായി അയാൾക്കു പ്രത്യേകമൊരാലോചനക്കു ഇടവന്നിരുന്നില്ല. ബനിറേറാ ഒരു കാര്യത്തിലേക്കുപ്രവേശിച്ചതിനുശേഷം, അതിനെ മുഴുവനാക്കാതെ മററു യാതൊരു പ്രവൃത്തികളിലും പ്രവേശിക്കാറു പതിവില്ല. സാധാരണ ലേഖനങ്ങൾ എഴുതുന്ന അവസരങ്ങളിൽ അയാൾ പുസ്തകങ്ങളുടെ സഹായങ്ങൾ ആവശ്യപ്പെടാറില്ല. പ്രധാനമായ കാര്യങ്ങളെ ആലോചിക്കേണ്ടതിലേക്ക് അയാൾക്കു പ്രത്യേകസമയമോ, സ്ഥലമോ, വേണ്ടിവന്നിരുന്നില്ല. ഉറങ്ങുന്ന സമയമൊഴികെ മറെറല്ലാ സമയങ്ങളിലും മുസോലിനി കാര്യവിചാരണനടത്തിക്കൊ

ണ്ടിരുന്നു. അക്കാലത്തു അനേകം ആളുകൾ അയാളെ വെറുത്തിരുന്നുവെങ്കിലും, അയാൾ എല്ലാവരേയും ഒന്നുപോലെ സ്നേഹിക്കാറാണു പതിവ്. മുസോലിനി ഒരു പ്രത്യേകബന്ധുവായി ആരേയും സ്വീകരിച്ചിരുന്നില്ല. എന്നാൽ അയാൾക്കു ഒരു പ്രത്യേകബന്ധു ഉണ്ടായിരുന്നില്ലെന്നു പറവാൻ വയ്യാത്ത നിലയിൽ അയാൾ അയാളുടെ പത്രത്തെ അതികഠിനമായി സ്നേഹിച്ചിരുന്നു. ഇൽ പോപ്പോലോഡി- ഇററാലിയാഎന്ന ബനിറോറാവിന്റെ പത്രമായിരുന്നു അയാളുടെ ഉററബന്ധു.

പത്രപ്രവൃത്തനത്തെകച്ചവടരീതിയിൽ കൊണ്ടുനടന്നിരുന്ന പ്രവൎത്തകന്മാരേയും എഴുത്തുകാരേയും ബനിറോറാ മുസോലിനിക്കു അതിയായ വെറുപ്പായിരുന്നു. സാധാരണ കാണാറുള്ള ലേഖകന്മാരുടെ നടവടികളും ചട്ടങ്ങളും അയാൾക്കു ഇഷ്ടമുണ്ടായിരുന്നില്ല. ലോകോപകാരത്തിന്നായി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിവരുന്ന ലേഖനങ്ങൾ സാരവത്തുക്കളായിരിക്കേണമെന്നും, അവ കൊണ്ടു വായനക്കാൎക്കു എന്തെങ്കിലും ഉപകാരമുണ്ടായിരിക്കേണമെന്നും, യഥാൎത്ഥത്തെ മറച്ചുവെക്കാതെ കാൎയ്യങ്ങൾ തുറന്നു പറയുന്നവയായിരിക്കേണമെന്നും ആയിരുന്നു മുസോലിനിയുടെ ശാഠ്യം. മേൽപ്പറഞ്ഞ ഗുണങ്ങൾക്കെല്ലാം യാതൊരു കുറവും വരുത്താതെ മുസോലിനി അയാളുടെ ലേഖനങ്ങളെ പ്രസിദ്ധപ്പെടുത്തി വന്നിരുന്നു. പത്രംമുഖേന അയാളുടെ ആശയങ്ങളെ പൊതുജനങ്ങളെ മനസ്സിലാക്കിയിരുന്നതിന്നു പുറമെ അതേ ആശയങ്ങളെത്തന്നെ പ്രസംഗങ്ങൾകൊണ്ടും, ജനസമൂഹത്തെ

മനസ്സിലാക്കിയിരുന്നു. അയാറം അയാളുടെ പ്രസംഗരീതിതന്നെ മററുള്ളവരിൽനിന്നും വ്യത്യസ്തപ്പെട്ടതാക്കിക്കൊണ്ടിരുന്നു. സാവധാനത്തിലുള്ള അയാളുടെ പ്രസംഗങ്ങളിൽ വേണ്ടുന്ന അവസരങ്ങളിലെല്ലാം വാക്കുകളെ ശക്തിയോടുകൂടെ ഉച്ചരിക്കുകയും സദസ്യരുടെ ഓരോരുത്തരുടേയും മുഖങ്ങളിൽ നോക്കിക്കൊണ്ടു അവരുടെ ഉള്ളിൽ കഴിയുന്ന വിചാരങ്ങളെ മനസ്സിലാക്കുകയും, സദസ്യൎക്ക മനസ്സിലാകാത്ത സംഗതികളെ ഒന്നുപോലെ രണ്ടും മൂന്നും പ്രാവശ്യം എടുത്തു പറയുകയും ചെയ്യാറാണു പതിവു. പ്രസംഗത്തിന്റെ ചമൽക്കാരത്തിന്നുവേണ്ടിമാത്രം അയാറം കഠിനങ്ങളായ പദങ്ങളെ ഉപയോഗിക്കാറു പതിവില്ല. വാചകങ്ങളുടെ ദീൎഘത്തിന്നും ഭംഗിക്കും ഒഴുക്കിന്നുമായി അയാറംക്ക അൎത്ഥമില്ലാത്ത പദങ്ങളെ ഉപയോഗിക്കേണ്ടി വന്നിരുന്നില്ല. അയാറം പ്രസംഗിച്ചിരുന്ന ഓരോരോ വാചകവും സാരവത്തുക്കളായ കാൎയ്യങ്ങറം അടങ്ങിയിരുന്നവയായിരുന്നു. ഇതിനെല്ലാററിന്നും പുറമെ പ്രസംഗസമയത്തു സദസ്യരെ ഒട്ടാകെ ആകൎഷിക്കുവാനുള്ള ശക്തി അയാളുടെ മുഖഗാംഭീൎയ്യത്തിന്നുതന്നെ ഉണ്ടായിരുന്നു.

സദാസമയത്തും കാൎയ്യങ്ങളെ മാത്രം ചിന്തിക്കുകയും പ്രവൎത്തിക്കുകയും ചെയ്തിരുന്ന ബെനിറേറാ മുസോലിനി കാൎയ്യമായ വിനോദക്കളികളിലും ചേരുവാൻ ഇഷ്ടപ്പെട്ടിരുന്നു. എന്നാൽ പന്തുകളി മുതലായ ചില്ലറ വിനോദങ്ങളിൽ അയാളുടെ മനസ്സു പോയിരുന്നില്ല. മോട്ടോർ വണ്ടി ഓടിക്കുന്നതിൽ മുസോലിനിക്കു അതിയായ

കാംക്ഷ ഉണ്ടായിരുന്നു. മോട്ടോർ വണ്ടിയുടെ ആവശ്യം
മനുഷ്യൎക്കുണ്ടാകുന്നതു, അതിന്റെ വേഗതകൊണ്ടാണെ
ന്നും, അതിനാൽ മോട്ടോറിനെ സാവധാനത്തിൽ ഓടി
ക്കുന്നതു തെറ്റാണെന്നുമാണു മുസോലിനി പറയാറു്. മു
സോലിനി മോട്ടോർ ഓടിക്കുന്ന സന്ദൎഭങ്ങളിലെല്ലാം
പൊല്ലീസ് നടപടിക്കു വിരോധമായി മണിക്കൂറിൽ കുറ
ഞ്ഞതു നാല്പതു നാഴിക വീതം ഉള്ള വേഗതയിൽ ഓടി
ച്ചിരുന്നു ആകാശവിമാനം നടത്തുന്നതിന്നു വേണ്ടുന്ന
ലൈസൻസ് കിട്ടുവാൻ ഉത്സാഹിച്ചിരുന്ന സമയത്തു
വിമാനത്തിൽനിന്നു തന്നെ അയാൾക്കൊരപകടം പററു
കയുണ്ടായി. കൂടെ ഉണ്ടായിരുന്ന മററു രണ്ടുപേർ മരിച്ചു
പോയെങ്കിലും മുസോലിനിക്കു കഠിനങ്ങളായ പരുക്കുകൾ
മാത്രം തട്ടി രക്ഷപ്പെടുകയാണുണ്ടായതു. മുസോലിനിയെ
പ്പോലെ ദേഹത്തിന്നും മനസ്സിന്നും ഒന്നുപോലെ ശക്തി
യുള്ള ഒരു മനുഷ്യനെ ലോകത്തിൽ അധികം കാണു
വാൻ തരമില്ല. ഒരു ജനസമൂഹത്തിൽ വെച്ചു ഒരു പ്ര
സംഗം നടത്തുമ്പോളോ, മററുവല്ല കാൎയ്യങ്ങൾ പ്രവ
ൎത്തിച്ചുകൊണ്ടിരിക്കുമ്പോളോ മുസോലിനി അവിടെകൂടി
യിരിക്കുന്നവരിൽ എല്ലാവരിലും വെച്ചു ഏതു സംഗതി
കൊണ്ടും അയാൾ തന്നെയാണു മുമ്പനെന്നു കാൎയ്യമായി
വിശ്വസിച്ചുപോരാറുണ്ടു്. അയാൾ ഒരു കാൎയ്യത്തിൽ ഇ
റങ്ങിപ്പുറപ്പെട്ടു കഴിഞ്ഞാൽ പിന്നീടു അതിന്റെ സാദ്ധ്യ
ത്തിന്നായി സ്വന്തം സൌകൎയ്യങ്ങളെ ഒട്ടുംതന്നെ വക
വെക്കാറില്ല. മുസോലിനി ശത്രുക്കൾക്കു് ഒരു ഉഗ്രശത്രു
വും ബന്ധുക്കൾക്കു ഒരു ഉറ്റബന്ധുവും ആയിരുന്നുവെന്നു

അയാളുടെ പ്രവൃത്തികളിൽനിന്നു ധാരാളം അറിയാവു ന്നതാണു. വേണ്ടുന്ന സന്ദർഭങ്ങളിൽ അയാളുടെ ഉള്ളിൽ നിന്നു പുറപ്പെട്ടിരുന്ന കരുണ ഏററവും നിർമ്മലമായിട്ടു ള്ളതായിട്ടാണു കണ്ടുവരാറുള്ളതു്. മുസോലിനിയെ അതി കഠിനമായി വെറുക്കുന്ന ഒരുവന്നു് അയാളുടെ മുഖത്തി ന്നു നേരെ നോക്കി വിരോധമായി ഒരു വാക്കുപോലും ഉ രിയാടുവാൻ സാധിച്ചിരുന്നില്ലെന്നുതന്നെ പറയണം.

1915 ജനവരിമാസം മുതൽക്കുതന്നെ മുസോലിനി അയാളുടെ പത്രത്തിൽ മററു സംഗതികൾക്കു് അധിക മായി ഇടംകൊടുക്കാതെ ലോകമഹായുദ്ധത്തിൽ ബെൽ ജിയം, ഫ്രാൻസ് മുതലായ രാജ്യങ്ങൾ അനുഭവിച്ചു പോ രുന്ന കഷ്ടാകഷ്ടതകളെ വിളിച്ചു പറഞ്ഞു ഇററലിക്കാരെ ഉണർത്തുവാൻ ശ്രമിക്കുകയായിരുന്നു. അനേകകാലമായി ഉറങ്ങിക്കിടന്നിരുന്ന ഇററലിക്കാരുടെ ഉറക്കപ്പിച്ചിനെ അകററേണ്ടുന്നതിലേക്കു മുസോലിനി അത്യധികം പ്രയ ത്നിച്ചു. അക്കാലത്തു ഇററലിയിലെ രാജ്യഭരണാധികാരി കളിൽ ഒരുവനായിരുന്ന ഗിയോലിററി എന്നാൾ മുസോ ലിനിയുടെ വിരോധിയും ഇററലിയിലെ ജർമ്മൻ പ്രതിനി ധിയായ വാൻബ്യൂളോവിൻെറ ആപ്തമിത്രവുമായിരുന്നു. 1915 ജനവരിമാസത്തിൽ തന്നെ മുസോലിനിക്കു് അ യാളുടെ ഒരു പ്രത്യേകസംഘം വിളിച്ചുകൂട്ടുവാൻ സാധി ച്ചു. ആ സംഘക്കാരുടെ ഉദ്ദേശം പഴയ രീതികളെ അ നുസരിക്കേണമെന്നായിരുന്നു. ആ സംഘത്തിൻെറ ആ ദ്യത്തിങ്കൽതന്നെ ചെറുപ്പക്കാരായ അയ്യായിരം അംഗ ങ്ങൾ ചേൎന്നിട്ടുണ്ടായിരുന്നു. അംഗങ്ങളെല്ലാം ഇററലി

യിൽ ഓരോ ഭാഗത്തുനിന്നു ചേൎന്നിട്ടുള്ളവരായിരുന്നതു കൊണ്ടു് ആ സംഘത്തിന്റെ അദ്ധ്യക്ഷനായ മുസോലിനിക്കു ഇററലി മുഴുവൻ പേർ സമ്പാദിപ്പാൻ സാധിച്ചു. തന്റെ സംഘാംഗങ്ങൾക്കും മററു ഇററാലിയൻകാൎക്കും അടിക്കടി അയാൾ ശക്തിയായ പ്രസംഗങ്ങൾ കൊടുത്തുപോന്നിരുന്നു. അക്കൊല്ലം ഏപ്രിൽമാസത്തിൽ ഒരു ദിവസം മുസോലിനിയെ തടവിൽ പിടിച്ചു കുറച്ചു ദിവസത്തിന്നു അവിടെ താമസിപ്പിച്ചു. അതിന്നുശേഷം അയാളുടെ പ്രവൃത്തികൾ വീണ്ടും പൂൎവ്വാധികം ശക്തിയോടുകൂടി നടത്തിത്തുടങ്ങി. പ്രസംഗം, പത്രപ്രവൎത്തനം, ജെയിൽവാസം മുതലായ സംഗതികൾകൊണ്ടു മുസോലിനി അക്കാലത്തു സദാസമയത്തും ജാഗ്രതയോടുകൂടി ത്തന്നെ ഇരുന്നു. ഗിയോലിററി എന്ന ആൾ ഇററലിയിൽ ജൎമ്മൻകാൎക്കവേണ്ടി വളരെ സഹായങ്ങൾ ചെയ്തു കൊണ്ടിരുന്നു. തന്നിമിത്തം മുസോലിനി ഗിയോലിററിയെപററി അയാളുടെ പത്രത്തിൽ കഠിനമായി ആക്ഷേപിച്ചെഴുതുകയും ആയാളുടെ സ്വാതന്ത്ര്യത്തെപ്പററി പരസ്യമായി വിളിച്ചു പറയുകയും ചെയ്തുതുടങ്ങി. പൊതുജനങ്ങളെ യുദ്ധംകൊണ്ടുണ്ടാകുന്ന ഭയങ്കരാനുഭവങ്ങളെ പറഞ്ഞു മനസ്സിലാക്കി അതിൽനിന്നും ഒഴിപ്പിക്കുവാനുള്ള ഗിയോലിററിയുടെ ദുർബ്ബോധനകളെ മുസോലിനി വീണ്ടും വീണ്ടും ശക്തിയോടുകൂടെ അയാളുടെ പത്രത്തിൽ വിളിച്ചുപറഞ്ഞു. അതോടുകൂടിത്തന്നെ ഇററലിയിലെ അന്നത്തെ രാജ്യഭരണകൎത്താക്കന്മാരെ അവരുടെ സ്ഥാനങ്ങളിൽനിന്നും ഒഴിപ്പിച്ചല്ലാതെ ഇററലിയുടെ ശ്രേയസ്സി

ന്നു കാരണമാകുകയില്ലെന്നും അയാൾ തുറന്നു പറഞ്ഞു. ഇററലിയിൽ അന്നുണ്ടായിരുന്ന പാർലിയമെണ്ട സഭയായിരുന്നു ഇററലിയുടെ പ്രധാന ശത്രു എന്നു അയാൾ കൂസൽകൂടാതെ വിളിച്ചുപറഞ്ഞു. ആ പാർലിയമെണ്ട സഭയെ തീരെ ഒടച്ചു വാർക്കേണമെന്നും പുതിയ ഭരണകർത്താക്കന്മാരെ നിയമിക്കേണമെന്നും അയാളുടെ പത്രം മുഖേന മുസോലിനി അഭിപ്രായപ്പെട്ടു.

മുസോലിനിയുടെ മുറവിളികൊണ്ടോ—അല്ലാ—മററുവല്ല കാരണങ്ങൾകൊണ്ടോ, ഗിയോലിററിയെ സ്ഥാനഭ്രഷ്ടനാക്കുകയും അയാളുടെ സ്ഥാനത്തു സലാൻറാ എന്ന ഒരാളെ നിയമിക്കുകയും ഉണ്ടായി. അയാൾ ആ സ്ഥാനത്തു പ്രവേശിച്ചഉടനെ പൊതുജനങ്ങളുടെ ആഗ്രഹമനുസരിച്ചു, ഇററലി ആസ്ത്രിയാരാജ്യത്തോട യുദ്ധത്തിനൊരുങ്ങി. ആ സന്ദർഭത്തിൽ മുസോലിനി പരസ്യമായി പൊതുജനങ്ങൾക്കു കൊടുത്ത പ്രസംഗം പ്രസ്താവയോഗ്യമാണ്. "ഇന്നുവരെയും ഉറങ്ങിക്കിടന്നിരുന്ന നമ്മൾ യുദ്ധത്തിൻെറ അഹംകാരവിളിയെ കേട്ടു പാതിമാത്രം ഉണർന്നിരിക്കുന്നു. നമ്മുടെ ഇടയിലുള്ള അഭിപ്രായവ്യത്യാസങ്ങളെല്ലാം ഇതിനാൽ തന്നെ അകന്നുപോയിരിക്കുന്നു. ഇന്നു മുതൽ നമ്മുടെ ഉദ്യമം നമ്മുടെ പൊതുവായ ശത്രുവിനെ ജയിക്കുവാനാകുന്നു. ഇന്നുതന്നെയാണു നമ്മുടെ മനസ്സിൽ നമ്മുടെ ജന്മഭൂമിയെപ്പററി ഓർമ്മ വന്നതു. ഇന്നുതന്നെ നമ്മുടെ ജന്മഭൂമിയിൽ പുരാതന കാലത്തു ജീവിച്ചിരുന്ന അനേക മഹാന്മാരുടെ ഓർമ്മ നമ്മുടെ മനസ്സിൽ ഉണ്ടായി. ഇന്നുമുതൽ തന്നെ നമ്മുടെ

ഉറക്കത്തെ തീരെ കളഞ്ഞു, വൎഗ്ഗവ്യത്യാസം കൂടാതെ കൈകോൎത്തു പിടിച്ചു, ധൈൎയ്യത്തോടുകൂടെ പൊതുശത്രുവിനെ എതിൎക്കുവാൻ നടക്കണം. നമ്മുടെ പൊതുമാതാവായ ജന്മഭൂമിക്കുവേണ്ടി കുസൽകൂടാതെ നമ്മുടെ ജീവനെ ബലികഴിക്കണം.”

ഇററലി മുഴുവൻ ഒന്നായി പടന്നു പിടിച്ച 1915 മേമാസം 23-ാംനു-യിലെ ആ തിയ്യ് ഇററലിക്കാരുടെ മനസ്സിനെ കത്തിക്കുകയാണു ചെയ്തതു. ഇററലിക്കാൎക്കു ഒരു കാലത്തും മറന്നു പോകാത്ത ആ ദിവസം ഇററലിയുടെ ഉന്നത മാൎഗ്ഗത്തിലേക്കു തിരിയുന്ന ദിവസമായി കണക്കാക്കാം. ഇററലിക്കാരിൽ പൊതുവായി ജനിച്ച ആ ആഹ്ലാദത്തിന്നു കാരണഭൂതനായി തീൎന്നതു ബനിറേറാമുസോലിനി ആയിരുന്നുവെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

## അഞ്ചാം അദ്ധ്യായം.

1915 മേമാസം 23-ാംനു- ഇററലി മഹായുദ്ധത്തിൽ ചേൎന്നു. ഇററാലിയൻസൈന്യത്തിൽ ചേരുവാനായിക്കൊണ്ടു് അനേകായിരം ജനങ്ങൾ ചെന്നതിൽ മുമ്പനായി നിന്നതും നമ്മുടെ ബനിറേറാമുസോലിനി തന്നെയായിരുന്നു. എന്നാൽ ആദ്യമായി മുസോലിനിയെ പട്ടാളത്തിൽ ചേൎത്തില്ല. ആയാൾ കൊടുത്ത ഹൎജ്ജിയെ തൽക്കാലം ഭരണാധികാരികൾ തള്ളിക്കളഞ്ഞുവെങ്കിലും വീണ്ടും വീണ്ടും മുസോലിനി അപേക്ഷിച്ചിരുന്നതിന്റെ ഫലമാ

യി സെപ്റ്റംബർമാസം 2-ാംനു- അയാളെ സൈന്യത്തിൽ ചേൎത്തു. സൈന്യത്തിൽ ചേൎന്ന യുദ്ധരംഗത്തിലേക്ക പോകുന്നതിന്നുമുമ്പു മുസോലിനി അയാളുടെ പത്രാധിപത്യം വിശ്വസ്തസഹായി ആയിരുന്ന പാൽക്കോവിനെ ഏല്പിച്ചുകൊടുത്തു. പാൽക്കോ ഇററലിയിലെ ഏററവും പേരുകേട്ട കാലാൾസൈന്യത്തിൽ ആയിരുന്നു ചേൎന്നു യുദ്ധംചെയ്തതു. യുദ്ധഭൂമിയിൽവെച്ചു മുസോലിനിയുടെ സൈന്യമേലധികാരി അയാളോടു സൈന്യത്തിന്റെ പിന്നണിയിൽ ഇരുന്നു ആ പ്രത്യേകസൈന്യത്തിന്റെ ചരിത്രത്തെ എഴുതുവാൻ ആവശ്യപ്പെടുകയുണ്ടായി. മേലധികാരിയുടെ ദയവായ ആ കല്പനയെ ധീരനായ മുസോലിനി വ്യസനത്തോടുകൂടി നിരസിക്കകയാണ് ചെയ്തതു. താൻ യുദ്ധഭൂമിയിൽ വന്നതു യുദ്ധം ചെയ്യുന്നതിലേക്കായിരുന്നുവെന്നും, ചരിത്രം എഴുതുവാൻ ആ അവസരത്തിൽ സമയമില്ലെന്നും മുസോലിനി അയാളുടെ മേലധികാരിയോടു തുറന്നുപറഞ്ഞു. അതിനാൽ യുദ്ധത്തിൽ ഏററവും അപകടമായ സ്ഥാനത്തിൽതന്നെ നിന്നു യുദ്ധം ചെയ്യേണ്ടതിലേക്ക മുസോലിനിക്ക സാധിച്ചു. തന്റെ രാജ്യത്തിന്നുവേണ്ടി അയാൾ കയ്യേററിരുന്ന പ്രവൃത്തികളെ യുദ്ധഭൂമിയിൽവെച്ചു ഏററവും സന്തോഷത്തോടുകൂടിയും, ഭയലേശം കൂടാതേയും, യഥാൎത്ഥമായ മനഃശക്തിയോടുകൂടിയും മുസോലിനി നടത്തിപ്പോന്നു.

യുദ്ധകാലത്തു അയാൾ ഇററാലിയൻ സൈന്യത്തിൽ കാണിച്ചിരുന്ന ധീരകൃത്യങ്ങളെ, മറെറാരാളായിരുന്നു ചെയ്തിരുന്നതെങ്കിൽ ആ ആൾക്ക വലിയ പട

വികാരാക്കം മാറും സംഗതി വരുമായിരുന്നു. മുസോലിനിയെ കന്നരണ്ടു കുറി സാർജൻററ് എന്ന ഉദ്യോഗസ്ഥപദവിയിൽ തൽക്കാലമായി വെച്ചിരുന്നുവെങ്കിലും, മററു യാതൊരു പദവിക്കും അയാരാക്ക സാദ്ധ്യമായിട്ടില്ല. എന്നാൽ മുസോലിനിയുടെ ഉദ്ദേശവും ഉന്നതപദവി സിദ്ധിക്കേണ്ടതിലേക്കല്ലാതിരുന്നതുകൊണ്ടു അയാരാ വീണ്ടും പൂവ്വാധികം ധീരതയോടുകൂടിത്തന്നെ പൊരുതിപ്പോന്നു. യുദ്ധത്തിന്നിടയിൽ അല്പാല്പമായി കിട്ടിക്കൊണ്ടിരുന്ന ഒഴിവുസമയങ്ങളിൽ അയാരാ യുദ്ധചരിത്രത്തെ അതിൻെറ യഥാത്ഥമായ സകല ഭാഗങ്ങളേയും ചേത്തു എഴുതിക്കൊണ്ടിരുന്നു. യുദ്ധത്തിൽ പലേ പ്രാവശ്യവും മുസോലിനിക്കു മുറിവുപററീട്ടുണ്ടെങ്കിലും മുറികരാ പൊറുത്ത ഉടനെ വീണ്ടും അയാരാ സൈന്യത്തിൽ ചേരുകയാണു ചെയ്തിരുന്നതു. ഒരിക്കൽ സാർജെൻററു മുസോലിനിയുടെ കീഴിലുണ്ടായിരുന്ന ഒരു മോട്ടോർ വാഹനത്തിൻെറ എൻജിൻ പൊട്ടിത്തെറിക്കുക ഹേതുവാൽ മുസോലിനിക്കു അനവധി മുറികരാ ഏല്ക്കുകയും അതിനാൽതന്നെ കുറച്ചുദിവസത്തേക്കു ആശുപത്രിയിൽ കിടക്കേണ്ടിവരികയും ചെയ്യുകയുണ്ടായി. ആ സമയത്തൊന്നും മുസോലിനിക്കു ബോധക്ഷയമുണ്ടായിട്ടില്ല. ഒരിക്കൽ അയാരാ അതികഠിനമായ വേദനയെ സഹിച്ചുകൊണ്ടു കിടക്കുന്ന സമയത്തു ഇററലിയിലെ എമാന്ന്യവൽരാജാവ് അയാളുടെ അടുത്തുചെന്നു സമാധാനവാക്കുകരാ പറയുക ഉണ്ടായി. ആ സമയത്തു മുസോലിനി തനിക്കു സമാധാനവാക്കുകരാ അത്യാവശ്യമായിട്ടുള്ളതല്ലെന്നും, ആ വാ

ക്കകൾ മരിക്കുവാൻ കിടക്കുന്ന മററു പട്ടാളക്കാർക്കു കൊടു ക്കേണ്ടതാണെന്നും, തനിക്കു ഇനിയും വളരെകാലം യു ദ്ധം ചെയ്യുവാൻ യോഗമുള്ളതുകൊണ്ടു ഈ സന്ദർഭ ത്തിൽ മരിക്കുകയില്ലെന്നും രാജാവിനോടുത്തരം പറഞ്ഞു.

മുസോലിനിക്കു പററിയ ഒടുവിലത്തെ അപകട ത്തിൽ നിന്നു അയാൾ വിമോചനനായതു വളരെ ദിവ സങ്ങൾക്കു ശേഷമായിരുന്നു. അക്കാലത്തിന്നുള്ളിൽ അ യാളുടെ ദേഹശക്തി അത്യന്തം ക്ഷയിച്ചിരുന്നതിനാൽ അയാൾ അവധി എടുത്തു നാട്ടിലേക്കു മടങ്ങി. നാട്ടിൽ വന്നു കുറച്ചുദിവസത്തിന്നകം വീണ്ടും യുദ്ധഭൂമിയിലേക്കു മടങ്ങേണമെന്നായിരുന്നു മുസോലിനി ഉദ്ദേശിച്ചിരുന്ന തു്. എന്നാൽ ഭരണാധികാരികൾ അയാളുടെ ദേഹ ത്തിൻെറ ക്ഷീണം അറിഞ്ഞു അയാളുടെ ഉദ്ദേശത്തെ സാധിപ്പിച്ചില്ല. മുസോലിനി അന്നുമുതൽ തൻെറ ഏ ററവും പ്രിയപ്പെട്ട പത്രത്തിൽതന്നെ അയാളുടെ വില യേറിയ സമയത്തെ വിനിയോഗിച്ചുതുടങ്ങി. സോഷ്യ ലിസ്റ്റുസംഘത്തിൻെറ മുന്നോട്ടുള്ള പ്രയാണത്തിൽ അ വർ ചെയ്തുകൊണ്ടിരുന്ന അരാജകത്വത്തിൻെറ മൂദ്ധന്യ ദശ എത്തിക്കഴിഞ്ഞ കാലത്തു മുസോലിനിക്കു അവരുട്ടരു ടെ നേരെ ഉണ്ടായ വെറുപ്പിന്നു കണക്കില്ലാതായിക്കഴി ഞ്ഞു. അതിനാൽ ആ സംഘക്കാരെ ഉടച്ചു വാക്കേണ്ട തിലേക്കു വേണ്ടുന്ന ശ്രമങ്ങൾക്കു മുസോലിനി ഉത്സാഹ ങ്ങൾ തുടങ്ങി. തൻെറ വത്തമാനപത്രത്തിന്നു ഉപനാമ മായിക്കൊടുത്തിരുന്ന സോഷ്യാലിസ്റ്റ് ദിനപത്രം എന്ന പേരിനെ അയാൾ എടുത്തുകളഞ്ഞു. പത്രപ്രവത്തന

ത്തിന്നു പുറമെ മുസോലിനി ഇററലിരാജ്യത്തിൽ അങ്ങുമി ങ്ങും നടന്നു ചെറുപ്പക്കാരെ യുദ്ധത്തിൽ ചേരുവാൻ ഉത്സാഹിപ്പിക്കുകകൂടി ചെയ്തിരുന്നു. അയാറം അക്കാലത്തു ചെയ്തിരുന്ന പ്രസംഗങ്ങളിൽ ചെറുപ്പക്കാരുടെ സ്വരാജ്യസ്നേഹത്തിന്നു ഉണൎച്ച്വതട്ടുവാൻ വേണ്ടിയുള്ള വാക്കുകറം ധാരാളം ഉപയോഗിച്ചിരുന്നു. ഇററാലിയൻകാൎക്കു ഒരുകാലത്തു ജയം നേടുവാൻ സാദ്ധ്യപ്പെട്ടുമെന്നുള്ള വിചാരം ചെറുപ്പക്കാരുടെ ഉള്ളിൽ എല്ലായ്പോഴും ഉണ്ടായിക്കൊണ്ടിരിക്കേണമെന്നും ഉത്സാഹം എന്ന ശീലം കൊണ്ടു അസാദ്ധ്യമെന്നു കരുതിവരുന്ന ഏതുകാൎയ്യത്തേയും, സാദ്ധ്യപ്പെട്ടുത്താമെന്നും, സ്വരാജ്യസ്നേഹത്തിന്നു വേണ്ടി ഓരോരുത്തരുടേയും ജീവനെ ബലികഴിപ്പാൻ സന്തോഷത്തോടുകൂടി തയ്യാറായിരിക്കേണമെന്നും മുസോലിനി ചെറുപ്പക്കാൎക്കു ഉപദേശങ്ങറം കൊടുത്തു. മുസോലിനിയുടെ അപ്രകാരമുള്ള പ്രവൃത്തികറംമൂലം ഉറങ്ങിക്കിടന്നിരുന്ന ഇററലിയെ ഒട്ടാകെ ഉണൎത്തുകയും ചെറുപ്പക്കാരായ ജനങ്ങളുടെ മനസ്സുകറംക്കു യഥാൎത്ഥമായ ജീവൻ കൊടുക്കുകയും അതു ഹേതുവാൽ തന്നെ അനേകായിരം ചെറുപ്പക്കാരായ ഇററാലിയൻകാർ സൈന്യത്തിൽ ചേൎന്നു ശത്രുക്കളോടു യുദ്ധം ചെയ്യുകയും ഉണ്ടായി. അപ്രകാരം നാലുകൊല്ലം മുസോലിനിയുടെ പ്രത്യേകശ്രമങ്ങറം കൊണ്ടു ഇററലിസൈന്യത്തിന്നു കുറവുകറം തട്ടാതെ അതിന്നു ശത്രുക്കളോടു പൊരുതിനിന്നു 1918_ൽ ജയം നേടുവാൻ ഇടയായി.

1918_ൽ യുദ്ധം അവസാനിച്ചപ്പോറം ഇററലിയി

ലെ കൂടുതൽ പട്ടാളക്കാരെ പിരിച്ചയക്കുകയും അവർ ഒന്നിച്ച മുസോലിനിയുടെ കീഴിൽ ചെന്നു കൂടുകയും ചെയ്തു. മുസോലിനി ആ കൂട്ടരുടെ സഹായത്താൽ സോഷ്യാലിസ്റ്റ് സംഘക്കാരേ അമർത്തിത്തുടങ്ങുകയും ചെയ്തു. അതിന്നും പുറമെ മുസോലിനിയുടെ പത്രം മുഖേന, യുദ്ധം കഴിഞ്ഞു പിരിച്ചയച്ച പട്ടാളക്കാരുടെ ഗുണങ്ങൾക്കുവേണ്ടി, ഗവർമ്മെണ്ടിനോടും നാട്ടുകാരോടും വേണ്ടുന്നതു പ്രവർത്തിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ മുസോലിനിയുടെ ആവശ്യങ്ങൾ യാതൊന്നിനേയും ഭരണകർത്താക്കന്മാർ വകവെക്കാതിരുന്നതുകൊണ്ടു, മുസോലിനിക്കും അയാളുടെ കീഴിലുണ്ടായിരുന്ന പട്ടാളക്കാർക്കും അതിയായ കോപം ജനിക്കുകയും, അവരുടെ അവകാശങ്ങൾക്കായി മുറവിളി കൂട്ടിത്തുടങ്ങുകയും ചെയ്തു. മുസോലിനി, യുദ്ധത്തിൽനിന്നു മടങ്ങിവന്ന ആൾക്കാരുടെ ഭാഗം പിടിച്ചതിന്നുപുറമേ ഇററലിക്കു മററു യൂറോപ്പുരാജ്യങ്ങളെപ്പോലെ കിട്ടേണ്ടുന്ന അവകാശങ്ങൾക്കായി, ഇററലി ഭരണകർത്താക്കന്മാരോടു യുദ്ധശേഷം, ഐക്യസൈന്യയോഗത്തിൽ ആവശ്യപ്പെടുവാൻ താക്കീതു ചെയ്തു. എന്നാൽ ഇററലിയിലെ രാജ്യഭരണകർത്താക്കന്മാർ അതിനേയും വകവെക്കാതെ ഇരുന്നതേയുള്ളു. ലോകമഹായുദ്ധം അവസാനിച്ചശേഷം വെർസേയിൽസിൽവെച്ചു നടന്ന ഉടമ്പടിയിൽ അന്നത്തെ അമേരിക്കൻ പ്രസിഡണ്ടിന്റെ പതിന്നാലു നടവടികൾക്കു വിരോധമായി മുസോലിനി അയാളുടെ പത്രത്തിൽ കൂസൽകൂടാതെ എഴുതിത്തുടങ്ങി. പ്രസിഡണ്ടു വിൽസൺ ഇററലിരാജ്യത്തെ വകവെക്കാ

തെ ഉണ്ടാക്കിയ ആ ഖരാറുകഠം പക്ഷഭേദത്തിന്നു് ഇട യാകുന്നവയാണെന്നും ഇററലി കഴിഞ്ഞ യുദ്ധത്തിൽ ചെയ്ത ധീരകൃത്യങ്ങഠംക്കനുസരിച്ച യാതൊരു ഗുണവും ആ ഖ രാറുകഠംകൊണ്ടു ഇററലിക്കുണ്ടാകുന്നില്ലെന്നും, മുസോലി നി നിസ്സങ്കോചമായി അയാളുടെ പത്രത്തിൽ എഴുതി. യ ഥാൎത്ഥം ഈ സ്ഥിതിയിൽ ഇരുന്നിട്ടും ഇററലിയിലെ ഭ രണകൎത്താക്കന്മാർ ഉടമ്പടിക്കനുസരിച്ചതിനെപററി മു സോലിനി അവരെ അതിയായി വെറുത്തു്. ഇക്കാലത്താ യിരുന്നു മുസോലിനിയ്ക്കു ഫാസിസം എന്ന പുതിയ നിയ ന്ത്രണത്തെ അത്യധികം ആവശ്യമെന്നു ധരിക്കാറാ യതു്.

അക്കാലം മുതൽ ഇററലിയിലെ പൊതുജനങ്ങഠംക്ക അന്നത്തെ ഭരണരീതിയെ വെറുക്കുന്നതിന്നായിക്കൊണ്ടു ധാരാളം കാരണങ്ങഠം ഉണ്ടായിക്കൊണ്ടിരുന്നു. യുദ്ധം വരേയും ഉണ്ടായിരുന്ന ഇററലിയുടെ ഉണൎച്ചക്കുറവുനിമി ത്തം ഇററലിയുടെ പഴയ കാലത്തെ മഹിമക്കു കുറവുത ട്ടീട്ടുണ്ടെന്നു പൊതുജനങ്ങഠംക്കു ബോധം ജനിച്ചു. പുറ മെ റഷ്യയിൽ നടന്നിരുന്നതായ കലാപങ്ങഠം നിമിത്തം ഇററലിയിലെ ജനങ്ങഠംക്കും കാൎയ്യമായ ഭരണഭേദഗതി കഠംക്കു് ഉള്ളിൽ ആഗ്രഹം ജനിച്ചു. പൊതുസഭകളി ലും വൎത്തമാനപത്രങ്ങളിലും രൂക്ഷങ്ങളായ പ്രസംഗങ്ങ ളും ലേഖനങ്ങളും കണ്ടുതുടങ്ങി. ആകപ്പാടെ ഇററലി യിലെ ജനങ്ങഠംക്കഭരണമാററത്തിന്നായി, ആശ ഉജ്ജ്വ ലിച്ചു പൊങ്ങിത്തുടങ്ങി. രാജാവിനേയും ഭരണകൎത്താക്ക ന്മാരേയും ദുഷിച്ചുകൊണ്ടു ആളുകഠംക്കൂട്ടം നിൎഭയമായി തെരു

വിൽക്കൂടെ സഞ്ചരിച്ചുതുടങ്ങി. ഇമ്മാതിരി വൎഗ്ഗവ്യത്യാസങ്ങൾ ഉണ്ടാക്കിക്കൊണ്ടു തമ്മിൽതമ്മിൽ കലഹിച്ചുകൊണ്ടിരിക്കുന്ന സമയത്തു ഭരണകൎത്താക്കന്മാർ അതുകളെ നിൎത്തൽ ചെയ്യുവാനോ, സമാധാനത്തിൽ കൊണ്ടുവരുവാനോ, ഉത്സാഹിച്ചിരുന്നില്ല. അനവധി പട്ടാളക്കാരും, പട്ടാളഉദ്യോഗസ്ഥന്മാരും മുസോലിനിയുടെ സ്വകാൎയ്യമായി കൂട്ടിവന്നിരുന്ന സൈന്യത്തിൽ ചേരുവാൻഇടയായി. ഓരോരോ വൎഗ്ഗക്കാരായി തിരിഞ്ഞു നടത്തിക്കൊണ്ടിരുന്നകലഹങ്ങൾ അധികരിച്ചു തുടങ്ങിയപ്പോൾ ഇററലിയിൽ ഒരു ഭാഗത്തും രക്ഷയില്ലാതായിത്തീൎന്നു. ഇററലിയുടെ കഥ അപ്രകാരമുള്ള കഷ്ടസ്ഥിതിയിൽ എത്തിച്ചേൎന്നതിൽ നിന്നും അതിനെ മോചിപ്പിച്ചുകൊണ്ടു വരുവാൻ അസാമാന്യനായ ഒരു പുരുഷനല്ലാതെ സാധിക്കയില്ലെന്നു തീൎച്ചപ്പെട്ടു. ഈ ലഹളകളുടെ മൂൎദ്ധന്യകാലത്തു് അതുകളെ ഒതുക്കുവാൻ ഗവൎമ്മെണ്ടിൽനിന്നു പുറപ്പെട്ടില്ലെന്നുതന്നെയല്ലാ അതുകളുടെ കാരണഭൂതന്മാരായിരുന്ന സോഷ്യലിസ്ററു സംഘക്കാൎക്കും, കമ്മ്യൂണിസ്ററുസംഘക്കാൎക്കും അവർ ആവശ്യപ്പെട്ടിരുന്നതിനെ എല്ലാം അനുവദിച്ചുകൊടുക്കുകകൂടി ചെയ്തിരുന്നു. അവസാനം യഥാൎത്ഥമായി സ്വരാജ്യത്തെ സ്നേഹിച്ചിരുന്ന ഇററാലിയൻകാൎക്കു അപ്പോൾ നടന്നിരുന്ന അക്രമങ്ങൾ അസഹ്യമായി തോന്നിത്തുടങ്ങുകയും അതുകളുടെ ശമനത്തിന്നായി തങ്ങൾ തന്നെ പുറപ്പെട്ടല്ലാതെ ശരിപ്പെടുകയില്ലെന്നു തോന്നിത്തുടങ്ങുകയും ചെയ്തു.

ഇററലിയിലെ അരാജകത്വത്തിന്റെ ശക്തി അ

ധികരിച്ചു. രാജ്യം മുഴുവൻ അപാരമായ കഷ്ടസ്ഥിതിയേ പ്രാപിച്ചപ്പോൾ, യഥാൎത്ഥരാജ്യസ്നേഹികളായ അനേകം ആളുകൾ ഒന്നിച്ചു ചേൎന്നു മുസോലിനിയുടെ നേൎക്കു തിരിഞ്ഞു നോക്കിത്തുടങ്ങി. ഇററലിയുടെ തൽക്കാലസ്ഥിതിയിൽനിന്നുള്ള മോചനത്തിന്നായി ഏതെങ്കിലും ഒരു വഴി ഉണ്ടെങ്കിൽ അതു ധീരനായ മുസോലിനിയിൽ നിന്നുതന്നെ വരേണ്ടതാണെന്നു അവർ തീൎച്ചപ്പെടുത്തി. അക്കാലത്തും മുസോലിനി അയാളുടെ പത്രംമുഖേന രാജ്യദ്രോഹികളോടു കൊണ്ടുപിടിച്ചു യുദ്ധം നടത്തിയിരുന്നു. 1919 മാൎച്ചുമാസത്തിൽ മുസോലിനി അയാളുടെ പഴയ സ്നേഹിതന്മാരെയെല്ലാം മിലാനിലേക്കു ക്ഷണിച്ചുവരുത്തി ഒരു വലിയ സഭകൂടി. അവിടെ വെച്ചാണു ഫാസിസം ആദ്യമായി ഉൽഭൂതമായതു്. ആദ്യമായി അതിന്നു 150 മെമ്പർമാർ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും അവർ ഓരോരുത്തരും ചെറുപ്പക്കാരും, ധീരന്മാരും, രാജ്യരക്ഷക്കു വേണ്ടി എന്തു ചെയ്യുവാനും മടിയില്ലാത്തവരുമായിരുന്നു. റഷ്യയിൽനിന്നും ഇററലിയിൽ പടന്നുപിടിച്ച ബാൾഷിവസാഹേതുവായി നടന്നുകൊണ്ടിരുന്ന അന്നത്തെ കലാപത്തെ ഉന്മൂലനാശം ചെയ്യുവാൻ അവർ ഓരോരുത്തരും പ്രതിജ്ഞചെയ്തും കൊണ്ടാണു ഫാസിസ്ററു സഭയിലെ അംഗങ്ങളായിച്ചേൎന്നതു. ഭരണമാററകലഹസംഘക്കാർ ഫാസിസ്ററുസഭയുടെ ഉദ്ദേശത്തെപ്പററി മനസ്സിലാക്കിയപ്പോൾ മുസോലിനിയുടെ ഗൎവ്വിനെ ശമിപ്പിപ്പാനായിക്കൊണ്ടു വഴികൾ എടുത്തുതുടങ്ങി. എന്നാൽ ആദ്യകാലത്തിൽ പത്രങ്ങൾ മുഖേന

ആയിരുന്നു അവർ ഇരുകൂട്ടരും സമരങ്ങൾ നടത്തിയിരുന്നതു. മുസോലിനിയുടെ ശത്രുക്കൾക്കു സൈന്യബലം പത്തിരട്ടി കൂടുമെങ്കിലും, അവക്കു മുസോലിനിയോടെതൃപ്പാൻ ധൈൎയ്യമുണ്ടായിരുന്നില്ല. ഇററലിയിൽ ബോൾഷിവസത്തെ പരത്തിയിരുന്ന ആ സംഘത്തിൻെറ കാരണഭൂതനായ ലെനിൻ മുസോലിനിയെപ്പററി വളരെ ഗൌരവമായ അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടു. ഇററലിയിൽ അക്കാലത്തുണ്ടായിരുന്ന ആൎക്കുംതന്നെ മുസോലിനിയോടു ഒരു സംഗതിയിലും കിടപിടിക്കുവാൻ ആകയില്ലെന്നാണ് അയാൾ അഭിപ്രായപ്പെട്ടതു്.

ഫാസിസ്ററു സംഘക്കാരുടെ അടയാളമായി അവർ കറുത്ത കൊടിയായിരുന്നു ഉപയോഗിച്ചിരുന്നതു. ഇററലിയുടെ യഥാൎത്ഥബന്ധുക്കളായ ചെറുപ്പക്കാർ കൂട്ടംകൂട്ടമായി മുസോലിനിയുടെ സംഘത്തിൽ ചേൎന്നു തുടങ്ങി. മുസോലിനിയുടെ പരിശ്രമംകൊണ്ടല്ലാതെ മറെറാന്നുകൊണ്ടും ഇററലിയുടെ രക്ഷ സിദ്ധിക്കയില്ലെന്നവക്കു തോന്നി, ഇരുകക്ഷിലും കൈകോത്തോക്കെടുത്തു കലഹം നടന്നിരുന്ന ദിക്കിലേക്കു കൂസൽകൂടാതെ പ്രവേശിച്ചു കലഹപ്രിയന്മാരെ ഓടിക്കുന്നതിന്നു മുസോലിനിക്കു അന്നു ധൈൎയ്യക്ഷയം ഉണ്ടായിരുന്നില്ല. തൻെറ സംഘത്തിൽ ചേരുന്ന ചെറുപ്പക്കാരുടെ എണ്ണം കൂടിത്തുടങ്ങിയതോടു കൂടി ഇററലിയുടെ ശ്രേയസ്സിൻെറ വരവിനേയും മുസോലിനിക്കു കാണാറായി. ആദ്യകാലങ്ങളിൽ മുസോലിനിക്കും പിൻഗാമികൾക്കും വലിയ ജയങ്ങൾക്കിടയായില്ലെങ്കിലും അവർ ധൈൎയ്യക്ഷയമെന്ന്യേ പൊരുതിക്കൊണ്ടു ത

ന്നൊ നിന്നു. അക്കാലത്തു ബോലോഗ്നാ നഗരത്തിൽ ടൌൺഹാളിൽവെച്ച ഭയങ്കരമായ ഒരു കുലപാതകം നടക്കുക ഉണ്ടായി. ആ നഗരത്തിലെ മുൻസിപ്പാൽ ഭരണാധികാരികളിൽ ചിലർ ഗൂഢാലോചനകൾ നടത്തി മുൻസിപ്പാൽ സഭയിലെ ഫാസിസ്ററു സംഘക്കാരുടെയും ലിബറൽ സംഘക്കാരുടേയും മെമ്പർമാരെ ഒട്ടാകെ കുലചെയ്യുവാൻ തീച്ചപ്പെടുത്തി. പെട്ടെന്നുണ്ടായ ആ തീപ്പുപ്രകാരം ആ രാജ്യദ്രോഹികൾ വെടിവെക്കുകയും ഏതാനും മെമ്പർമാരെ കൊല്ലുകയും ചെയ്തു. അക്കൂട്ടത്തിൽ ഇററലി മുഴവൻ പേരുകേട്ടഗിയൂലിയോ ഗിയോർഡാനി എന്ന ആളും മരിക്കുക ഉണ്ടായി. അയാൾ അടുത്തുകഴിഞ്ഞ യുദ്ധത്തിൽ നിന്നുപററിയ പരുക്കുകൾകൊണ്ടു ജന്മാന്തരമുടന്തനായിരുന്നതിനാലും, ഇററലിക്കുവേണ്ടി അയാളുടെ ജീവനെക്കൂടി ഗണ്യമാക്കാതെ യുദ്ധം ചെയ്യുവനായിരുന്നതിനാലും അയാളുടെ മരണം നാട്ടുകാരെ ഒട്ടാകെ ക്രുദ്ധിപ്പിച്ചു. ആ സംഗതി ഹേതുവാൽ ഫാസിസ്ററു സംഘക്കാരുടെ ശക്തിക്കു പെട്ടെന്നു ഒരു വളച്ച കിട്ടി. ഇററലിയിലെ ഭൂരിപക്ഷം ജനങ്ങളും മുസോലിനിയേയും അയാളുടെ മതത്തേയും പിൻതാങ്ങിത്തുടങ്ങി.

1919-ൽ ലോകമഹായുദ്ധം അവസാനിച്ചശേഷം വെർസെയിൽസിലെ ഉടമ്പടി കഴിഞ്ഞു, സെപ്റ്റംബർ മാസത്തിൽ ഡി. അനൻസിയോ എന്ന പ്രസിദ്ധപ്പെട്ട കവി ഇററലിയിലെ അന്നത്തെ രാജ്യഭരണകർത്താക്കന്മാരോടു ഇടയുകയും, അതിനാൽതന്നെ കലഹത്തിൻെറാരു

പ്പെട്ടു, ഫിയ്യം എന്ന തുറമുഖപട്ടണത്തെ കീഴടക്കുകയും ചെയ്യുക ഉണ്ടായി. മുസോലിനി ആ വത്തമാനത്തെ കേട്ടു അത്യന്തം സന്തോഷിക്കുകയും വെർസേയിൽസി ലെ യൂറോപ്യൻ ഉടമ്പടിയെ നിരസിക്കുന്ന ഡി അനൻ സിയോവിൻെറ നേക്ക് അയാളുടെ ബഹുമാനം പ്രദശി പ്പിക്കുകയും ചെയ്തു. ഡി അനൻസിയോവിന്നു വേണ്ടിവ ന്നതായ സഹായങ്ങൾ കുട്ടുമുക്കാലും സ്വരാജ്യത്തിന്നുവേ ണ്ടി മുസോലിനിതന്നെ സന്തോഷത്തോടെ ചെയ്തുകൊ ടുത്തു. ഇററലിരാജ്യത്തിൽ പടന്നുപിടിച്ചിരുന്നതായ ബോൾഷിവസത്തിൻെറ ശക്തിക്കു കുറവുതട്ടാതെ വ ദ്ധിച്ചുവരികയും അതിനെ വേണ്ടുന്ന ദിക്കിൽ തടുക്കേണ്ടു ന്നതിലേക്കു ഫാസിസ്ററു സംഘക്കാർ വേണ്ടുന്ന നടവ ടികൾ നടത്തിവരുന്നതിൽ ഉപേക്ഷ കാണിക്കാതിരിക്കു കയും ചെയ്തിരുന്നു. അക്കാത്തുതന്നെ മുസോലിനി അ യാളുടെ പിൻഗാമികളുടെ നിർബ്ബന്ധമൂലം ഇററലിയി ലെ പാർലിമെണ്ടിൽ മെമ്പർസ്ഥാനത്തിന്നായി ഉത്സാ ഹിക്കുക ഉണ്ടായി. എന്നാൽ അക്കാലത്തു അയാൾക്കു തോൽവി അണയുവാനാണ് ഇടയായത്. ബനിറോ മുസോലിനിക്ക് അന്ന് ഇററലിയിലെ പാർലിമെണ്ടുമെ മ്പർസ്ഥാനം കിട്ടാതിരുന്നതുകൊണ്ടു സോഷ്യലിസ്ററു സംഘക്കാർ മുസോലിനിയെ പരിഹസിച്ചുകൊണ്ടു ഒരു ഘോഷയാത്ര ചെയ്യുക ഉണ്ടായി. അവർ മുസോലിനിയു ടെ പത്രപ്രവത്തനാപ്പീസിൻെറ വഴിയായി യാത്രചെ യ്തുവെങ്കിലും അയാളുടെ പ്രത്യക്ഷത്തിങ്കൽ നിന്നു പരിഹ സിപ്പാൻ ഉത്സാഹിക്കുക ഉണ്ടായിട്ടില്ല. ഇത്രയെല്ലാമാ

യാലും മുസോലിനിയുടെ ഇററാലിയൻ ശത്രുക്കൾക്ക് അയാൾ ഒരു തടസ്ഥമായിത്തന്നെ ഭവിച്ചു.

അക്കാലത്തൊരു ദിവസം മുസോലിനി ഇൽപോപ്പോലോ ഡീ. ഇററാലിയാ എന്നപത്രത്തിൻെറ പ്രവൎത്തനാപ്പീസിൽ പണി എടുത്തുകൊണ്ടിരുന്നപ്പോൾ. സോഷ്യാലിസ്റ്റുസംഘക്കാരുടെ ഒററുകാരനായ ഒരു കൂലിവേലക്കാരൻ അയാളെ കാണുവാനായി അവിടെ വന്നു ചേൎന്നു. ബനിറേറാമുസോലിനിയുടെ സഹായികൾ ആ കൂലിവേലക്കാരൻെറ സമ്പ്രദായങ്ങളെക്കണ്ടു സംശയിക്കുകഹേതുവാൽ, അയാളെ അവരുടെ എജമാനനെക്കാണുവാൻ അനുവദിച്ചില്ല. വിവരം അറിഞ്ഞു മുസോലിനി തന്നെ ആ വിരുന്നുകാരനെ അകത്തേക്കു ക്ഷണിച്ചു. എന്നാൽ ആ കൂലിവേലക്കാരൻെറ പ്രധാന ഉദ്ദേശം മുസോലിനിയെ വെടിവെച്ചു കൊല്ലേണ്ടതിലേക്കായിരുന്നുവെന്നു അറിവാൻ ഇടയായി. ആ മനുഷ്യൻ മുസോലിനിയുടെ മുമ്പാകെ പ്രവേശിച്ചശേഷം, മുസോലിനിയുടെ ഗംഭീരമായ ഒരു ഒററ നോട്ടത്താൽ ആകൎഷിക്കപ്പെട്ടവനായിത്തീരുകയും,അയാളുടെ യഥാൎത്ഥമായ ഉദ്ദേശത്തെ മുസോലിനിയോടു തുറന്നു പറഞ്ഞു, കീശയിലുണ്ടായിരുന്ന കൈതോക്കിനെ മേശമേൽ വെക്കുവാൻ ഇടയാകകയും ചെയ്തു. മുസോലിനി ആ സംഭവത്തിനു ശേഷം ആ കൂലിവേലക്കാരനുമായി ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുകയും, അയാൾക്കു നാട്ടിലേക്കു മടങ്ങിപ്പോകുവാനുള്ള ചിലവിന്നായി കുറച്ചു പണം കൊടുത്തയക്കുകയും ചെയ്യുക ഉണ്ടായി.

1919_ൽ ഇററാലിയൻപാർലിമെണ്ടിൽ നടത്തിയ തിരഞ്ഞെടുപ്പിൽ ബനിറേറാ മുസോലിനിക്കു തോൽവി പററി, കുറച്ചുദിവസത്തിന്നുശേഷം മുസോലിനി അയാളുടെ പത്രമാപ്പീസിൽ ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ അയാളുടെ ശത്രുക്കളിൽ ഒരുകൂട്ടം ജനങ്ങൾ ആപ്പീസിന്റെ താഴെനിന്നു കലശൽ കൂട്ടുവാൻ തുടങ്ങി. ആപ്പീസിൽ കാവലായി നിന്നിരുന്ന പൊല്ലീസുകാരുമായി അവർ കലഹിക്കുവാൻ തുടങ്ങുകയും അതിയായ ബഹളങ്ങൾക്ക് ഇടയായിത്തീരുകയും ചെയ്തു. ആ സമയത്തു മുസോലിനി അയാളുടെ മേശക്കെതിരേ ഇരുന്നു അതിന്മേൽ വെച്ചിരുന്ന പാൽ കുടിക്കുവാൻ തുനിയുകയായിരുന്നു. താഴെ കഴിഞ്ഞിരുന്ന ബഹളങ്ങളെയെല്ലാം മനസ്സിലാക്കിക്കൊണ്ടു അയാൾ അയാളുടെ ഒരു സഹായിയോടും താഴെ പറയുംപ്രകാരം പറഞ്ഞു. "നമ്മുടെ ആപ്പീസ്സിന്നു താഴെ നമ്മുടെ ശത്രുക്കൾ അതാ കുരക്കുന്നു. അതിനെ കേട്ടു നിങ്ങളാരും ഭയപ്പെടേണമെന്നില്ല. അക്കൂട്ടക്ക് എന്റെ മുമ്പിൽ പ്രവേശിപ്പാൻ ധൈര്യം ഇല്ല. എന്നെപിടിപ്പാനായിക്കൊണ്ടു അവർ തുനിയുന്നതായാൽ അവരുടെ കൂട്ടത്തിൽ രണ്ടുപേരെങ്കിലും മരിക്കേണ്ടിവരുമെന്നവക്കു നിശ്ചയമുണ്ട്. രണ്ടുപേർ മരിച്ചിട്ടെങ്കിലും എന്നെപിടിക്കേണമെന്നുള്ള വിചാരം അവരുടെ മനസ്സിൽ ഉണ്ടാകുവാൻ തരമില്ല. ഇററലിക്കു വേണ്ടിയോ, അതല്ലാ സ്വാതന്ത്ര്യത്തിന്നു തന്നേയോ, ജീവനെ ബലികഴിക്കുവാൻ തുനിയുന്ന രണ്ടു മനുഷ്യർ ഇന്നു അവരുടെ കൂട്ടത്തിൽ ഇല്ലെന്നു ഞാൻ തീർച്ചയായും പറയും. അതിനാൽ സമാ

ധാനത്തോടുകൂടിത്തന്നെ ഇതാ എന്റെ പാൽ കുടിക്കുന്നു.” ഇപ്രകാരം പറഞ്ഞു്, യാതൊരു ചഞ്ചലിപ്പും കൂടാതെ അത്യധികം സമാധാനത്തോടു കൂടിത്തന്നെ മേശമേൽവെച്ചിരുന്ന പാലിനെ കയ്യിലെടുത്തു മുസോലിനി സാവധാനത്തിൽ കുടിച്ചു.

മേലെഴുതിയ ശത്രുക്കൾക്കുംപുറമെ ഇററലിയിലെ പ്രധാനമന്ത്രിയായിരുന്ന ‘നിററിയും’കൂടി മുസോലിനിയുടെ ശത്രുവായിത്തീൎന്നു. പാർലിമെണ്ടു തിരഞ്ഞെടുപ്പിൽ മുസോലിനി പരാജിതനായിഎന്നതിനെ കേട്ടു്, മന്ത്രിയായ നിററി അത്യധികം സന്തോഷിക്കുക ഉണ്ടായി. അതിന്നുശേഷം അയാൾ മുസോലിനിയുടെ പത്രമാപ്പീസിൽ ദിവസേന മൂന്നുപ്രാവശ്യം പരിശോധന നടത്തിക്കൊണ്ടിരുന്നു. മുസോലിനി അപ്രകാരമെല്ലാം ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരുന്നപ്പോൾ അയാളുടെ അനുഗാമികൾ ഗവൎമ്മേണ്ടിന്റെ ശിക്ഷയെ ഭയന്നു, വളരെ പേരും പിരിഞ്ഞുപോകുകയുണ്ടായി.

നവംബർമാസത്തിൽ ഒരുദിവസം ഒരു പൊല്ലീസുദ്യോഗസ്ഥൻ മുന്നറിവുകൂടാതെ മുസോലിനിയുടെ ആപ്പീസുമുറിയിൽ പ്രവേശിക്കുകയും പുച്ഛഭാവത്തിൽ അവിടെ നിന്നു, പൊല്ലീസുകമ്മീഷണക്കു മുസോലിനിയോടു ചിലതെല്ലാം സംസാരിക്കേണ്ടതുണ്ടെന്നു പറയുകയും ചെയ്തു. അതിന്നുത്തരമായി മുസോലിനി, തനിക്കു പൊല്ലീസു കമ്മീഷണരോടു യാതൊന്നും പറവാനില്ലെന്നു പറഞ്ഞു, പൊല്ലീസുദ്യോഗസ്ഥനെ മടക്കി അയച്ചു. അല്പം കഴിഞ്ഞു ആ പൊല്ലീസുദ്യോഗസ്ഥൻതന്നെ കയ്യിൽ ഒരു ക

ല്പനയോടുകൂടെ മുസോലിനിയുടെ അടുത്തുവന്നു. ആ സമയത്തു മുസോലിനി പറഞ്ഞ വാക്കുകൾ ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമാണ്. "ഇററലിക്കുവേണ്ടി ഞാൻ തെരുവുകളിൽവെച്ചും, യുദ്ധക്കളത്തിലെ ചാലുകളിൽവെച്ചും ശത്രുക്കളോടു പൊരുതി നില്ക്കുന്നതിന്നുപുറമേ എൻെറ പത്രംമുഖേന എൻെറ സ്വരാജ്യത്തിൻെറ രക്ഷക്കായി ഇപ്പോഴും പൊരുതിവരുന്നുണ്ട്. അതിനാൽ പൊല്ലീസുകമ്മീഷണർ എന്നെ തടവിൽ പിടിച്ചിട്ടെങ്കിലും ഇററലിയെ രക്ഷിക്കാമെങ്കിൽ, ഞാനിതാ സന്തോഷത്തോടുകൂടി തടവിലേക്കു പുറപ്പെടുന്നു." ആ സന്ദർഭത്തിൽ മുസോലിനിയുടെ ചില പ്രത്യേകസ്നേഹിതന്മാർ ശുപാർശിചെയ്യുകമൂലം പിറെറന്നു തന്നെ മുസോലിനിയെ തടവിൽനിന്നു വിട്ടയച്ചു.

## ആറാം അദ്ധ്യായം.

ഡി അനൻസിയോവിൻെറ ഫിയൂം തുറമുഖം കരസ്ഥപ്പെട്ടതൽ കാരണം മുസോലിനിക്കും ഫാസിസ്റ്റുസംഘക്കാർക്കും അവരുടെ സൌകര്യങ്ങൾക്ക്, ഉപകാരപ്രദമായിത്തീർന്നു. ഡി അനൻസിയോവിൻെറ ഉദ്ദേശത്തെ സഫലീകരിക്കുന്നതിൽ സഹായിക്കേണ്ടുന്നതിലേക്ക് അമേരിക്കക്കാർ മുസോലിനിക്കു വളരെ പണം അയച്ചുകൊടുത്തു. ഫാസിസ്റ്റ്സംഘത്തിൻെറ ഉപസംഘങ്ങൾ ഇററലിയിൽ നാനാഭാഗത്തും ഉദ്ധരിപ്പിച്ചു. ഫിയൂം തുറമുഖത്തിൻെറ രക്ഷക്കായി പലതും ചെയ്തുനോക്കി

യെങ്കിലും അവസാനം അത്തു ശത്രുക്കളുടെ കയ്യിൽ പെ ട്ടുകയാണു ചെയ്തതു. എങ്കിലും ഫാസിസ്റ്റ് സംഘക്കാർ ബോൾഷിവിസ് സംഘക്കാരോട പൂർവ്വാധികം ശക്തി യോടെ പൊരുതിനിന്നു. 1920 ൻറ അവസാനംവരെ ബോൾഷിവിസ് സംഘക്കാൎക്ക ഓരോരോ ഭാഗത്തും ജ യം നേടുവാൻ സാധിക്കുകയും, കൈത്തൊഴിൽവ്യവസാ യം നിറഞ്ഞിരുന്ന പിണ്ട് മാണ്ട്—ലെംപാർഡ്ഢി മുതലാ യ പ്രദേശങ്ങളിൽ അവരുടെ ശക്തി പ്രചരിപ്പിക്കുവാൻ ഇടയാക്കുകയും ചെയ്തു. അക്കാലത്തു മുസോലിനി ശക്തി യുള്ള ഒരു സൈന്യത്തെ വിളിച്ചുകൂട്ടുകയും ആ സൈന്യ ത്തിൻെറ സഹായത്താൽ തന്നെ ഇററലിയിൽ അങ്ങുമി ങ്ങുമായി നടന്നിരുന്ന കലഹങ്ങളെ ഒതുക്കുവാനും രാജ്യ രക്ഷക്കായിക്കൊണ്ടു വേണ്ടുന്ന ഭാരങ്ങൾ നടത്തുവാനും അയാൾ തീർച്ചപ്പെടുത്തി. ബോൾഷിവിസ് സൈന്യം ഗിയോലിററി എന്ന ആളുടെ മൌനസമ്മതത്തോടുകൂ ടി തെരുവുകളിൽക്കൂടെ ആഘോഷയാത്രകൾ നടത്തി ക്കൊണ്ടു വലുതായ പണിസ്ഥലങ്ങളേയും മില്ലുകളേ യും തടസ്ഥപ്പെടുത്തി. വിവരം മുസോലിനി മനസ്സിലാ ക്കിയ ശേഷം അയാൾ സൈന്യവുമായി ശത്രുസൈ ന്യത്തെ വളഞ്ഞു യുദ്ധം നടത്തുകയും ശത്രുക്കളെ എളുപ്പത്തിൽ തോല്പിച്ചോടിക്കുകയും ചെയ്തു. അതിന്നു ശേഷം മുസോലിനി ഇടവിടാതെ ബോൾഷിവിസ് സം ഘക്കാരെ ശക്തിയോടെ അമർത്തുവാനുള്ള വഴി നടത്തി ത്തുടങ്ങി. അധികദിവസങ്ങൾക്കുമുമ്പു ബോൾഷിവിസ് സംഘക്കാരായ ആ ശത്രുക്കളുടെ ശബ്ദവുംകൂടി ഇല്ലാതാ ക്കുവാൻ മുസോലിനിക്കു സാധിച്ചു.

**1921-ൽ** ഇററലിയിലെ പാർലിമെണ്ടു തിരഞ്ഞെടുപ്പിൽ മുസോലിനി അത്യധികം വോട്ടുകളോടുകൂടിതിരഞ്ഞെടുക്കപ്പെട്ടവനായി. മുസോലിനി പാർലിമെണ്ടുമെമ്പറായതിന്നുശേഷം അയാളുടെ സൈന്യത്തെ ബലപ്പെടുത്തേണ്ടുന്നതിലേക്കു വേണ്ടുന്ന ശ്രമങ്ങൾ പൂർവ്വാധികം ശക്തിയോടെ ചെയ്തു തുടങ്ങി. ഇററലിരാജ്യത്തിൻെറ സ്വാതന്ത്ര്യത്തിന്നും ഉന്നതിക്കും വല്ല വഴി ഉണ്ടെങ്കിൽ അയാളുടെ കീഴിലുള്ള ആ ചെറുസൈന്യം മാത്രമാണെന്നാണു മുസോലിനി പൂർണ്ണമായി വിശ്വസിച്ചതു. ഇററലിയിലെ നിവാസികളുടെ കൂട്ടത്തിൽനിന്നു പ്രത്യേകമായ തിരഞ്ഞെടുപ്പു കഴിച്ചതിന്നു ശേഷമാണു ഈ പ്രത്യേകസൈന്യത്തിൽ ചെറുപ്പക്കാരെ ചേർത്തിരുന്നതു. ആ സൈന്യത്തിൽപെട്ട ഓരോരുത്തക്കും മുസോലിനിയുടെ പേരിൽ ഭയം, ഭക്തി, ബഹുമാനം മുതലായതുകൾ ധാരാളം ഉണ്ടായിരുന്നു. ഇററലിയിലെ കഷ്ടസ്ഥിതിയെ നിവാരണം ചെയ്യേണ്ടതിലേക്കു ഉണ്ടായ ഒരു നേതാവായിരുന്നു മുസോലിനി എന്നു ആ സൈന്യത്തിന്നു വിശ്വാസം ജനിച്ചു.

മുസോലിനിയുടെ കീഴിൽ ഉണ്ടായിരുന്ന സൈന്യത്തെ അയാൾ ഇററലിയിൽ ഓരോരോ ഭാഗത്തേക്കും കൊണ്ടുപോയി പ്രജാരക്ഷചെയ്തു പോന്നു. അയാൾ ആ പ്രത്യേകസൈന്യത്തിൽ പുരാതനറോമൻ ചട്ടങ്ങളെ പ്രചാരപ്പെടുത്തി. പണ്ടുണ്ടായിരുന്ന റോമൻകാരുടെ വീർയ്യപരാക്രമങ്ങളെ ജനങ്ങൾക്കു ഓർമ്മയിൽ വരുത്തേണ്ടതിലേക്കു, പല പഴയ നടവടികളേയും പുനരുദ്ധരിപ്പിച്ചു.

സ്ഥാനവ്യത്യാസം കൂടാതെ ആ സൈന്യത്തിൽപെട്ട ഓരോരുത്തനും ധരിക്കേണ്ടിവരുന്ന കറുത്ത അടിക്കുപ്പായം ഇററാലിയൻകാർ സമചിത്തന്മാരായിരിക്കേണ്ടതാണെന്നു കാണിക്കുവാൻ ഒരു ഉദാഹരണമായിത്തീൎന്നു. കൊടി അടയാളവും മുദ്രാവാക്യങ്ങളും പുതുതായി ഏൎപ്പെട്ടത്തിആകപ്പാടെ ഫാസിസം ഇററലിക്കു പ്രത്യേകമായി ഉണ്ടാക്കിയിട്ടുള്ളതുപോലെ ജനങ്ങൾക്ക് ഊഹിപ്പാൻ ഇടയായിത്തീൎന്നു.

ഇററലിയിൽ അന്നുണ്ടായിരുന്ന രാജ്യഭരണകൎത്താക്കന്മാരുടെ ശക്തിക്ഷയവും മുസോലിനിയുടേയും അയാളുടെ കീഴിലുണ്ടായിരുന്ന ഫാസിസ്ററു സൈന്യത്തിൻെറ ശക്തിവൎദ്ധനയും ഹേതുവായി, രാജനീതികളെ നടത്തി വന്നിരുന്നതു മുസോലിനിതന്നെ ആയിരുന്നുവെന്നു പറയാം. ഫാസിസ്ററു സംഘക്കാൎക്കു എതിൎത്തു നിന്നിരുന്ന കൂട്ടൎക്കു മുസോലിനി നിശ്ചയിച്ചിരുന്ന ശിക്ഷകൾ പ്രത്യേകതരത്തിലായിരുന്നു. കുററക്കാരൻെറ കുററശക്തിയനുസരിച്ചു അയാളുടെ താടിയും തലയും വടിച്ചുകളയുകയോ, അല്ലാത്തപക്ഷം അയാളെക്കൊണ്ടു അഞ്ചോ എട്ടോ ഔൺസ്സ് ആവണക്കെണ്ണ കുടിപ്പിക്കുകയോ, ആയിരുന്നു ചെയ്തിരുന്നതു. വലിയ തടികൊണ്ടുള്ള പ്രഹരങ്ങളും മററു ചില കുററക്കാൎക്കു ലഭിച്ചിരുന്നു. പുതിയ മാതിരിയിലുള്ള നടവടികൾകൊണ്ടും ശിക്ഷാക്രമങ്ങൾകൊണ്ടും ഇററലിയിലെ കലഹങ്ങൾക്കു ഒരുമാതിരി ശമനം ലഭിക്കുകയും ഇററലിക്കു മൊത്തമായ ഒരു ഉണൎച്ച സാദ്ധിക്കുവാനിടയാകുകയും ചെയ്തു.

1922-ൻെറ അവസാനംവരെ ഇററലിയിൽ കഴിഞ്ഞു വന്നിരുന്ന രാജ്യഭരണം അരാജകത്വത്തേയും, അനാഥത്വത്തേയും അനുഗമിച്ചുകൊണ്ടായിരുന്നു. യഥാൎത്ഥഭരണാധികാരികൾക്കോ, രാജാവിന്നോ, അന്നുകാലത്തു പ്രജാപരിപാലനത്തിന്നോ രാജ്യരക്ഷക്കോ ശക്തി ഉണ്ടായിരുന്നില്ല. ഫാസിസ്ററു സംഘക്കാർ അവൎക്കു ചിതമെന്നു തോന്നുന്ന പോലേയും, അവരുടെ വിരോധികളായ മററു സംഘക്കാർ അവരുടെ മനസ്സിന്നിണങ്ങിയപോലെയും രാജ്യഭരണവും കലഹങ്ങളും നടത്തിവന്നിരുന്നു. ഫാസിസ്ററുസംഘക്കാരും റേഡിക്കിൽസ്സംഘക്കാരും ഇററലിയിലെ രാജ്യഭരണം കയ്യേറെറടുപ്പാൻ ഉത്സാഹങ്ങൾ നടത്തിയിരുന്നതിൽ, ഇരുകൂട്ടൎക്കും അത്യധികം ധനനാശവും, ആൾനാശവും ഉണ്ടായിട്ടുണ്ടു. അവരുടെ കലഹം മൂൎദ്ധീകരിച്ച കാലത്തു ഫാസിസ്ററുസംഘക്കാർ ഇററാലിയൻ ഗവൎമ്മേണ്ടിന്നയച്ച ഒരു സന്ദേശം താഴെ ചേൎക്കാം. "ഗവൎമ്മേണ്ടിൽനിന്നു 48മണിക്കൂറിന്നുള്ളിൽ ഇററലിയുടെ രക്ഷക്കായി വേണ്ടുന്ന മാൎഗ്ഗങ്ങൾ നോക്കാത്തപക്ഷം ഞങ്ങൾതന്നെ അതിനെ നിൎവ്വഹിക്കുവാൻ തീൎച്ച്പ്പെടുത്തിയിരിക്കുന്നു." എന്നാൽ ഗവൎമ്മേണ്ടിൽനിന്നു അപ്രകാരം യാതൊന്നും പ്രവൎത്തിച്ചു കാണാഞ്ഞതിനാൽ ഫാസിസ്ററു സംഘക്കാർ അവർതന്നെ ഗവൎമ്മേണ്ടു ഭരണത്തെ കയ്യേറെറടുത്തു. അന്നുമുതൽ ഫാസിസ്ററു സംഘക്കാർ നടത്തിവന്ന ഭരണരീതികൊണ്ടു കാൎയ്യമായ കലഹങ്ങൾ അധിക കാലത്തിന്നുമുമ്പു ശമിച്ചുവശായി. ബോൾഷിവിസ്സംഘത്തിൽ ചേൎന്നിരുന്ന

വരായ വളരെ കൂട്ടരും മുസോലിനിയെ രാജ്യരക്ഷകൻ എന്നഭിമാനിച്ച ഫാസിസ്ററു സംഘത്തിൽ സന്തോഷത്തോടെ ചേൎന്നു. ഇററലിയിലെ നാനാഭാഗങ്ങളിലും ജനങ്ങൾ കൂട്ടംകൂട്ടമായി മുസോലിനിയുടെ മഹിമകളെപ്പററി പാടുവാൻ തുടങ്ങി. എല്ലാ വീഥികളിലും "ബെനിറേറാ മുസോലിനി വിജയിപ്പൂതാക" എന്നു വലിയ അക്ഷരത്തിൽ എഴുതിപ്പതിച്ചു കാണാറായി. ഇററലിയിൽ പടൎന്നുപിടിച്ചിരുന്ന ബോൾഷിവസം നാടുവിട്ടോടിക്കളഞ്ഞു. ഫാസിസ്റ്റ് സംഘക്കാരുടെ ശക്തി മുസോലിനിയുടെ കീഴിൽ ഇററലിയിൽ വളൎന്നുതുടങ്ങി. ഫാസിസം ഇററലിയിൽ ഉത്ഭവിച്ചമുതൽ രണ്ടരകൊല്ലത്തിനുള്ളിൽ ഇററലിയുടെ രക്ഷക്കായി അയ്യായിരത്തിൽപരം ധീരയുവാക്കളുടെ ജീവനെ ബലി കഴിച്ചിട്ടുണ്ടു. ഇന്നു ഇററലിയിൽ കാണുന്ന മുസോലിനിയുടെ ഫാസിസ്ററു സംഘത്തിൽപെട്ട ഓരോരുത്തനും സഹനശക്തി, ധൈൎയ്യം, സ്വരാജ്യസ്നേഹം മുതലായ ഗുണങ്ങൾക്ക മാതൃകകളായ യുവാക്കന്മാരാണ്.

1922 ഒക്ടോബർ മാസത്തിന്റെ അവസാനത്തോടുകൂടി ഫാസിസ്ററുപട്ടാളത്തിന്റെ ശക്തി വളരെ അധികരിച്ചു. അതിനുംപുറമെ സംഘത്തിൽചേൎന്ന സാധാരണ അംഗങ്ങളുടെ എണ്ണം മൂന്നുകോടിയിൽ പരമായി. ഫാസിസ്ററുസംഘക്കാരുടെ ശക്തി ആ സ്ഥിതിയിൽ വൎദ്ധിച്ചു വന്നപ്പോൾ മുസോലിനിയുടെ കാൎയ്യസാദ്ധ്യങ്ങൾക്ക അയാൾക്ക ധാരാളം വിശ്വാസം ജനിച്ചു. അക്കാലത്തു നേപ്പിൾസിൽവെച്ചു മുസോലിനിയുടെ അഭിപ്രായപ്രകാ

രം, ഫാസിസ്റ്റുസംഘക്കാർ ഗവമ്മേണ്ടിനോടു ഇററലിയുടെ ഭരണാധികാരം ആവശ്യപ്പെട്ടു മേടിക്കുകയോ, അല്ലാത്തപക്ഷം ഭരണാധികാരികളെ ഒഴിപ്പിച്ചുമേടിക്കുകയോ വേണ്ടതാണെന്നു സംഘത്തിൽ ഐകകണ്ഠ്യേന തീരുമാനിച്ചു. തന്റെ കീഴിലുള്ള സൈന്യത്തേയും മററു ജനങ്ങളേയും ശക്തിമാന്മാരായ യോധാക്കളേയും രാജ്യഭരണതന്ത്രജ്ഞന്മാരേയും ഏല്പിച്ചു തൃപ്തിപ്പെട്ടശേഷം, ബനിറേറാ മുസോലിനി ഒക്ടോബർ മാസത്തിന്റെ അവസാനത്തിൽ അയാളുടെ പത്രപ്രവത്തനാപ്പീസിലേക്കു പുറപ്പെട്ടു പോകുകയും ചെയ്തു: അയാൾ പോകുന്നതിന്നുമുമ്പു അയാളുടെ സംഘത്തിന്റെ ഭരണത്തിന്നായി നാലംഗങ്ങൾ കൂടിയ ഒരു ഭരണസഭയെ നിശ്ചയിച്ചു. മൈക്കെയിൽ ബയാൻജി എന്നാളെ സംഘത്തിലെ പൊതുകാര്യദശിയായും ഡാക്ടർ ബാൽബോവിനെ സൈന്യത്തിലെ സേനാനായകനായും, ഡീവേച്ചിയേയും ഡീബോണോവിനേയും കൂടുതൽ മെമ്പർമാരായും ആണു നിശ്ചയിച്ചതു. രാജ്യഭരണകാര്യങ്ങളെ നിരൂപണം ചെയ്യേണ്ടതിലേക്കു ഗ്രാൻഡീ എന്ന മറെറാരാളെ സകല അധികാരവും കൊടുത്തു നിയമിച്ചു. നേപ്പിൾസിൽവെച്ചു കൂടിയ പൊതുയോഗത്തിൽ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയമനുസരിച്ചു ഡീവേച്ചിയും, ഗ്രാൻഡീയും റോമിലേക്കു പുറപ്പെട്ടുപോയി. അവർ റോമിൽ രാജസന്നിധാനത്തിങ്കൽ പ്രവേശിച്ചു, ഇററലിരാജ്യത്തിന്റെ അന്നത്തെ സ്ഥിതിയെ പറഞ്ഞറിയിക്കുകയും, അന്നത്തെ പ്രധാന മന്ത്രിയായ ഫാക്റ്റാ എന്നാളോടു മന്ത്രിസ്ഥാന

ത്തുനിന്നു ഒഴിഞ്ഞുപോകുവാൻ ആവശ്യപ്പെട്ടുകയും ചെയ്തു. ഫാക്ററാ ആദ്യത്തിങ്കൽ മടിച്ചുവെങ്കിലും ബാക്കിഉള്ളവരുടെ നിർബന്ധം ഹേതുവായി അയാഠം രാജിവെച്ചു മന്ത്രിപദത്തിൽനിന്നും ഒഴിഞ്ഞു. ഫാസിസ്ററുസംഘക്കാരുടെ തലസ്ഥാനമായിരുന്ന പെറൂഗയും റോമും തമ്മിൽ കമ്പിമൂലം വർത്തമാനങ്ങഠം നടത്തിയിരുന്നു. എന്നാൽ ഓരോ കാൎയ്യത്തിൻെറയും തീർപ്പിന്നായി മുസോലിനി മിലാനിൽനിന്നും വഴിക്കുവഴിയായി കമ്പിമൂലം കല്പനകളും അയച്ചുകൊണ്ടിരുന്നു.

എമാന്ന്യുവൽ രാജാവു തൻെറ രാജ്യത്തിൻെറ തൽക്കാലാവസ്ഥയെ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. അതിനാൽ അദ്ദേഹം ഫാസിസ്ററുസംഘക്കാരുടെ പ്രതിനിധികളോടു അവരുടെ ആവശ്യങ്ങളെ വിസ്തരിച്ചു പറവാനാവശ്യപ്പെട്ടു. സകല വിവരങ്ങളും അറിഞ്ഞശേഷം എമാന്ന്യുവൽ, ഫാസിസ്ററുസംഘക്കാരുടെ അഭിപ്രായങ്ങഠംക്കനുസരിക്കുകയും, ഇററലിയുടെ ക്ഷേമകാലത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഗ്രാൻഡീയും, ഡീവേച്ചിയും ഫാസിസ്ററുസംഘക്കാരുടെ തലസ്ഥാനത്തേക്കു സംതൃപ്തിയോടുകൂടെ മടങ്ങിപ്പോയെങ്കിലും അവിടെ എത്തിയ ഉടനെ രാജാവിൻെറ ഒരു കല്പന കമ്പിവഴിയായി അവൎക്കു കിട്ടുവാൻ ഇടയാകുകയും ചെയ്യുകയുണ്ടായി. അവർ പോയതിൽപിന്നെ റോമിൽ അതിയായ കലഹം കടക്കുകയും പഴയ ഭരണകർത്താക്കന്മാരുടെ സഹായത്തോടുകൂടി സൈന്യങ്ങഠം റോമിനെഫാസിസ്ററുസംഘക്കാരിൽനിന്നു രക്ഷിപ്പാൻ തുടങ്ങീട്ടുണ്ടെന്നുമാണു

അവൎക്കു കിട്ടിയ സന്ദേശം. ഉടനെതന്നെ അവർ രണ്ടു പേരും മുസോലിനി മിലാനിൽനിന്നു അയച്ചിരുന്ന കെയിനോ എന്നാളൊന്നിച്ചു റോമിലേക്കുതന്നെ മടങ്ങി. അവിടെ പലേ തരത്തിലുള്ള വൎത്തമാനങ്ങൾ കേൾക്കുവാനിടയാകുകയും, അതിനാൽ ഇററലിയിൽ ഓരോ ഭാഗത്തും ഫാസിസ്റ്റ് സംഘക്കാർ, വരുവാൻ പോകുന്ന യുദ്ധത്തിന്നു വേണ്ടി ഒരുക്കങ്ങൾ ചെയ്യുവാൻ അധികാരികൾക്കു കല്പനകളയച്ചു. മന്ത്രിസ്ഥാനത്തുനിന്നു ഒഴിഞ്ഞുപോയ ഫാക്ററാവും സഹായികളുംകൂടി ഇററലിയിൽ മാൎഷ്യൽലാ പ്രചാരമാക്കിയെന്ന വൎത്തമാനം നാട്ടോടെ സംസാരമായി. രക്തപ്രവാഹം കൂടാതെ രാജ്യഭരണം കയ്ക്കലാക്കേണമെന്നു വിചാരിച്ചിരുന്ന ഫാസിസ്റ്റസംഘക്കാരുടെ പ്രതിനിധികൾക്കു വ്യസനത്തിന്നിടയായി. എന്നാൽ അധികം താമസിക്കാതെ എമാന്യുവൽ രാജാവു മാൎഷ്യൽലാവിന്നു സമ്മതിക്കാതെ കല്പനയിൽ ഒപ്പിട്ടില്ലെന്ന വൎത്തമാനവും അവൎക്കു കിട്ടിയതുകൊണ്ടു ഏററവും സമാധാനപ്പെടുവാനും അവകാശമുണ്ടായി. കാൎയ്യങ്ങൾ ആ സ്ഥിതിയിലിരിക്കുമ്പോൾ സലാൻറാ എന്ന രാജ്യമന്ത്രി ഫാസിസ്റ്റ് പ്രതിനിധികളെ ക്ഷണിച്ചുകൊണ്ടു രാജസന്നിധാനത്തിങ്കൽ എത്തി. അവിടെവെച്ച് എമാന്യുവൽ രാജാവു ഫാസിസ്ററ് പ്രതിനിധികളോടു മനസ്സലിവോടുകൂടി ഒരു പ്രസംഗം ചെയ്തു. അന്നുതന്നെ വൈകുന്നേരം സലാൻറാ മന്ത്രിസ്ഥാനത്തിരുന്നു സഹായികളെ തിരഞ്ഞെടുപ്പാൻ ഉത്സാഹിച്ചതിൽ ഫാസിസ്ററ് പ്രതിനിധികളുടെ സഹായം ആവശ്യപ്പെട്ടു.

സലാൻ്റാവിൻെറ ആ പ്രാത്ഥനപ്രകാരം ഫാസിസ്ററ് പ്രതിനിധികൾ മുസോലിനിക്ക് അറിവു കൊടുക്കുകയും അധികം താമസിക്കാതെ തന്നെ മുസോലിനിയുടെ മറുപടി എത്തിച്ചേരുകയും ചെയ്തു. "ഞാൻ തലയാളിയല്ലാത്ത ഒരു മന്ത്രിസഭയിൽ അഭിപ്രായം പറവാൻ ഒരു കാലത്തും ഒരുങ്ങുന്നില്ല. ഫാസിസ്ററ് സംഘക്കാരുടെ വിജയത്തിന്നു പൂണ്ണത ലഭിക്കാതെ ഞാനടങ്ങുന്നവനമല്ലും." ഇതായിരുന്നു മുസോലിനിയുടെ മറുപടി. മേൽപ്പറഞ്ഞ മറുപടി കേട്ട ഉടൻ സലാൻ്റാ ഒഴിഞ്ഞു. ആ സമയം ഇററലിയുടെ പൊതുവായുള്ള സ്ഥിതി അത്യധികം അപകടത്തിലായി ഭവിച്ചു. ഫാസിസ്ററ് പ്രതിനിധികൾ അത്യധികം പരിഭ്രമിക്കുകയും അവരുടെ പ്രയത്നങ്ങൾ തൽക്കാലഅവസ്ഥകൊണ്ടു വിഫലങ്ങളായി ഭവിച്ചേക്കുമെന്നു ഭയപ്പെടുകയും ചെയ്തു. മുമ്പു പറഞ്ഞമാതിരി ഫാസിസ്ററ് സംഘക്കാരുടെ ഉദ്ദേശം, രക്തപ്രവാഹം കൂടാതെ ഇററലിയുടെ രക്ഷക്കു വേണ്ടുന്നതു പ്രവത്തിക്കേണമെന്നുള്ള അവരുടെ മോഹം, സഫലീകരിക്കില്ലെന്നു അവക്കു തോന്നുവാൻ ഇടയായി. ന്റായിരത്തിൽപരം ഫാസിസ്ററ് സംഘക്കാരുടെ അനുഗാമികൾ റോമാനഗരിയുടെ പുറത്തു ക്ഷമാലേശം കൂടാതെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. അവരുടെ പട്ടണപ്രവേശം ഫാസിസ്ററ് പ്രതിനിധികളുടെ നിരോധനം ഹേതുവായി നീട്ടിവെച്ചിരുന്നുവെങ്കിലും, കാലതാമസംകൊണ്ടു അവർ ക്ഷമയില്ലാത്തവരായി താമസിച്ചുപോന്നു. ആ സ്ഥിതിയിൽ അവർ അക്ഷമരായി കാലം കഴിച്ചു

പോരുമ്പോൾ രാജസന്നിധാനത്തിൽ നടന്നുകൊണ്ടിരിക്കുന്നതറിവാൻ മുറവിളി കൂട്ടിത്തുടങ്ങി. തങ്ങൾ ചെയ്യേണ്ടുന്ന പട്ടണപ്രവേശനം ഏതു വിധത്തിൽ വേണ്ടിവരുമെന്നു തീച്ച് അറിവാൻ അവർ ആശിച്ചു.

കാൎയ്യം അത്രത്തോളമായപ്പോൾ ഡീവേച്ചിയും ഗ്രാൻഡീയും രാജാവിനോട് സ്ഥിതികളെ പറഞ്ഞു മനസ്സിലാക്കി മുസോലിനിയെ അവിടെക്കു ക്ഷണിച്ചുവരുത്തുവാൻ അപേക്ഷിക്കുകയും ചെയ്തു. എമാന്വുവൽ രാജാവു അക്കാൎയ്യത്തെ സമ്മതിക്കയാൽ ഫാസിസ്റ്റ് പ്രതിനിധികൾ മുസോലിനിക്കു വിവരത്തിന്നു കമ്പിഅടിച്ചു. പരിഭ്രമലേശംകൂടാതേയും ധാരാളം സമാധാനത്തോടുകൂടിയും മനശ്ശക്തിയോടുകൂടി മിലാനിൽ മുസോലിനി അയാളുടെ ആപ്പീസ് മുറിയിൽ ഇരിക്കുമ്പോളാണു ഡീവേച്ചിയുടെ കമ്പികിട്ടുവാനിടയായതു. വിവരം അറിഞ്ഞ ഉടനെ മുസോലിനി താൻ എന്തുകാൎയ്യത്തിന്നായാലും രാജാവിൻെറ കയ്യൊപ്പോടുകൂടിയ കല്പന കിട്ടിയല്ലാതെ പുറപ്പെടുകയില്ലെന്നു റോമിലേക്കു മറുപടി അയച്ചു. അതനുസരിച്ചു രാജാവിൻെറ ക്ഷണനം വന്നെത്തുകയും മുസോലിനി പുറപ്പെട്ടു പോകുകയും ചെയ്തു.

റോമാനഗരത്തിൻെറ പുറത്തെത്തിയപ്പോൾ അവിടെ കാത്തുനിൽക്കുന്നുണ്ടായിരുന്ന ഫാസിസ്റ്റസംഘക്കാരുടെ അനുമോദത്തോടുകൂടി മുസോലിനി അകത്തുകടന്നു രാജസന്നിധാനത്തിങ്കൽ ഹാജരായി. ആ സമയത്തു മുസോലിനി രാജാവിനോടു പറഞ്ഞിട്ടുള്ള വാക്കുകൾ പ്രസ്താവയോഗ്യങ്ങളാണ്. "ഏററവും ബഹുമാനപ്പെട്ട

തിരുമേനിയുടെ മുമ്പിൽ ഞാൻ കറുത്ത അടിക്കുപ്പായം ധരിച്ചു പ്രവേശിച്ചതിന്ന് എനിക്കു മാപ്പു തരേണം. ഞാൻ രക്തപ്രവാഹമില്ലാത്ത ഒരു യുദ്ധത്തെ നടത്തീട്ടാണ് ഇവിടെ എത്തിയിരിക്കുന്നത്. ഇനിയും അതേ പ്രകാരത്തിലുള്ള യുദ്ധങ്ങൾ നടത്തേണ്ടതിലേക്കുമായിട്ടാണു ഞാൻ ഇവിടെ എത്തിച്ചേരുവാൻ നിർബ്ബന്ധിതനായിട്ടുള്ളത്. ഞാൻ ബഹുമാനപ്പെട്ട തിരുമേനിയുടെ ഒരു പ്രത്യേക ആശ്രിതനാണെന്നുകൂടി ഇവിടെ തുറന്നു പറയട്ടെ." എമാന്വൽ രാജാവും മുസോലിനിയും തമ്മിൽ കൂടിക്കാഴ്ച നടത്തിയതിന്നുശേഷം അധികം താമസിക്കാതെ ബനിറോ മുസോലിനിയെ ഇററലിയിലെ പ്രധാനമന്ത്രിപദത്തിലേക്കു നിയമിക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ മുസോലിനി ഫാസിസ്ററുസംഘക്കാൎക്കും മററു ആളുകൾക്കും സാരഗൎഭമായ ഒരു പ്രസംഗം നടത്തുകയുണ്ടായി.

## ഏഴാം അദ്ധ്യായം.

ഇററലിയിൽ നാനാഭാഗത്തും അവിടവിടങ്ങളിലായി കൂടിനിന്നിരുന്ന ഫാസിസ്ററുസംഘക്കാർ ഓരോരോ വഴിക്കു വന്നുചേൎന്ന് ഏകോപിച്ചു പുരാതനകാലംമുതൽക്കു പ്രസിദ്ധിസമ്പാദിച്ചിട്ടുള്ള റോമാനഗരത്തിൽ പ്രവേശിക്കുവാൻ തീൎച്ചപ്പെടുത്തുകയും അതിന്നായി ഒരുങ്ങുകയും ചെയ്തു. പലേ ഭാഗത്തുനിന്നും കൂട്ടംകൂട്ടമായി റോമാ

നഗരത്തിലേക്കു വന്നുകൊണ്ടിരുന്ന അവൎക്കു പല പ്രകാരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വന്നുവെങ്കിലും അവകളെയെല്ലാം ക്ഷമയോടുകൂടി സഹിച്ചു അവർ നഗരവാതുക്കൽ വന്നുചേൎന്നു. ഇററലിയിലെ പുതിയ പ്രധാനമന്ത്രിയും, ഫാസിസ്ററുസംഘത്തിൻെറ നേതാവും, ആയിരുന്ന ബനിറേറാമുസോലിനിയുടെ സന്തോഷസമ്മതത്തോടുകൂടി അനേകായിരം ഫാസിസ്റ്റുസംഘാംഗങ്ങൾ ഒന്നിച്ചു പട്ടണപ്രവേശനം ചെയ്യുകയും ചെയ്തു. എന്നാൽ മുസോലിനി അക്കൂട്ടരെ അവിടെ അധികം താമസിപ്പിക്കാതെ കഴിയുന്ന വേഗത്തിൽ പിരിച്ചയക്കുകയാണു ചെയ്തതു.

കുറച്ചുകാലമായി അന്തഃഛിദ്രംകൊണ്ടു അപാരമായ കഷ്ടസ്ഥിതിയിൽ തപിച്ചുകൊണ്ടിരുന്ന ഇററലിയെ ബനിറേറാ മുസോലിനി സംരക്ഷിച്ചു്, എമാന്യുവൽ രാജാവിൻെറ ആവശ്യപ്രകാരം പ്രധാനമന്ത്രിപദത്തെ കൈകൊണ്ടു രാജ്യത്തെ ഭരിപ്പാൻ തുടങ്ങി. 1922നവമ്പർമാസത്തിലായിരുന്നു മുസോലിനി ഇററലിയിലെ പ്രധാനമന്ത്രിയായി തീൎന്നതു്. അതിയായ രക്തപ്രവാഹത്തിന്നു ഇടകൊടുക്കാതെ രാജ്യത്തിൽ സമാധാനം ഉണ്ടാക്കിത്തീൎത്ത മുസോലിനിയുടെ പേരിൽ അയാളുടെ ശത്രുക്കൾക്കുകൂടി ബഹുമാനം തോന്നുക ഉണ്ടായി. വളരെ കാലമായി യൂറോപ്പിൽ ഇററലിയുടെ സ്ഥാനം വളരെ കീഴ്പതനത്തിലായിരുന്നു നിലനിന്നിരുന്നതു്. പുരാതനകാലത്തെ ഇററലിയുടെ മഹിമയെ കുറച്ചുകാലമായി ഇററലിക്കാർകൂടി മറന്നുകിടന്നിരുന്നതിനെ മു

മുസോലിനി അവരുടെ ഉള്ളിൽ ഓൎമ്മയിൽവരുത്തി. അതു ഹേതുവാൽത്തന്നെ ഇററാലിയൻകാർ ഇററലിയുടെ ഏകനേതാവായിത്തീൎന്ന ആ ബനിറേറാ മുസോലിനിയേയും അയാളുടെ ഭരണരീതിയേയും സന്തോഷപൂൎവ്വം അനുസരിച്ചുപോരുവാൻ തുടങ്ങി. ജനങ്ങളുടെ ഉള്ളിൽ ജ്വലിച്ചുപൊങ്ങിക്കൊണ്ടിരുന്ന സ്വരാജ്യസ്നേഹം അവരെ യൂറോപ്പിലുള്ള മററു രാജ്യക്കാരുടെ ഉന്നതപദവിയിൽ എത്തിച്ചേരുവാൻ ആശിപ്പിച്ചു. അതിനാൽ തന്നെ അവർ ഇററലിയുടെ രക്ഷക്കും ഉന്നതിക്കുംവേണ്ടി ജീവനെക്കൂടി തൃണീകരിച്ചു, അനവരതം ശ്രമിച്ചുവന്നിരുന്ന അവരുടെ അന്നത്തെ പ്രധാനമന്ത്രിയായ ബനിറേറാ മുസോലിനിയുടെ മുമ്പാകെ അവരുടെ മനസ്സുകളെ കാഴ്ചവെച്ചു.

ഇന്നത്തെ ഇററലിയുടെ പ്രധാനമന്ത്രിയായ ബനിറേറാ മുസോലിനി ഇന്നും ഫാസിസ്ററുസംഘക്കാരുടെ കാരണഭൂതനും നേതാവും ആണ്. അയാൾക്കു ചുററും ചെറുപ്പക്കാരായ അനേകം ജനങ്ങൾ അയാളുടെ വാക്കുനുസരിച്ച് എന്തുപ്രവൎത്തിപ്പാനും തയ്യാറായി നിൽക്കുന്നുണ്ടു്. ചെറുപ്പവും ശക്തിയും അദ്ധ്വാനശീലവും ഇന്നും നിലനിൎത്തിക്കൊണ്ടുവരുന്ന ബനിറേറാ മുസോലിനിക്കു ഇററലിയിൽ അന്നു കണ്ടിരുന്ന കലഹങ്ങളെ എളുപ്പത്തിൽ ശമിപ്പിപ്പാനും, ഇററലിയെ അതിൻെറ കീഴ്പതനത്തിൽനിന്നു മേൽപ്പോട്ടു വലിച്ചു കേററുവാൻ വേണ്ടുന്ന ശ്രമങ്ങൾ ചെയ്യുവാനും അദ്ധ്വാനം തോന്നിയിരുന്നില്ല. മുസോലിനി അയാളുടെ രാജ്യത്തിൽ സാധാ

രണ്ട നവീന നേതാക്കന്മാർ വരുത്തികൂട്ടാറുള്ള പരിഷ്കാരഭേദങ്ങളെ പ്രചരിപ്പിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നില്ല. പുരാതനമായി ഇററലിയും പ്രത്യേകിച്ചു റോമാനഗരത്തിലും ഉണ്ടായിരുന്നതായ മഹത്തായ നടവടികളെ അയാഠം പുനരുദ്ധരിപ്പിപ്പാൻ അത്യധികം ഇഷ്ടപ്പെട്ടു. അയാഠം അയാളുടെ രാജാവിനെ ബഹുമാനിക്കുന്നതിൽ യാതൊരു കുറവും വരുത്തിയിരുന്നില്ല. തനിക്കു കിട്ടിയ പദവിയെ ഗണ്യമാക്കി പ്രതാപത്തെ നടിച്ചു മററുള്ളവരെ അസഹ്യപ്പെടുത്തുവാൻ മുസോലിനി തീരെ ഉത്സാഹിച്ചിരുന്നില്ല. ഫാസിസ്റ്റ് സംഘക്കാരുടെ ശക്തിയനുസരിച്ചാണ് ഇററലിയുടെ ഉന്നതഗതിക്കു വഴികിട്ടുന്നതെന്നു മുസോലിനി പൂൎണ്ണമായി വിശ്വസിച്ചു.

ബനിറേറാമുസോക്കൊനി ഇററലിയിലെ പ്രധാനമന്ത്രിസ്ഥാനത്തെ കൈക്കൊണ്ട ഉടനെ അയാളുടെ നാട്ടുകാൎക്കും അന്യരാജ്യങ്ങളിൽ താമസിച്ചുവന്നിരുന്ന ഇററാലിയൻകാൎക്കും, രാജപ്രതിനിധികഠംക്കും അറിവാനായി അയാളുടെ ആന്തരമായ ഉദ്ദേശങ്ങളെ സന്ദേശത്തുപേണ അയച്ചുകൊടുത്തു. അയാളുടെ സൈന്യത്തോടു അയാഠംക്കു പദവിയും ബഹുമാനസൂചകങ്ങളായ ആചാരങ്ങളും ആവശ്യമില്ലെന്നും പ്രത്യേകമായി അയാഠം അവരിൽനിന്നുദ്ദേശിക്കുന്നതു കൃത്യമായ അനുസരണമാണെന്നും പറഞ്ഞുമനസ്സിലാക്കി. അയാളുടെ കീഴ് ഉദ്യോഗസ്ഥന്മാരോടെല്ലാം അവരവർ ചെയ്യേണ്ടുന്ന പ്രവൃത്തികഠം പൂൎണ്ണമായും, യഥാൎത്ഥസ്വരാജ്യസ്നേഹത്തോടുകൂടിയും ചെയ്യേണമെന്നും അക്കാൎയ്യത്തിൽ താൻതന്നെ അ

വർക്കെല്ലാവർക്കും ഒരു മാതൃകയായിത്തീരുന്നുണ്ടെന്നും പറഞ്ഞുമനസ്സിലാക്കി. ഫാസിസ്റ്റ് സംഘക്കാരോടു അവരുടെ ജയത്തെ കുറിച്ച് ഒട്ടുംതന്നെ ഗർവ്വനടിക്കരുതെന്നും, പ്രത്യേകിച്ചു ഉപദേശിച്ചു. അന്യരാജ്യങ്ങളിലിരിക്കുന്ന പ്രതിനിധികൾക്കായി അയച്ച സന്ദേശത്തിൽ താൻ അവരിൽനിന്നു അതുവരേയും അവരിൽ ഉണ്ടായിരുന്ന സ്വരാജ്യസ്നേഹത്തിൽ കൂടുതലായ സ്വരാജ്യസ്നേഹം ആവശ്യപ്പെടുന്നുണ്ടെന്നും, ഇററലിയുടെ താൽക്കാലികമായ സ്ഥിതികൊണ്ടു അതിൻെറ നന്മക്കായി ഓരോരുത്തരും പ്രത്യേക ഉത്സാഹങ്ങൾ എടുക്കേണമെന്നും പ്രത്യേകിച്ചു പറയുകഉണ്ടായി. മററുരാജ്യങ്ങളിലെ ഭരണാധികാരികൾക്കും അയാൾ യഥോചിതംപോലെ സന്ദേശങ്ങൾ അയക്കുകഉണ്ടായി. യൂറോപ്പിലെ ഐക്യരാജ്യങ്ങളോടു അയാൾ ഇററലിക്കുവേണ്ടി ആവശ്യപ്പെട്ടതു യൂറോപ്പിൻെറ തെക്കുഭാഗത്തു മദ്ധ്യതരണിക്കടലിലേക്കതിക്രമിച്ചുകിടക്കുന്ന ഇററലിഎന്ന ഒരു ചെറിയ രാജ്യം യൂറോപ്പിൽ ഇന്നും ഉണ്ടെന്നു അവരുടെ മനസ്സിൽ ഓർമ്മ ഉണ്ടായിരിക്കേണ്ടതാണെന്നു മാത്രമായിരുന്നു. അയാൾ അന്യരാജ്യക്കാരോടു, അനേകം മഹാന്മാരുടെ ജന്മഭൂമിയായ ഇററലിക്കു യൂറോപ്പിൽ മററുരാജ്യങ്ങളുടെ കൂട്ടത്തിൽ ഒരു സ്ഥാനത്തിന്നർഹതയുണ്ടെന്നു തുറന്നുപറഞ്ഞു അതാതുരാജ്യങ്ങളുടെ അവകാശങ്ങൾ അതാതുരാജ്യങ്ങൾക്കുതന്നെ ഇരിക്കേണ്ടതാണെന്നും ഒരു രാജ്യത്തിൻെറ അവകാശമായ ഏതൊരുസംഗതിയിലും മറെറാരുരാജ്യം കൈകേറി കൂടുവാൻ ഉത്സാഹിക്കുന്നതു സാഹസമാണെ

ന്നും അയാൾ വിളിച്ചുപറഞ്ഞു. മെഡിററേനിയൻ ഉൾക്കടൽ അതിൻെറ അയൽരാജ്യങ്ങൾക്കു ആവശ്യമു ണ്ടെന്നാണ് അയാൾ പ്രത്യേകം ചൂണ്ടിക്കാണിച്ചത്.

ഇന്നു ഫാസിസ്റ്റ് സംഘക്കാരുടെ ശക്തി ഇററലി യിൽ ഏററവും ഉന്നതദശയെ പ്രാപിച്ചുകഴിഞ്ഞിരിക്കു ന്നു. ബനിറേറാമുസോലിനി ഇററലിയുടെ ഭരണത്തിൽ സർവ്വാദ്ധ്യക്ഷം വഹിച്ചതിന്നുശേഷം ആ രാജ്യത്തിൻെറ ശ്രേയസ്സും മേൽക്കുമേൽ വർദ്ധിച്ചുപോരുന്നു. ഇററാലി യൻകാരുടെ പുരാതനമായ ഉണർച്ചയും സ്വരാജ്യസ്നേഹ വും അവരിൽ വീണ്ടും അങ്കുരിച്ചുകണ്ടു. ഇററലിരാജ്യ ത്തിൽ എല്ലാപ്രദേശങ്ങളിലും അന്തഃഛിദ്രങ്ങൾ ശമിച്ചു ക്ഷേമം വർദ്ധിച്ചുവന്നുതുടങ്ങി കൃഷി, കൈത്തൊഴിൽ വ്യവസായം മുതലായ കാര്യങ്ങളെ മുൻസ്ഥിതിയിൽനി ന്നു ക്ഷേമത്തിൽ കൊണ്ടുവരുവാൻ ഗവർമ്മേണ്ടിൽനിന്നു ധാരാളം ധനസഹായം ചെയ്തുതുടങ്ങി. അന്യരാജ്യക്കാ രുമായ ബന്ധുത്വം പൂർവ്വാധികം ശക്തിയോടുകൂടെ ഉറ പ്പിച്ചു. ലോകമഹായുദ്ധത്തിൽ ബ്രിട്ടൻ അമേരിക്കാ മുതലായരാജ്യങ്ങൾക്കു ഇററലി കൊടുക്കേണ്ടുന്ന കടത്തി ൻെറ കാര്യം വ്യവസ്ഥപ്പെടുത്തി. സകല രാജ്യക്ഷേമ ത്തിന്നുള്ള പ്രവൃത്തികളിലും ബനിറേറാമുസോലിനിത ന്നെ നേരിൽ വന്നു പണിചെയ്തുപോന്നതിനാൽ ഉദ്ദേ ശസാദ്ധ്യത്തിന്നു കാലതാമസം വന്നിരുന്നില്ല. ഇററലി യുടെ സ്ഥിതി എതാണ്ടു ഈ സ്ഥിതിയിൽ എത്തിച്ചേർന്ന പ്പോൾ മുസോലിനി ഇററാലിയൻകാരുടെ ഭാഗ്യത്തേ യും അവരുടെ ക്ഷമാശക്തിയേയും പ്രശംസിപ്പാൻ തുട

ങ്ങി. ഫാസിസ്റ്റ്സംഘക്കാരുടെ എന്നല്ലാ—ഇററാലിയൻകാരുടെ ഒട്ടാകെ ഉള്ള ശ്രമങ്ങൾകൊണ്ടു ഇററലിരാജ്യത്തിന്നു ഇപ്പോൾ അനുഭവിച്ചുവരുന്ന ക്ഷേമത്തിന്നിടയായെന്നും അതിന്റെ ഭരണരീതിക്കു മുമ്പുണ്ടായിരുന്ന ശക്തിക്ഷയത്തെക്കളഞ്ഞു അത്യധികം ശക്തിയിൽ കൊണ്ടുവരുവാൻ സാധിച്ചുവെന്നും മുസോലിനി പ്രശംസിച്ചുതുടങ്ങി.

ഇററലിയിൽ ഇന്നു കാണുന്ന ക്ഷേമം ഇതരരാജ്യങ്ങളിലുള്ളതിനേക്കാൾ അധികരിച്ചുകാണുന്നുണ്ടെങ്കിലും ബനിറോമുസോലിനി ആ ക്ഷേമത്തെ ഒരു രാജ്യത്തിൽ കാണേണ്ടുന്ന ക്ഷേമത്തിന്റെ ശൈശവമായിട്ടേ വിചാരിച്ചിട്ടുള്ളു. രാജ്യക്ഷേമത്തിനുവേണ്ടി ഇററലിയിലെ ഇന്നത്തെ രാജ്യഭരണാധികാരികൾ ഉത്സാഹങ്ങൾ ചെയ്യുവാൻ ആരംഭിച്ചിട്ടുള്ളതിന്റെ ആദ്യഫലം മാത്രമാണ് ഇപ്പോൾ ഇററലിയിൽ കാണുന്ന ക്ഷേമം എന്നാണു മുസോലിനിയുടെ അഭിപ്രായം. ഇററലിയുടെ ഇപ്പോഴത്തെ സ്ഥിതിയനുസരിച്ചു രാജ്യനീതിശാസ്ത്രജ്ഞന്മാർ തൽക്കാലം ആവശ്യമില്ലെന്നും അവരുടെ ഭിന്നാഭിപ്രായങ്ങളും ദുസ്തക്കങ്ങളും സ്വാത്ഥങ്ങളായ പ്രവൃത്തിദോഷങ്ങളും ഒരു രാജ്യത്തിലേക്കു ക്ഷേമത്തേക്കാൾ അധികം ക്ഷോഭമാണുണ്ടാക്കിത്തീക്കുന്നതെന്നും മുസോലിനി അഭിപ്രായപ്പെടുന്നു. ഇന്നു ഇററലിയിൽ, അത്യാവശ്യങ്ങളായ കാര്യങ്ങൾ വിദ്യാഭ്യാസം കൃഷി, കൈത്തൊഴിൽ മുതലായവയെ പ്രോത്സാഹിപ്പിക്കുകയും രാജ്യഭരണാധികാരികൾ യഥാത്ഥസ്വരാജ്യസ്നേഹത്തോടുകൂടി തങ്ങൾ ത

ങ്ങൾക്കുള്ള പ്രവൃത്തികളെ കളങ്കരഹിതമായി ചെയ്തു പോരികയും ആണ്. മേൽപ്പറഞ്ഞകാൎയ്യങ്ങൾക്കായി മുസോലിനി അനവരതം ശ്രമിക്കുന്നുണ്ടെന്നും രാജ്യനിവാസികളുടെ ക്ഷേമത്തിന്നായി ബുദ്ധിമുട്ടുന്നതിൽ അയാൾക്ക അപാരമായ സന്തോഷത്തിന്നിടയാകുന്നുണ്ടെന്നും അയാൾ വിളിച്ചുപറയുന്നതിന്നും പുറമെ അയാളുടെ പ്രവൃത്തികൾ കൊണ്ടും അനുഭവമാക്കുന്നുണ്ട്.

ഇററലിയിലെ ഇന്നത്തെ ഗവമ്മേണ്ടിന്റെ അടിപ്പടവു മററുപലേ രാജ്യങ്ങളേക്കാളും ശക്തിയുള്ളതാണെന്നതിന്നു രണ്ടുപക്ഷമുണ്ടാകുവാൻ തരമില്ല. ഫാസിസ്റ്റ് നടവടികളെക്കൊണ്ടു ഇന്നത്തെ ഗവമ്മേണ്ട് ഇററാലിയൻകാരെ കൂട്ടംകെ വലുപ്പചെറുപ്പഭേദമെന്ന്യേ ഇററലിയോടുകൂടി ശക്തിയായി ബന്ധിച്ചു. മുസോലിനി ഭരണഭാരത്തെ കയ്യേററു അധികകാലത്തിന്നു മുമ്പു നടത്തിയതായ ഒരു പ്രസംഗത്തിൽ അയാളിപ്രകാരം പറയുന്നു. "നോം ഇതാ മുമ്പുണ്ടായിരുന്ന ഭരണരീതിയെ തള്ളിക്കളഞ്ഞിരിക്കുന്നു. ആ ഭരണരീതിയാലുണ്ടായിരുന്ന ചില മൂഢവിശ്വാസങ്ങളേയും, വിപരീതഫലങ്ങളേയും ആ ഭരണത്തോടുകൂടിതന്നെ നോം കുഴിച്ചുമൂടിയിരിക്കുന്നു. അന്നത്തെ ഭരണത്താലുണ്ടായിരുന്ന വൎഗ്ഗവ്യത്യാസങ്ങളേയും ആക്ഷേപകരങ്ങളായ പക്ഷഭേദങ്ങളേയും ഇന്നു നോം ബഹിഷ്കരിച്ചുകളയുകയും ഇററലിയൻകാരുടെ ഇടയിൽ ഫാസിസ്റ്റ് നടവടികളെ പ്രചാരപ്പെടുത്തി അവരിൽ സഹോദരസ്നേഹം ഉണ്ടാക്കിത്തീൎക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. മേലിൽ നമുക്ക സ്വരാജ്യത്തിന്ന

കത്തുതന്നെ ഭിന്നകക്ഷികൾ ഉണ്ടാകാതിരിപ്പാൻ നമുക്കു ഓരോരുത്തൎക്കും സൂക്ഷിക്കേണ്ടുന്ന ഭാരം ഉണ്ടു. ഇന്നു നോം ഇററലിയൻകാരുടെമേൽ ചുമത്തുന്ന ഖരാറുകളെ അവർ സന്തോഷപൂൎവ്വം കൈക്കൊള്ളുന്നതു് എന്തുകൊണ്ടാണെന്നാലോചിക്കുന്നതായാൽ, ആ ഖരാറുകൾ ചുമത്തുന്ന ഭരണകൎത്താക്കന്മാർ സ്വരാജ്യത്തിന്റെ രക്ഷക്കു വേണ്ടിയാണെന്നു ഇന്നത്തെ ഇററലിയൻകാൎക്കു ബോദ്ധ്യപ്പെട്ടിട്ടുള്ളതുകൊണ്ടാണെന്നു പറയേണ്ടിയിരിക്കുന്നു. ഞാൻ കാലാനുസരണമായി ഇററാലിയൻകാൎക്കു കൊടുത്തുവരുന്ന ഖരാറുകൾ അവൎക്കു പ്രഥമദൃഷ്ടിയിൽ അസഹ്യങ്ങളെന്നു തോന്നുന്നുണ്ടെങ്കിലും ക്രമത്തിൽ അതുകളുടെ ഗുണഫലങ്ങൾ അവൎക്കറിയാറാകുന്നുണ്ടു. ഇററലിയിൽ ഇന്നു അസ്വതന്ത്രനായി ആരെങ്കിലും ഉണ്ടെങ്കിൽ ആ ആൾ ഞാൻതന്നെയാണു്. പ്രജാസംരക്ഷണത്തിലേക്കായി ഞാൻ സദാ അമരംപിടിച്ചുകൊണ്ടിരിക്കുമ്പോൾ എനിക്കു എന്റെ സ്വാതന്ത്ര്യത്തെപ്പററി ആലോചിപ്പാൻ ഇടയില്ല."

ഫാസിസ്റ്റ്നടവടികൾകൊണ്ടു ഒരു മനുഷ്യന്റെ സ്വാതന്ത്ര്യത്തിന്നു ഹാനിതട്ടുന്നുണ്ടെന്നു ഇററാലിയൻകാർ പലരും പറയുകയുണ്ടായിട്ടുണ്ടു്. എന്നാലതിന്നുത്തരമായി മുസോലിനി അവരുടെ ആ അഭിപ്രായത്തെ തീരെ നിഷേധിക്കുകയാണു ചെയ്തിട്ടുള്ളതു്. സ്വരാജ്യസ്നേഹവും, സ്വദേശാഭിമാനവും ഒരുത്തനിൽ ഉണ്ടെന്നുവരികിൽ അതിനെ അനുഭവത്തിൽ കൊണ്ടുവരേണ്ടതിലേക്കു ചിലപ്പോൾ സ്വാതന്ത്ര്യഹരയെ അല്പാല്പമായി

കളയേണ്ടിവരുമെന്നാണു അയാളുടെ ഉദ്ദേശം. അപ്രകാരത്തിലുള്ള നിസ്സാരമായ സ്വാതന്ത്ര്യനാശമല്ലാതെ മറ്റൊന്നും ഫാസിസ്ററ് സംഘനടവടികൾകൊണ്ടുണ്ടാകുന്നില്ലെന്നാണു മുസോലിനി പറയുന്നതു്. ഇന്നത്തെ ഫാസിസ്ററ് നടവടികൾക്കു പൂർണ്ണവളർച്ച് എത്തീട്ടില്ലെന്നും, മേലിൽ പലതും അതുകളിൽ വളൎന്നുവരേണ്ടതുണ്ടെന്നും മുസോലിനി സമ്മതിക്കുന്നുണ്ടു്. പ്രധാനമായി അയാൾ ഇററാലിയൻകാരോടാവശ്യപ്പെടുന്നതു ഫാസിസ്ററ് നടവടികളെ പൂർണ്ണമായി വിശ്വസിക്കേണ്ടതിലേക്കാണു്. അങ്ങിനെ പൂർണ്ണവിശ്വാസത്തോടുകൂടി ഇററാലിയൻകാർ ഏകോപിച്ചു ജീവിതം നയിക്കുവാൻ തുടങ്ങുന്നതായാൽ പിന്നീടവൎക്കുവേണ്ടുന്ന ഗുണങ്ങൾ തനിയെ ഉണ്ടാകുമെന്നാണു മുസോലിനി ഉപദേശിക്കുന്നതു്. ആ ജീവനയത്തിൻെറ ആദശം, ധീരത, അപകടങ്ങളിൽ കൂസലില്ലായ്മ, സ്വസ്ഥസ്ഥിതിയിൽ ഉപേക്ഷകാണിക്കൽ, നിഷ്കളങ്കത, സ്വാതന്ത്ര്യബുദ്ധി, വിശാലമാനസം മുതലായതുകൾ ആയിരിക്കേണമെന്നു മുസോലിനി പ്രത്യേകം വിളിച്ചുപറയുന്നുണ്ടു്. ഒരു മനുഷ്യൻെറ ജീവിതകാലം മുഴുവൻ ലോകത്തിന്നുപകാരപ്രദമായിരിക്കേണമെന്നാണു മുസോലിനി നിർബ്ബന്ധിക്കുന്നതു്. അയാൾ അയാളുടെ പിൻഗാമികളായ ഫാസിസ്ററ സംഘക്കാൎക്കുകൊടുത്തിട്ടുള്ള ഒരു പ്രത്യേകകല്പനയെ താഴെചേൎക്കാം. "ഞാൻ മുന്നോട്ടു നടന്നുകൊണ്ടിരിക്കുമ്പോൾ എന്നെ അനുഗമിക്കുക. ഞാൻ മുൻഗതിയിൽ നിന്നു മയന്നു തിരിച്ചാൽ എന്നെ കൊല്ലുക. ഞാൻ

തോററു നിലംപതിച്ചാൽ എന്നോടു പകരം ചോദിക്കു ക" മേലെഴുതിയ തരത്തിലായിരുന്നു അയാളും അയാളുടെ പിൻഗാമികൾക്കു പാഠങ്ങളെ കൊടുത്തിരുന്നതു്. ബനിറേറാമുസോലിനിയുടെ ഭരണാരംഭത്തിനുശേഷം ഇററലിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുഭവങ്ങൾഹേതുവാൽ ഇററാലിയൻകാൎക്കു അവരുടെ നശിച്ചുപോയിരിക്കുന്ന മഹിമയെ വീണ്ടെടുക്കേണ്ടതിലേക്കുള്ള ആസക്തി ഏററവും വൎദ്ധിച്ചുവന്നു. പുരാതനറോമൻകാരുടെ ധീരപരാക്രമത്തെ അവർ ഉള്ളിലോൎത്തു ഓരോരുത്തരുടേയും ഉള്ളിൽ പരാക്രമശീലം ഉജ്ജ്വലിച്ചുപൊങ്ങി.

ബാല്യകാലത്തിൽ വിദ്യാഭ്യാസത്തിനുകൂടി പണമില്ലാതെ ബുദ്ധിമുട്ടി തന്റെ മാതാവിന്റെ അത്യദ്ധ്വാനങ്ങൾക്കു പാത്രവാനായിത്തീൎന്നവനും, പള്ളിക്കൂടങ്ങളിൽ അദ്ധ്യാപകന്മാരുടെ കോപത്തിനും ശിക്ഷക്കും അൎഹനായിത്തീൎന്നവനും വിദ്യാൎത്ഥിപടം അവസാനിപ്പിച്ചു ലോകരംഗത്തിൽ പ്രവേശിച്ച ആദ്യകാലത്തു ഒരദ്ധ്യാപകജോലിയെ കൈക്കൊള്ളുവാനും, അവരിൽനിന്നു കലഹിച്ചു പിന്നൊഴിവാൻ ഇടയായവനും, വിദേശങ്ങളിൽ ചെന്നു സ്വാതന്ത്ര്യേച്ഛയെ പ്രകടിപ്പിച്ചു് തദ്ദേശഭരണകൎത്താക്കന്മാരുടെ ദൃഷ്ടിയിൽ ഒരു രാജദ്രോഹി ആകുവാൻ ഇടയായവനും, പിന്നീടു് കാലങ്ങളിൽ പത്രപ്രവൎത്തനം നടത്തി അതിൽ യഥാൎത്ഥങ്ങളായ രാജ്യഭരണരീതികളിൽ കാണാറുള്ള അഴിമതികളെ നിശ്ശങ്കം വിളിച്ചുപറഞ്ഞതിനാൽ ഭരണാധികാരികളാൽ നാടുകടത്തപ്പെടുവാൻ ഇടയായിട്ടുള്ളവനും, അവസാനമായി സ്വ

ദേശത്തേക്കു തിരിച്ചുവന്നു അതിന്റെ പരിതാപകരങ്ങളായ സ്ഥിതികളെക്കണ്ടു, അനവധി ബുദ്ധിമുട്ടുകൾ അനുഭവിച്ചു, സ്വദേശവാത്സല്യത്താൽ പലേ പ്രവൃത്തികളും നടത്തിയിരുന്നതിന്നിടയിൽ ജെയിൽവാസം അനുഭവിക്കേണ്ടിവന്നവനും ആയ ബനിറോ മുസോലിനി ഇതാ ഇന്നു ഇററലിരാജ്യത്തിലെ സർവ്വാദ്ധ്യക്ഷനായി ഭവിച്ചിരിക്കുന്നു.

പുരാതനകാലത്തു അത്യുൽപാദനങ്ങൾ അനുഭവിച്ചു, നിരന്തരമായി യുദ്ധങ്ങൾ നടത്തി, ശത്രുക്കളിൽനിന്നു പൂർണ്ണജയംനേടി ലോകമൊട്ടാകെ ജയഭേരി പ്രചരിപ്പിച്ചു ഇന്നത്തെ ഇററാലിയൻകാരുടെ പൂർവ്വികന്മാരുടെ ജന്മഭൂമിയായ മാഹാത്മ്യമേറിയ റോമിൽ റോമിന്നുവേണ്ടി ഇതാ ഇന്നു ബനിറോ മുസോലിനി നിത്യപ്രതാപശൂരനായി വാഴുന്നു. ക്രിസ്തുമതസിദ്ധാന്തങ്ങളെ കയ്യേററെടുത്തു ലോകനിവാസികൾക്കൊട്ടാകെ ഉപദേശങ്ങൾകൊടുത്തു ഐക്യമുണ്ടാക്കിത്തീർക്കുവാൻ ലോകംമുഴുവൻ സഞ്ചരിച്ചുകൊണ്ടിരുന്ന ഇന്നത്തെ ഇററലിക്കാരുടെ പൂർവ്വികന്മാരായ മഹാന്മാരുടെ ജന്മഭൂമിയായ ആ റോമിൽ റോമിന്നുവേണ്ടി ഇതാ ഇന്നു ബനിറോ മുസോലിനി എന്ന മഹാൻ ജീവനെ നയിക്കുന്നു. ലോകഗതിയിൽ മദ്ധ്യകാലത്തു അപരിഷ്കൃതന്മാരും വിദ്യാഭ്യാസശൂന്യന്മാരും ആയിരുന്ന ലോകനിവാസികളുടെ ഇടയിൽ പരിഷ്കാരവും വിദ്യാഭ്യാസവും പ്രചരിപ്പിച്ചു, അവരെ ലോകത്തിന്നുപകാരപ്രദന്മാരാക്കിത്തീർത്ത ഇന്നത്തെ ഇററാലിയൻകാരുടെ പൂർവ്വികന്മാരായിരുന്ന മഹാന്മാരുടെ ജന്മഭൂമിയായ റോ

മിൽ റോമിന്നുവേണ്ടി ഇന്നു വിശ്വവിശ്രുതനായ ബനിറോ മുസോലിനി കാലം കഴിച്ചുവരുന്നു. ഒരു കാലത്തു ലോകമെങ്ങും ഇളക്കിമറിക്കത്തക്ക ശക്തിയുണ്ടായിരുന്ന റോമാപട്ടണത്തെ ഇന്നത്തെ സ്ഥിതിയിൽനിന്നു മുന്നോട്ടു കയററി പുരാണമാഹാത്മ്യസ്ഥാനത്തേക്കു എത്തിക്കുവാൻ ബനിറോ മുസോലിനി ഇന്നു അക്ഷീണമായ ശക്തിയോടുകൂടെ ശ്രമിച്ചുവരുന്നു. കുറച്ചുകാലംമുമ്പു മുസോലിനിയുടെ ശത്രുവായിരുന്ന ഭിന്നാഭിപ്രായക്കാർ ഇന്നു മുസോലിനിയുടെ ഉദ്ദേശത്തെ സഫലീകരിപ്പിക്കേണ്ടതിലേക്കു അയാളെ സസന്തോഷം സഹായിക്കുന്നു. തന്റെ ശത്രുക്കളുടെ ഉള്ളിലും സ്വദേശസ്നേഹത്തേയും, സ്വാഭിമാനത്തേയും കുത്തിച്ചെലുത്തുവാൻ മുസോലിനിക്കു സാധിച്ചതുകൊണ്ടു ഇററലിരാജ്യത്തെ അതിന്റെ കഷ്ടാവസ്ഥയിൽനിന്നു വലിച്ചുകയററുവാനും ഇററാലിയൻകാരുടെ ഏകോപിച്ച ശക്തികൊണ്ടു അതിന്റെ മുൻഗതിയിലേക്കുള്ള ചലനത്തെ തിട്ടപ്പെടുത്തുവാനും അയാൾക്കു സാധിച്ചു. ഇററലിയുടെ എന്നു തന്നെയല്ലാ യൂറോപ്പിന്റേയും ഭാവിശ്രേയസ്സ് നമ്മുടെ ലോകധീരനായ ഈ ബനിറോ മുസോലിനിയിലാണു പ്രതിബിംബിച്ചുകാണുന്നതു. ഇററലിരാജ്യത്തിൽ അടുത്തകാലത്തു രക്തപ്രവാഹംകൂടാതെ നടത്തിയ ഭരണമാററത്തിന്നും ഇപ്പോൾ ഇററലിയിൽകാണുന്ന ഉണർച്ചക്കും കാരണഭൂതൻ ബനിറോ മുസോലിനിതന്നെയാണെന്നു ആക്കും സമ്മതിക്കാതിരിപ്പാൻ തരമില്ല. ലോകംമുഴുവൻ ഇന്നു ആ മഹാന്റെ പ്രവൃത്തികളെ തന്നെ സദാ സൂക്ഷിച്ചു നോ

ക്കിക്കൊണ്ടിരിക്കുന്നു. ഇററലിയുടെ ഉയൎച്ചക്കായി ആ പുണ്യഭൂമിയിൽ അവതരിച്ചതായ ഒരു ഉത്തമപുരുഷനായിട്ടാണു, പ്രതിഫലേഛകൂടാതേയും, കളങ്കരഹിതമായും, ജീവനെക്കൂടി ഗണ്യമാക്കാതേയും, സ്വരാജ്യത്തിനുവേണ്ടി അനവരതം പ്രയത്നിച്ചുപോരുന്ന ബനിറേറാ മുസോലിനിയെ കരുതേണ്ടതു്.

ശുഭം.

ST ALOYSIUS' ENGLISH HIGH SCHOOL

# ഗ്രന്ഥകൎത്താവിന്റെ മററു പുസ്തകങ്ങൾ.

1. **വിനായകസവൎക്കർ.** ബ്രിട്ടീഷ് ഗവൎമ്മേണ്ട് നിഗളശൃംഖലകളാൽ ബന്ധിക്കപ്പെട്ടു ബോംബെക്കടുത്ത രത്നഗിരി ജില്ലയിൽ ഇന്നും ജീവിതം നയിച്ചുപോരുന്ന ഈ യഥാൎത്ഥ സ്വദേശാഭിമാനിയുടെ ചരിത്രം സവിസ്തരം ഇതിലടങ്ങിയിരിക്കുന്നു. പണ്ഡിററ് ഷാംജി, ലാലാഹരിദ്ദയാൽ, സുരേന്ദ്രബാനൎജ്ജി, ബങ്കിം ചന്ദ്രപാൽ മുതലായി ഇന്ത്യാസ്വാതന്ത്ര്യത്തിന്നു തീവ്രയത്നം ചെയ്യുന്ന മററു പല മഹാന്മാരുടേയും ജീവചരിത്രത്തിന്റെ ഒരു സംക്ഷിപ്തരൂപവും ഇതിൽനിന്നു മനസ്സിലാക്കാം. വില പന്ത്രണ്ടണ.

2. **അംഗനാരഹസ്യം.** സ്ത്രീസ്വാതന്ത്ര്യത്തിന്നു മുറവിളികൂട്ടുന്നവരും, "നസ്ത്രീസ്വാതന്ത്ര്യമൎഹതി" എന്നു മുറുക്കെ പിടിക്കുന്നവരും വായിച്ചുനോക്കേണ്ട ഒരു ഉത്തമഗദ്യഗ്രന്ഥം. ലോകോല്പത്തിമുതൽ സ്ത്രീകളെ സംബന്ധിച്ചേടത്തോളം ഉള്ള വിവരണങ്ങൾ വിവിധഭാഷകളിലെഴുതിയിരിക്കുന്ന മററു പല ഗ്രന്ഥകാരന്മാരുടെ സിദ്ധാന്തങ്ങളോടു താരതമ്യപ്പെടുത്തി ഉദാഹരണസഹിതം ഇതിൽ എഴുതിയിരിക്കുന്നതിന്നുപുറമെ, കാമശാസ്ത്രസംബന്ധമായ പല ഗൂഢതത്വങ്ങളും ഇതിൽ ചേൎത്തിരിക്കുന്നു. വില ഉറുപ്പിക രണ്ടു.

3. **കാക്കരെക്കസ്സൂഠം.** മൈസൂർ വ്യാഘ്രം എന്ന പേരിനാൽ ഇന്നും കേരളീയരെ ഭയത്തെ ജനിപ്പിക്കുന്ന ടിപ്പുസുൽത്താന്റെ കാലത്തു നടന്ന ഒരു ചരിത്രകഥയാണിതു. അന്നത്തെ കേരളത്തിന്റേയും, അക്കാലത്തെ വീരയോദ്ധാക്കളായ നായന്മാരുടേയും യഥാൎത്ഥചിത്രത്തെ ഇതൊരാവൎത്തി വായിച്ചാൽ ആൎക്കും മനസ്സിലാക്കാവുന്നതാണ്.
വില എട്ടണ.

4. **വിധിവിലാസം. (അഥവാ മീനു)** മലയാളക്കരയിൽ അടുത്തകാലത്തു നടന്നിരിക്കുന്നവിധം കഥാപാത്രങ്ങളെ കല്പിച്ച് എഴുതപ്പെട്ടിരിക്കുന്നതാണ് ഈ സാമുദായികനോവൽ. ലളിതമായ ഭാഷ. ഒന്നാംപതിപ്പ് ഇതാ തീരാറായിരിക്കുന്നു.
വില 1—4—0

---

**രജനീരംഗം.** വിഷുക്കോട്ടം, അതികഠിനം, സ്വപ്നമോ, മായയോ, മന്മതിഭ്രാന്തിയോ.?, ഹിഫ് ഹിഫ് ഹുറേ, "നമുക്കു ഗാൎഹസ്ഥ്യവഴിക്കു നേടിടാം—വിമുക്തിയെക്കാളധികം മഹാസുഖം." എന്നീ അഞ്ചു ചെറുകഥകളാണിതിലടങ്ങിയിരിക്കുന്നതു്. സാഹിത്യകാരന്മാൎക്കു സുപരിചിതനും, നമ്പൂതിരിസമുദായത്തിന്റെ ശ്രേയസ്സിന്നക്ഷീണയത്നംചെയ്യുന്നാളും ആയ ശ്രീമാൻ വി. ടി. ഭട്ടതിരിപ്പാടാണ് ഗ്രന്ഥകൎത്താവ്. വിലയോ എട്ടണമാത്രം.

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

ഡാക്ടർ ടി. ആർ. കെ. പിഷാരോടി.

തൃശ്ശിവപേരൂർ.

1413

ബനിറോ

# മുസോലിനി.

ഡാക്ടർ ടി. ആർ. കെ. പിഷാരോടി.

Indic Digital Archive Foundation
gpura.org